39

Vol 3 Issue 4
June 2015
Published on 15 June
Price Rs. 15.00

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

# സത്യജ്വാല

മാസിക



'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
'അല്മായശബ്ദം' വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

**കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി**

**ജൂൺ 2015** | **പുസ്തകം 3** | **ലക്കം 4**



*രചനകൾ അയയ്ക്കാൻ :*
*എഡിറ്റർ*
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
സി.വി.സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188



*ബാങ്ക് :* S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.in

വെബ്സൈറ്റ്: www.almayasabdam.com


## ഈ ലക്കത്തിൽ


**സഭാമേലദ്ധ്യക്ഷന്മാരുടെ സാമൂഹികപ്രവർത്തനങ്ങൾ**
മുഖക്കുറി ........ 3

**കോട്ടയം രൂപതയിലെ വിവാഹപ്രശ്നവും കത്തോലിക്കാസഭയും**
ജോസഫ് പുലിക്കുന്നേൽ ........ 5

**മാർ അങ്ങാടിയത്തിന്റെ ഇടയലേഖനം വിരോധാഭാസം**
ജോയി ഒറവണക്കളം (യു.എസ്.എ.) ........ 9

**പാവം പാവം ഡോമിനിക് സാവിയോ**
ജയിംസ് ഐസക് കുടമാളൂർ ........ 10

**'ശുദ്ധരക്തവാദം നിയമവിരുദ്ധം'**
അഡ്വ. ഇന്ദുലേഖാ ജോസഫ് ........ 12

**'വിവാഹകാര്യങ്ങളിൽ രാജ്യത്ത് പൊതുനിയമം വേണം' – സുപ്രീം കോടതി**
........ 13

**സർക്കാരിനെ താഴെയിറക്കുവാൻ ലക്ഷ്യമിട്ടാണ് 'ഇൻഫാം' രൂപീകരിച്ചത്.**
റെജി ഞള്ളാനി (ഇൻഫാം, മുൻ ഇടുക്കിജില്ലാ സെക്രട്ടറി) ........ 14

**ചങ്ങനാശ്ശേരിയിൽ ക്രൂശിതനു ചവറ്റുകുഴി!**
ജയിംസ് ഐസക് കുടമാളൂർ ........ 15

**'പണപ്പെട്ടി' അൽമായരെ ഏല്പിക്കാൻ നിർദ്ദേശിച്ചുള്ള ഇടയലേഖനം വൈദികർ മുക്കി**
........ 16

**പഞ്ചതന്ത്രജ്ഞനായ പാപ്പായുടെ പാത പിന്തുടരുക**
ഇപ്പൻ ........ 17

**രക്തമാറ്റം സൃഷ്ടിച്ച പൊല്ലാപ്പ്!**
സി.കെ. പുന്നൻ ........ 19

**സഭയിലേയ്ക്കു മടങ്ങിയേക്കുമെന്ന് ക്യൂബൻ നേതാവ് റൗൾ കാസ്ട്രോ**
........ 20

**സഭയുടേത് അപ്പസ്തോലന്മാരുടെ ദൈവശാസ്ത്രവും ക്രിസ്റ്റോളജിയും**
റവ. ഡോ. സിപ്രിയൻ ഇല്ലിക്കമുറി OFM (Cap.) ........ 21

**ഞാൻ അറിഞ്ഞ യേശുവും ക്രിസ്തുവും**
'എസ്.ജെ. അനന്ത് ........ 26

**പള്ളിവികാരിയും സഹോദരനുംചേർന്ന് 30 ലക്ഷം തട്ടിയെന്നുപരാതി!**
........ 27

**വൈൻ ഉല്പാദനം കൂട്ടാൻ അപേക്ഷയുമായി കത്തോലിക്കാസഭ!**
രാജഗോപാൽ വാകത്താനം ........ 28

**ഇന്ദുലേഖ കൊടുത്ത മാനനഷ്ടക്കേസിൽ പി.സി. ജോർജ്ജിനു സമൻസ് !**
........ 29

**സിസ്റ്റർ ടീന – മറ്റൊരു ജോവാൻ ഓഫ് ആർക്ക്**
കെ. ജോർജ് ജോസഫ് ........ 30

**ഉച്ചഭാഷിണികൾ ആരാധനാലയങ്ങളുടെ പരിധിയിൽ നിർത്തണം**
........ 31

**'ഇഴഞ്ഞിട്ടാണെങ്കിലും മുമ്പോട്ടുതന്നെ നീങ്ങുക'**
– റവ. ഡോ. ജെയിംസ് ഗുരുദാസ് സി.എം.ഐ. ........ 32

**'സഭയെന്ന കുടുംബം നവീകരിച്ചാലേ ക്രൈസ്തവകുടുംബങ്ങൾ നവീകരിക്കപ്പെടൂ**
ഫാ. ഡേവീസ് കാച്ചപ്പിള്ളി ........ 33

**'പെണ്ണുങ്ങളില്ലാത്ത കൊറ വലിയ കൊറ'**
ഇപ്പൻ ........ 36



36


33

| സത്യജ്വാല മാസിക | | |
|---|---|---|
| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
| ഒറ്റപ്രതി | 15 രൂപാ | 70 രൂപാ |
| ഒരു വർഷം | 150 രൂപാ | 750 രൂപാ |
| 5 വർഷം | 600 രൂപാ | 3000 രൂപാ |

*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ജൂൺ 2015 പുസ്തകം 3 : ലക്കം 4

# സത്യജ്വാല

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).

## മുഖക്കുറി

# സഭാമേലദ്ധ്യക്ഷന്മാരുടെ സാമൂഹികപ്രവർത്തനങ്ങൾ

**ക**ത്തോലിക്കാമെത്രാന്മാരും വൈദികരും, സാമൂഹികസേവനരംഗത്തേക്കു കൂടുതലായി ഇറങ്ങുന്ന ഒരു കാലഘട്ടമാണിത്. ഉദാഹരണത്തിന്, ഇപ്പോഴിതാ പാലാ രൂപതയുടേതായി രൂപതാമെത്രാനും സഹായമെത്രാനും ചേർന്ന് വിപുലമായ പദ്ധതികളോടുകൂടി രൂപകല്പനചെയ്ത് ഒരു കർഷകബാങ്ക് ആരംഭിച്ചിരിക്കുന്നു! ഇത്തരം കാര്യങ്ങളെ സഭാംഗങ്ങൾ എങ്ങനെ നോക്കിക്കാണണം എന്നാലോചിക്കേണ്ടതുണ്ട്.

സാമൂഹികപ്രവർത്തനം എല്ലാവരുടെയും പൗരാവകാശമായിരിക്കെ, അച്ചനോ മെത്രാനോ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ എന്താണു പിശകെന്നും വിമർശിക്കാനെന്തിരിക്കുന്നെന്നും കരുതുന്നവരാണധികവും. എന്നുമാത്രമല്ല, മതമേലദ്ധ്യക്ഷന്മാർക്കു സമൂഹം കല്പിച്ചുനൽകിയിരിക്കുന്ന ഉന്നതസ്ഥാനവും സ്വാധീനശക്തിയും, അവരുടെ അധീനതയിലുള്ള വിപുലമായ സഭാസംവിധാനവുമെല്ലാം ഉപയോഗിച്ചുള്ള സാമൂഹിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകുമെന്നതുകൊണ്ട്, അവരുടെ ഈ മേഖലയിലേക്കുള്ള രംഗപ്രവേശം ഏറ്റം അഭികാമ്യമായിരിക്കും എന്ന ചിന്തയും വ്യാപകമായുണ്ട്. ഗവൺമെന്റുകളുടെ തെറ്റായ സാമ്പത്തിക-രാഷ്ട്രീയനയങ്ങളും ഉദ്യോഗസ്ഥദുഷ്പ്രഭുത്വവും എല്ലായിടത്തും നിറഞ്ഞു പരക്കുന്ന അഴിമതിയുംമൂലം നടുവൊടിഞ്ഞു നട്ടംതിരിയുന്ന സാമാന്യജനത്തെ സംബന്ധിച്ച് സഹായഹസ്തവുമായി ആരു വന്നാലും, ഒന്നുമാലോചിക്കാതെ കൈനീട്ടി സ്വീകരിക്കുമെന്നതാണവസ്ഥ.

സമൂഹസാഹചര്യവും സമൂഹമനസ്സും ഇങ്ങനെയായിരിക്കെ, മറിച്ചൊരു ചിന്തയ്ക്കെന്തു പ്രസക്തി എന്നു തോന്നാം. അതിനു തുനിഞ്ഞാൽ അത് അന്ധമായ പുരോഹിതവിരോധംകൊണ്ടാണെന്നും, ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും കൊതുകിന്റെ ചോരക്കൗതുകംപോലുള്ള ദോഷൈകദൃഷ്ടിയാണതിനു കാരണമെന്നും വിമർശനമുണ്ടായേക്കാം. എന്നിരുന്നാലും, ഇത്തരം സാഹചര്യത്തിൽ യേശു എന്തു പറഞ്ഞേനേ എന്ന് അവിടത്തെ വചനങ്ങൾ പരതി കണ്ടെത്തുവാനുള്ള ക്രൈസ്തവബാധ്യത യേശുശിഷ്യർ എന്നു സ്വയം കരുതുന്ന സഭാംഗങ്ങൾക്കില്ലേ? ഉണ്ടെന്നു 'സത്യജ്വാല' കരുതുന്നു.

മനുഷ്യന്റെ ഭൗതികപ്രശ്നങ്ങൾ ഭൗതികമായ തലത്തിൽ ശാശ്വതമായി പരിഹരിക്കാനാവില്ല എന്നാണ് യേശു പഠിപ്പിച്ചിട്ടുള്ളത്. അവിടുന്നു പറഞ്ഞു: **"നിങ്ങൾ ആദ്യം അവന്റെ രാജ്യവും അവന്റെ നീതിയും തേടുക. അങ്ങനെയെങ്കിൽ ഇവയൊക്കെയും** (ലൗകികക്ഷേമവും) **കൂടി നിങ്ങൾക്കു നൽകപ്പെടും"** (മത്താ. 6:33).

യേശുവിന്റെ ഈ മഹാവാക്യത്തെ ഉള്ളിലേക്കാവാഹിച്ചു മനനംചെയ്യുന്തോറും, ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ തുടരുകയും വർദ്ധമാനമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാന കാരണം നമുക്കു വ്യക്തമായിക്കൊണ്ടിരിക്കും. ആദ്യം ചെയ്യേണ്ട കാര്യം ആദ്യം ചെയ്യുന്നില്ല എന്നതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. വണ്ടിക്കു മുമ്പിൽ കുതിരയെ കെട്ടാത്തതുകൊണ്ടാണ് വണ്ടി നീങ്ങാതിരിക്കുന്നത്. ദൈവരാജ്യം തേടുകയെന്നതാണ്, ദൈവരാജ്യമൂല്യങ്ങൾ ആർജ്ജിക്കുകയെന്നതും വ്യവസ്ഥാപിക്കുകയെന്നതുമാണ്, ശരിയായ ഒരു സമൂഹസൃഷ്ടിക്ക് ആദ്യമേ ചെയ്യേണ്ടത്. അങ്ങനെ, സമൂഹത്തിന് ആദ്ധ്യാത്മികമായ ഒരു അടിത്തറ പണിയുകയെന്നതാണ് പ്രഥമകാര്യം. അല്ലാതുള്ള സാമൂഹികസംഘാടനവും സാമൂഹികപ്രവർത്തനങ്ങളുമെല്ലാം അസ്തിവാരമില്ലാതെ പണിയപ്പെടുന്ന കെട്ടിടംപോലെയായിരിക്കും; അവിടെയുമിവിടെയുമെല്ലാം

എപ്പോഴും മുട്ടുകൊടുത്ത് താങ്ങിനിർത്തേണ്ടിവരും.

ഈ മുട്ടുകൊടുക്കലാണ് ഇന്നത്തെ എല്ലാ സാമൂഹികപ്രവർത്തനങ്ങളും എന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ കാണാം. ഇളകിയാടുന്ന വീടിന്റെ ഓടും തൂണുമൊക്കെ വീണു പരുക്കു പറ്റുന്നവരെ ശുശ്രൂഷിക്കുന്നതാണ് ഇന്നത്തെ ജീവകാരുണ്യപ്രവർത്തനങ്ങൾ. ചിതലരിച്ച കഴുക്കോലും പട്ടികയുംമാറ്റി മേൽക്കൂട് സ്റ്റീൽ പൈപ്പുകൊണ്ടു പണിയുന്നതിനു സമാനമാണിന്നത്തെ വികസനപ്രവർത്തനങ്ങൾ. വീടിന്റെ അവസ്ഥകണ്ട് അമർഷംപൂണ്ട് ഉള്ള കെട്ടിടംകൂടി തല്ലിത്തകർക്കുന്നതാണിന്നത്തെ വിമോചന-വിപ്ലവപ്രവർത്തനങ്ങൾ.

ഇത്തരം ഉപരിപ്ലവമായ സാമൂഹികപ്രവർത്തനങ്ങളെയൊക്കെ അപ്രസക്തമാക്കുന്ന പുതിയൊരു സമൂഹസൃഷ്ടിക്കായി, ദൈവരാജ്യസൃഷ്ടിക്കായി, മുന്നിട്ടിറങ്ങാനാണ് യേശു ആഹ്വാനംചെയ്തത്. വെറുതെ ആഹ്വാനം ചെയ്യുകയായിരുന്നില്ല, 'ദൈവം ഏകനും സർവ്വമനുഷ്യരുടെയും പിതാവുമാണ്' എന്ന ദൈവദർശനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരെയും ദൈവമക്കളാക്കി ഉയർത്തിയും നേർസഹോദരങ്ങളാക്കി സാഹോദര്യബന്ധം സ്ഥാപിച്ചുമാണ് യേശു ദൈവരാജ്യസൃഷ്ടിക്കായുള്ള വിപ്ലവകാഹളം മുഴക്കിയത്.

ഈ സുവിശേഷകാഹളം ലോകമെങ്ങും മുഴക്കാനാണ് ശിഷ്യന്മാരോടവിടന്നു കല്പിച്ചത്. അവർക്കു സാധ്യമാകുന്നിടത്തൊക്കെ അവരതു നിർവ്വഹിക്കുകയും ചെയ്തു. അങ്ങനെ ചെയ്ത ഇടങ്ങളിലെല്ലാം സ്നേഹത്തിലും സാഹോദര്യബോധത്തിലും കൂട്ടായ്മാജീവിതത്തിലും അടിത്തറയിട്ട സ്നേഹസമൂഹങ്ങൾ ദൈവരാജ്യത്തിന്റെ ആദിമാതൃകകളായി രൂപപ്പെടുകയും ചെയ്തു. അവിടങ്ങളിൽ എല്ലാവരും ആഹ്ലാദചിത്തരായിരുന്നുവെന്നും ദരിദ്രരായി ആരുമുണ്ടായിരുന്നില്ലെന്നും നാം ബൈബിളിൽ വായിക്കുന്നു (അപ്പോ. പ്രവ. 2:42-47).

ഇതിനർത്ഥം, മനുഷ്യനിലെ ദൈവികത ഉണർത്തപ്പെട്ടാൽ, സർവ്വസാഹോദര്യഭാവത്തിലേക്കു മനുഷ്യൻ മാനസാന്തരപ്പെട്ടാൽ, ആ നിമിഷം സ്വർഗം ഭൂമിയിലേക്കു താണിറങ്ങിവരുമെന്നാണ്. ഇതു സ്വാഭാവികമായി സംഭവിക്കുന്നതാണ്; ദൈവം അത്ഭുതം പ്രവർത്തിച്ചു നൽകുന്നതൊന്നുമല്ല. സ്നേഹാധിഷ്ഠിതമായ ദൈവരാജ്യമൂല്യങ്ങളിലും നീതിബോധത്തിലും അസ്തിവാരമിട്ട ഒരു സമൂഹത്തിൽ എല്ലാവരും, സ്വാഭാവികമായി, തന്നെപ്പോലെതന്നെ മറ്റുള്ളവരെയും കാണുകയും കരുതുകയും ചെയ്യുന്നവരായിരിക്കും; മറ്റുള്ളവർ തങ്ങളോടു പെരുമാറണമെന്നാഗ്രഹിക്കുന്ന പ്രകാരംതന്നെ മറ്റുള്ളവരോടും പെരുമാറുന്നവരായിരിക്കും; യജമാനമനോഭാവത്തിനുപകരം സേവകമനോഭാവം ആർജ്ജിച്ചവരായിരിക്കും; ഉള്ളതൊന്നും സ്വന്തമെന്നു കരുതാതെ സന്തോഷപൂർവ്വം പങ്കുവയ്ക്കുന്നവരുമായിരിക്കും.... തന്മൂലം, യേശു പറഞ്ഞ പ്രകാരംതന്നെ, അവിടെ ആർക്കും ഒന്നിനും ഒരു മുട്ടും ഉണ്ടാകുന്നില്ല. കാരണം, ഭൂമിയെ അത്രമേൽ സമൃദ്ധമായാണ് പിതാവായ ദൈവം ഒരുക്കിവച്ചിരിക്കുന്നത്.

മറിച്ച്, 'ഞാൻ', 'എന്റേത്' എന്ന സ്വകാര്യമാത്രപരമായ മനോഭാവം പുലരുന്ന ഒരു സമൂഹത്തിൽ എത്രതന്നെ സമൃദ്ധിയുണ്ടായാലും പ്രശ്നങ്ങളും പരാധീനതകളും ഒന്നിനൊന്നു പൊട്ടിമുളയ്ക്കുകയും അവയെല്ലാം അധികരിക്കുകയുമല്ലാതെ പരിഹരിക്കപ്പെടുന്നില്ല; യുദ്ധങ്ങളും കലഹങ്ങളും കൂടുകയല്ലാതെ കുറയുന്നില്ല. അതിനുകാരണം, "നിങ്ങളുടെ അവയവങ്ങളിൽ പോരടിച്ചുനിൽക്കുന്ന ദുർമോഹങ്ങളാണ്'' (യാക്കോ. 4:1) എന്ന് യാക്കോബ് ശ്ലീഹാ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതായത്, ഓരോരുത്തരുടെയും സ്വകാര്യമോഹങ്ങൾതമ്മിൽ പോരടിക്കുന്നു എന്നതാണു പ്രശ്നം. സ്വന്തംകാര്യങ്ങളിൽ മാത്രമേ ശ്രദ്ധയുള്ളൂ എന്നതുകൊണ്ടാണല്ലോ പോരടിക്കേണ്ടി വരുന്നത്. സ്വകാര്യമാത്രപരമായ ഈ മനോഭാവംതന്നെയാണ് ഭൗതികത എന്ന് സൂക്ഷ്മവിശകലനത്തിൽ ആർക്കും മനസ്സിലാക്കാനാകും. ഈ ഭൗതികമനോഭാവം നിലനിർത്തിക്കൊണ്ട് മനുഷ്യൻ എത്രതന്നെ കരഞ്ഞു പ്രാർത്ഥിച്ചാലും അവിടെ ഒന്നും സംഭവിക്കുന്നില്ല. ദൈവത്തെ വിളിച്ചപേക്ഷിക്കുന്നതിനു പകരം, അവനവനിലെ ദൈവികതയെ വിളിച്ചുണർത്തി മറ്റുള്ളവരിലേക്കു മനസ്സിനെ വിടർത്തുകയാണ്, പരാർത്ഥതാഭാവത്തിലേക്കു മാനസാന്തരപ്പെടുത്തുകയാണു വേണ്ടത്. മറ്റൊരു സൂക്ഷ്മവിശകലനത്തിൽ ഈ പരാർത്ഥതാഭാവംതന്നെയാണ് ആദ്ധ്യാത്മികതയെന്നും മനസ്സിലാക്കാനാകും.

ഈ ആദ്ധ്യാത്മികതയാണ് ദൈവരാജ്യത്തിന്റെ അടിത്തറയെന്നും ആ ഉറച്ച പാറമേലാണ് തന്റെ സഭയെ കെട്ടിപ്പടുക്കേണ്ടതെന്നുമാണ് യേശു തന്റെ ശ്ലീഹന്മാർക്കു നൽകിയ മാർഗ്ഗോപദേശം. അല്ലാതെ, ലോകമെങ്ങുംപോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പള്ളിക്കൂടങ്ങളും ആശുപത്രികളും അനാഥമന്ദിരങ്ങളും കർഷകബാങ്കുകളും സ്ഥാപിക്കുവാനോ, ഓടിനടന്ന് സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെടാനോ ആയിരുന്നില്ല.

(ശേഷം പേജ് 7-ൽ വായിക്കുക)

# കോട്ടയം രൂപതയിലെ വിവാഹപ്രശ്നവും കത്തോലിക്കാസഭയും

**ജോസഫ് പുലിക്കുന്നേൽ**



*[1990 ഏപ്രിൽ ലക്കം 'ഓശാന'യിൽനിന്നുള്ള ലേഖനം. ഇതിൽ പരാമർശിക്കുന്ന ബിജു ഉതുപ്പ് കേസ്സിന്റെ പശ്ചാത്തലത്തിലാണ് 'ക്നാനായ കത്തോലിക്കാ നവീകരണസമിതി'യുടെ തുടക്കം]*

**കോട്ടയം** രൂപതയിൽപ്പെട്ട ബിജു ഉതുപ്പ് എന്ന യുവാവിന് അതേ രൂപതയിൽപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം കഴിക്കുന്നതിന് കോട്ടയം മെത്രാൻ വിവാഹക്കുറി നിഷേധിച്ചതു സംബന്ധിച്ച് ഒരു കേസ് കോട്ടയം മുൻസിഫ് കോടതയിൽ ഇന്നു നിലവിലുണ്ട്. കത്തോലിക്കരുടെ മനഃസാക്ഷിയെ ഞെട്ടിപ്പിക്കേണ്ടതാണ് ഈ പ്രശ്നം.

കോട്ടയം രൂപതാധികാരം ബിജു ഉതുപ്പിന് വിവാഹക്കുറി നിഷേധിക്കാനുണ്ടായ കാരണം, അദ്ദേഹത്തിന്റെ പിതാമഹൻ ലത്തീൻ റീത്തിൽപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു എന്നുള്ളതാണ്. ഈ വിവാഹം ക്നാനായ പള്ളിയിൽവച്ചുതന്നെയാണു നടത്തിക്കൊടുത്തത്. ബിജുവിന്റെ മാതാവ് ആ വിവാഹത്തിൽ ജനിച്ചതാണ്. പിതാമഹൻ ലത്തീൻ റീത്തിൽപ്പെട്ടതായതുകൊണ്ട് വരുംതലമുറകൾക്ക് രക്തശുദ്ധിയില്ല എന്ന വാദത്തിന്റെ അടിസ്ഥാനത്തിലാണ് മെത്രാൻ ബിജുവിന് ക്നാനായപ്പള്ളിയിൽ വിവാഹം നിഷേധിച്ചത്.

കോട്ടയം രൂപത ആഗോള കത്തോലിക്കാസഭയിലെ സീറോ-മലബാർ റീത്തിൽപ്പെട്ട ഒരു രൂപതയാണ്. ചങ്ങനാശ്ശേരി അതിരൂപതയിൽപ്പെട്ട ഒരു രൂപതയുമാണ്.

1911-ൽ 10-ാം പീയൂസ് മാർപാപ്പാ ക്നാനായക്കാർക്കായി കോട്ടയം രൂപത സ്ഥാപിക്കുകയുണ്ടായി. ക്നാനായക്കാർക്കുവേണ്ടിമാത്രം സ്ഥാപിക്കപ്പെട്ട ഈ രൂപതയിൽപ്പെട്ടവർ ക്നാനായ രക്തമുള്ളവർ മാത്രം ആയിരിക്കണമെന്ന് 10-ാം പീയൂസ് മാർപ്പാപ്പായുടെ കല്പനയിൽ ഒരിടത്തും കാണുന്നില്ല. ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ രക്തശുദ്ധി പാലിക്കുന്നതിനുവേണ്ടി രൂപതകൾ സ്ഥാപിച്ച പാരമ്പര്യം കത്തോലിക്കാസഭയിലില്ല. ആചാരപരവും അനുഷ്ഠാനപരവുമായി വ്യത്യസ്തതകളുള്ള ജനപദങ്ങൾക്കുവേണ്ടി വ്യത്യസ്തങ്ങളായ റീത്തുകൾ സഭയ്ക്കുള്ളിലുണ്ട്. കേരളത്തിൽത്തന്നെ മൂന്നു വിവിധ റീത്തുകൾ നിലവിലുണ്ട്: സീറോ-മലബാർ, സീറോ-മലങ്കര, ലത്തീൻ. ഈ റീത്തുകളിൽത്തന്നെ വ്യത്യസ്ത ജനസമുദായങ്ങളുമുണ്ട്. ഈ ജനസമൂഹങ്ങൾക്കായി രൂപതകൾ സ്ഥാപിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സീറോ-മലബാർ റീത്തിൽ ക്നാനായക്കാർക്കുള്ള രൂപതയും സീറോ-മലബാറുകാർക്കുള്ള രൂപതയും വ്യത്യസ്തങ്ങളാണ്. ചരിത്രപരവും വൈകാരികവുമായ കാരണങ്ങളാൽ വരാപ്പുഴ അതിരൂപത (ലത്തീൻ) അഞ്ഞൂറ്റിക്കാർ, എഴുന്നൂറ്റിക്കാർ എന്നു രണ്ടു വിഭാഗങ്ങളായി ഭാഗിച്ച് ആലപ്പുഴ രൂപതയും കൊച്ചി രൂപതയും നിലവിൽ വന്നിട്ടുണ്ട്. സീറോ-മലങ്കര റീത്ത്, യാക്കോബായ സഭയിൽനിന്നു പുനരൈക്യപ്പെട്ടവർക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ്. എന്നാൽ ഈ റീത്തിൽ നാടാർ സമുദായത്തിൽനിന്നും മാനസാന്തരപ്പെട്ട വലിയ ഒരു ജനവിഭാഗമുണ്ട്. തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ഒരു നാടാർ സമുദായാംഗമാണ്. ഈ പ്രത്യേക രൂപതകൾ സ്ഥാപിക്കുന്നത് സഭാംഗങ്ങളുടെ രക്തശുദ്ധി പരിരക്ഷിക്കുന്നതിനുവേണ്ടിയിട്ടല്ല. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായ മാർ ജോസഫ് പൗവ്വത്തിൽ ഈ അടുത്തയിടെ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: *"സഭകൾ സമുദായങ്ങളല്ല, ആദ്ധ്യാത്മികസമൂഹങ്ങളാണ്. അധികാരത്തിന്റെയും വംശബന്ധത്തിന്റെയും അടിസ്ഥാനത്തിൽ സഭകളെ കാണാൻ സാധിക്കില്ല. സഭകൾ ആദ്ധ്യാത്മികമായി ദൈവത്തിനു മുമ്പിൽ സന്ദേശം നൽകപ്പെടുകയും ആ സന്ദേശത്തിനു മറുപടി നൽകുകയും ചെയ്യുന്ന അരൂപിയിൽ ജനിക്കുന്ന സമൂഹമാണ്. അടിസ്ഥാനപരമായി സഭ ഒരു ലിറ്റർജിക്കൽ അസംബ്ലിയാണ്. നമ്മുടെ സഭ ആദ്ധ്യാത്മിക സമൂഹമാണ്. കേവലം സാമുദായികമായി മാറ്റിനിർത്തുവാൻ നമുക്കു സാദ്ധ്യമല്ല"* (സത്യ

ദീപം 17-1-1990).

കോട്ടയം രൂപത കേവലം ഒരു ആദ്ധ്യാത്മിക സമൂഹം മാത്രമാണ്. അത് ഒരു സമുദായമല്ല. ഒരു പ്രത്യേക സമുദായത്തിന്റെ വംശശുദ്ധി നിലനിർത്തുന്നതിനുവേണ്ടി കൂദാശകളെ ഉപയോഗിക്കാം എന്നുവരുന്നത് സഭയുടെ പഠനങ്ങൾക്കു തന്നെ വിരുദ്ധമാണ്.

ഒരു സമുദായമെന്ന നിലയിൽ ക്നാനായക്കാർക്ക് അവരുടെ വംശശുദ്ധി നിലനിർത്തുന്നതിന് സ്വയം തീരുമാനിച്ചു പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. പക്ഷേ, ദൈവത്തിന്റെ സഭയ്ക്ക് ഗ്രീക്കുകാരനെന്നോ യഹൂദനെന്നോ ക്നാനായക്കാരനെന്നോ ഉള്ള വിഭാഗീയചിന്ത ഉണ്ടാകുവാൻ പാടില്ല. ക്നാനായക്കാരുടെ രക്തശുദ്ധി നിലനിർത്തുന്നതിനുവേണ്ടി രൂപതയുടെ ഭരണാധികാരത്തെ ഉപയോഗിക്കുന്നത് സഭ ദൈവജനമാണെന്ന അടിസ്ഥാനകാഴ്ചപ്പാടിനോടുള്ള ഒരു വെല്ലുവിളിയാണ്. പൗരസ്ത്യകാനോൻനിയമം അനുസരിച്ച്, ഇതര റീത്തിൽനിന്ന് ഒരു സ്ത്രീ മറ്റൊരു റീത്തിലേക്കു വിവാഹിതയായാൽ, ആ സ്ത്രീ ഭർത്താവിന്റെ റീത്തിൽ സ്വയം അംഗമായിത്തീരും. ആ നിയമം അനുസരിച്ച് ലത്തീൻ റീത്തിൽനിന്ന് ഒരു സ്ത്രീ സീറോ-മലബാർ റീത്തിലേക്കു വിവാഹം ചെയ്യപ്പെട്ടാൽ, അവൾ ഭർത്താവ് ഏതു റീത്തിലും ഇടവകയിലുംപെട്ടിരിക്കുന്നുവോ, ആ റീത്തിലും ഇടവകയിലും രൂപതയിലും അംഗമായിരിക്കും. കാനോൻ നിയമത്തിലെ ഈ വകുപ്പ് ലംഘിക്കാൻ കോട്ടയം മെത്രാന് അവകാശമില്ല.

ഓരോ മെത്രാന്റെയും പുരോഹിതന്റെയും വിശ്വാസിയുടെയും കടമ ലോകമെങ്ങുംപോയി സർവ്വ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്നതും എല്ലാ ജനതകളെയും ശിഷ്യന്മാരാക്കി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് സ്നാപനം നൽകുകയും ചെയ്യുക എന്നതുമാണ് (മത്താ. 28:18-19; ലൂക്കാ 24:44-49). അങ്ങനെ സ്നാപനം ചെയ്യുന്ന വിശ്വാസികളുടെ രക്തശുദ്ധി പരിരക്ഷിക്കാൻ സഭയ്ക്ക് ഒരു കടമയുമില്ല. ആദിമസഭയിലെ പ്രാഥമിക അംഗങ്ങൾ എബ്രായരായിരുന്നു. പെന്തക്കുസ്താദിവസം വിവിധ ജനപദങ്ങളിൽപെട്ടവർ പത്രോസിന്റെ പ്രസംഗംകേട്ടു വിശ്വസിച്ച് ഒരു സമൂഹമായി (അപ്പോ. പ്രവ. 2:44). രക്ഷ പ്രാപിക്കുന്നവരെ ദിനംപ്രതി കർത്താവ് അവരുടെ കൂട്ടത്തിലേക്കു ചേർത്തുകൊണ്ടിരുന്നു (അപ്പോ.പ്രവ. 2:47). അവരുടെ രക്തവും വംശവും ഒന്നും പരിരക്ഷിക്കലായിരുന്നില്ല സഭയുടെ കടമ.

**മറ്റൊരു പ്രശ്നം**

ഇന്ന് കോട്ടയം രൂപതാദ്ധ്യക്ഷൻ പറയുന്നത് ബിജുവിന്റെ പിതാമഹൻ ലത്തീൻ റീത്തിൽപ്പെട്ട ഭാര്യയെ സ്വീകരിച്ചതിനാൽ അദ്ദേഹം അക്കാരണത്താൽതന്നെ കോട്ടയം രൂപതയിൽനിന്നു പുറത്തായി എന്നാണ്. അങ്ങനെ പുറത്താകുന്നയാൾ എങ്ങോട്ടുപോകണം? ലത്തീൻ റീത്തിലേക്കോ? ലത്തീൻകാർക്കുമില്ലേ ഈ രക്തശുദ്ധി? ക്നാനായക്കാരുടെ രക്തംകൊണ്ട് തങ്ങളുടെ രൂപതാംഗങ്ങളെയും അശുദ്ധമാക്കാൻ അവർ അനുവദിക്കുന്നില്ലെങ്കിലോ? അപ്പോൾ മിശ്രവിവാഹിതർക്കുവേണ്ടി പ്രത്യേകം രൂപതതന്നെ സ്ഥാപിക്കേണ്ടിവരില്ലേ? ക്നാനായക്കാരുടെ രക്തശുദ്ധി സംരക്ഷിക്കുന്നതിനുവേണ്ടി പുറന്തള്ളപ്പെട്ടവരുടെ ചവറ്റുകൊട്ടയാകാൻ ഇതര രൂപതക്കാർ എന്തിനു തയ്യാറാകണം?

**ആരു തീരുമാനിക്കണം?**

ഈ പ്രശ്നം തീരുമാനിക്കേണ്ടത് മാർപ്പാപ്പയാണ്. കോടതിയോ മെത്രാനോ ആണെന്നു തോന്നുന്നില്ല. ക്നാനായ രൂപത സ്ഥാപിച്ചത് ക്നാനായക്കാരുടെ രക്തശുദ്ധി സംരക്ഷിക്കാനാണോ എന്ന് ആ രൂപത സ്ഥാപിച്ച മാർപ്പാപ്പയാണ് തീരുമാനിക്കേണ്ടത്.

**രക്തം പരിശോധിക്കണം**

രക്തശുദ്ധി നിലനിർത്തുന്നതിനാണ് ഈ രൂപത സ്ഥാപിച്ചതെങ്കിൽ കുന്നശ്ശേരി മെത്രാനുൾപ്പെടെയുള്ള എല്ലാ പുരോഹിതന്മാരുടെയും എം.സി. എബ്രഹാം ഉൾപ്പെടെയുള്ള എല്ലാ നേതാക്കന്മാരുടെയും രക്തം പരിശോധിക്കേണ്ടതാണ്. കാരണം 15 നൂറ്റാണ്ടുകാലമായി ക്നാനായക്കാർ ഈ സമൂഹത്തിൽ ജീവിക്കുന്നു. അവരുടെയെല്ലാം രക്തം ശുദ്ധമാണെന്നാർക്കു പറയാൻ കഴിയും? രണ്ടു തലമുറ കഴിഞ്ഞതിനുശേഷം രക്തം പരിശോധിക്കണം എന്നു വാദിക്കുന്നവർ തങ്ങളുടെതന്നെ രക്തം ആദ്യമായി പരിശോധിക്കണം.

കോട്ടയം രൂപതാദ്ധ്യക്ഷന്റെ നിലപാട് കത്തോലിക്കാസഭയുടെ സനാതനമായ പഠനത്തിന് യോജിച്ചതാണോ എന്ന തീരുമാനം പരിശുദ്ധ സിംഹാസനം കഴിയുന്നതുംവേഗം എടുക്കേണ്ടിയിരിക്കുന്നു. നാളെ കൽദായ ഭ്രാന്തന്മാരായ സീറോ-മലബാർ രൂപതാദ്ധ്യക്ഷന്മാർ രക്തപരിശോധന ആരംഭിച്ചേക്കാം. സീറോ-മലബാറുകാരും ലത്തീൻകാരുമായ മെത്രാന്മാർ രക്തപരിശോധന വിവാഹത്തിനു നിർബന്ധമായ ഒരു ഘടകമാക്കിയേക്കാം. ഇതിന്റെയെല്ലാം യാതന അനുഭവിക്കേണ്ടവർ ഇന്നാട്ടിലെ പാവപ്പെട്ട അൽമായരാണ്. കേരളത്തിലെ മെത്രാന്മാരുടെ സമിതികൂടി ഇക്കാര്യം വിശദമായ ഒരു തീരുമാനത്തിനായി റോമിലേക്ക് അയയ്ക്കണമെന്നും അഭ്യർത്ഥിക്കേണ്ടിയിരിക്കുന്നു.

*ഫോൺ: 94471962[redacted]* ■

*(മുഖക്കുറി-തുടർച്ച)*

അതുകൊണ്ടാണ്, ഒരു തരത്തിലുമുള്ള സാമൂഹികസേവനപ്രവർത്തനങ്ങളിലും അപ്പോസ്തലന്മാർ ഇടപെടുന്നതായി നാം കാണാത്തത്. വിശ്വാസികളുടെ ഭാഗത്തുനിന്നും അതിനായി ആവശ്യമുയർന്നപ്പോഴും, അവരതിനു തയ്യാറാകാതെ പിന്മാറുകയാണുണ്ടായത് (അപ്പോ. പ്രവ. 6:1–4) എന്നോർക്കുക. കാരണം, അവർ അത്തരം കാര്യങ്ങളിൽ വ്യാപൃതരായാൽ, സമൂഹത്തിൽ നിരന്തരം നടക്കേണ്ട സുവിശേഷപ്രബോധനം നടക്കാതെ പോവുകയും സമൂഹത്തിന്റെ ആദ്ധ്യാത്മികാടിത്തറ ദുർബലമാകുകയും ചെയ്യും എന്ന ബോധം അവർക്കുണ്ടായിരുന്നു. ശരീരത്തിന്റെ ഓരോ കോശത്തിലും ഓക്സിജനെത്തിച്ചുകൊടുക്കുന്ന മസ്തിഷ്കത്തിന്റെയും നാഡീവ്യൂഹത്തിന്റെയും ശ്വാസകോശത്തിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനങ്ങൾ നിരന്തരം നടക്കേണ്ടതുണ്ട് എന്നതുപോലെതന്നെ, സദാസമയവും നടക്കേണ്ടതാണ് ആദ്ധ്യാത്മികപ്രബോധനവും ബന്ധപ്പെട്ട ശുശ്രൂഷകളും. ഓക്സിജൻ കിട്ടായതാൽ കോശങ്ങൾ തമ്മിലുള്ള ഏകോപനമില്ലാതാകുകയും ഓരോ കോശവും സ്വന്തം നിലയിൽ ജീവൻ നിലനിർത്താനുള്ള തത്രപ്പാടിലേക്കു തിരിയുകയും നശിച്ചുപോകുകയും ചെയ്യുന്നതുപോലെ, ആദ്ധ്യാത്മികമായ ജീവശ്വാസം അപ്പപ്പോൾ കിട്ടാതെവന്നാൽ, ഓരോ മനുഷ്യനും അവനവൻകേന്ദ്രീകൃതനാവുകയും വിശ്വമാനവികതയിൽനിന്ന് സ്വകാര്യമാത്രപരതയിലേക്കു ചുരുങ്ങിക്കൂടുകയും സമൂഹഗാത്രത്തിന്റെ ഏകോപനം ശിഥിലമാകുകയും സമൂഹം ജീവനില്ലാത്തതാകുകയും ചെയ്യും; ഓരോരുത്തരും പരസ്പരം അന്യരാകുകയും കൈയൂക്കുള്ളവർ കാര്യക്കാരാകുന്ന മാത്സര്യത്തിന്റെയും ശത്രുതയുടെയുമായ തലതിരിഞ്ഞ കാടൻവ്യവസ്ഥിതി ഉടലെടുക്കുകയും ചെയ്യും. ഇതെല്ലാം മുൻകൂട്ടി കാണാനുള്ള ക്രാന്തദർശിത്വമുണ്ടായിരുന്നതുകൊണ്ടാണ്, പത്രോസുൾപ്പെടുന്ന 12 ശ്ലീഹന്മാരും ഏകസ്വരത്തിൽ, തങ്ങൾ തങ്ങളുടെ സുവിശേഷദൗത്യം അവഗണിച്ച് മറ്റു കാര്യങ്ങളിൽ ഇടപെടുന്നതു ശരിയാവില്ലെന്നും, മുഴുവൻ സമയവും പ്രാർത്ഥനയിലും വചനശുശ്രൂഷയിലും വ്യാപൃതരാകേണ്ടവരാണു തങ്ങളെന്നും, ലൗകികകാര്യങ്ങളുടെ കൈകാര്യകർത്തൃത്വത്തിന് സഭാസമൂഹത്തിൽനിന്നു ആദ്ധ്യാത്മികാവബോധമുള്ളവരെ തിരഞ്ഞെടുക്കുകയാണു വേണ്ടതെന്നും അഭിപ്രായപ്പെട്ടത്.

അപ്പോസ്തലനിർദ്ദേശിതമായ ഈ മാർഗ്ഗനിർദ്ദേശത്തിൽനിന്ന് അവരുടെ പിൻഗാമികൾ വ്യതിചലിച്ചതാണ്, ആദ്ധ്യാത്മികചാര്യത്വത്തിൽനിന്ന് അധികാരപൗരോഹിത്യത്തിലേക്ക് അവർ വഴുതിമാറിയതാണ്, സഭാഗാത്രത്തിൽ ശ്വാസകോശവും ഹൃദയവുമായി വർത്തിച്ച് ആദ്ധ്യാത്മികതയുടെ ജീവശ്വാസം ഓരോ മനുഷ്യനിലും എത്തിക്കുകയെന്ന പ്രാഥമികകർത്തവ്യത്തിൽനിന്ന് അവർ പിന്മാറിയതാണ് ലോകമിന്ന് പ്രശ്നകലുഷിതവും പ്രതിസന്ധികൾ നിറഞ്ഞ് സ്ഫോടനാത്മകവും ആയിരിക്കുന്നതിനു കാരണം. പിശാചിന്റെ പരീക്ഷണങ്ങളെയും പ്രലോഭനങ്ങളെയും യേശു അതിജീവിച്ചെങ്കിൽ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ പ്രലോഭനങ്ങളിൽ വീണുപോകുകയായിരുന്നു, 4-ാം നൂറ്റാണ്ടിലെ സഭാനേതൃത്വം. തുടർന്നങ്ങോട്ട്, ആദ്ധ്യാത്മികപ്രബോധനം കൈവിട്ട് ക്രിസ്തുവിന്റെ പേരിൽ ഒരു ക്രൈസ്തവസാമ്രാജ്യസ്ഥാപനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിലായി സഭാധികൃതരുടെ ശ്രദ്ധ. ആദ്യം യൂറോപ്യൻ രാജ്യങ്ങളെ ‘ക്രൈസ്തവ’മാക്കി. തുടർന്ന് അവർ, ലോകത്തിലെ മുഴുവൻ ജനതകളെയും ‘ക്രൈസ്തവ’ യൂറോപ്പിന്റെ അടിമക്കോളനികളാക്കി. അതിന്റെ തുടർച്ചയായി ഇന്ന്, യൂറോ-അമേരിക്കൻ ‘ക്രൈസ്തവ’രാഷ്ട്രങ്ങൾ തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ കൈയൂക്കിന്റെ അടിസ്ഥാനത്തിൽ, തങ്ങൾക്കു മേൽക്കൈ ഉള്ള ഒരു ചന്തവ്യവസ്ഥിതിതന്നെ ലോകമാകെ അടിച്ചേല്പിച്ചിരിക്കുന്നു. ചന്തയിൽ ന്യായാധിപൻ പണമാണ്. ലാഭമാണവിടെ വിജയ മാനദണ്ഡം. ചൂഷണമാണതിനു മാർഗ്ഗം. ചുരുക്കത്തിൽ, കച്ചവടമൂല്യമാണവിടെ മനുഷ്യമനസ്സുകളിൽ ഉദ്ദീപിപ്പിക്കപ്പെടുന്നത്. അതായത്, ആദിമസഭ മനുഷ്യഹൃദയങ്ങളിലുൽപ്പാദിപ്പിച്ച മാനുഷികമൂല്യങ്ങളിൽനിന്ന് മനുഷ്യരെ കച്ചവടമൂല്യങ്ങളിലേക്കു പരിവർത്തിപ്പിക്കുകയായിരുന്നു, പാശ്ചാത്യക്രിസ്തുമതം നൂറ്റാണ്ടുകളായി. ഇതിനർത്ഥം, സഭ മാമോന് ദൈവികപരിവേഷം നൽകി മനുഷ്യരറിയാതെ അവരെ ദൈവത്തിൽനിന്നു മാമോനിലേക്കു നയിക്കുകയായിരുന്നു എന്നാണ്; ദൈവരാജ്യത്തിന്റെ പേരുംപറഞ്ഞ് ഒരു മാമോൻരാജ്യം സ്ഥാപിക്കുകയായിരുന്നു എന്നാണ്..... സഭാധികൃതർ ആദ്ധ്യാത്മികപ്രബോധനംവിട്ട് സാമൂഹികശാക്തീകരണപ്രവർത്തനങ്ങൾക്കിറങ്ങിയാൽ എന്തു സംഭവിക്കും എന്നതിന്റെ ആഗോളതല ഉദാഹരണമാണിത്.

സൂക്ഷ്മമായി നിരീക്ഷിച്ചാൽ, വ്യവസ്ഥാപിത-സംഘടിതമതങ്ങളിലൊന്നിൽപ്പോലും ഇന്ന് ആദ്ധ്യാത്മികപ്രവർത്തനം നടക്കുന്നില്ല എന്നു കാണാം. അവയെല്ലാം വിജയത്തിന്റെയും പ്രതാപത്തിന്റെയും മുടിചൂടിനിൽക്കുന്ന ക്രിസ്തുമ

മുഖചിത്രത്തെപ്പറ്റി

# യുവാവായ യേശു!



കുരിശിൽ തറയ്ക്കപ്പെടുമ്പോൾ യേശുവിന് വെറും 33 വയസ്സ്! ഈ യുവാവിന്റെ മുഖം ചരിത്രത്തിലെങ്ങും സ്ഥാനം പിടിച്ചിട്ടില്ല. സഭ ഔദ്യോഗികമായി അംഗീകരിച്ച മുഖത്തിനുപോലും അറുപതു വയസ്സായിരുന്നു. പിന്നീട്, ചില സിനിമാതാരങ്ങളുടെ മുഖമായിരുന്നു യേശുവിന്. യുവാവായ യേശുവിന്റെ മുഖം തമസ്കരിക്കപ്പെട്ടു. എന്തിനുവേണ്ടി?

യുവാവായ യേശുവിനെ ചിത്രീകരിക്കാനുള്ള വെല്ലുവിളി ഏറ്റെടുത്തത് ആർട്ടിസ്റ്റ് **പ്രഭ പാലാ**യാണ്. പ്രതിഭയും ഒറിജിനാലിറ്റിയും ആവിഷ്കാര ഭംഗിയുംകൊണ്ട് കേരളചിത്രകലാലോകത്ത് അര നൂറ്റാണ്ടുകാലമായി ശ്രദ്ധിക്കപ്പെടുന്ന പ്രഭ പാലാ പേരെടുത്ത നാടകകൃത്തും കവിയും കഥാകൃത്തും ചിത്രകലാചരിത്രകാരനുമാണ്. തന്റെ യേശുചിത്രത്തെപ്പറ്റി അദ്ദേഹത്തിന്റെ വാക്കുകളിൽ:



"വരയ്ക്കാൻ മോഡലുണ്ടായിരുന്നില്ല. അതുകൊണ്ട് ചരിത്രത്തിലുള്ള ഒരേയൊരു മോഡലായ 'ടൂറിനിലെ ശവക്കച്ച'യിൽനിന്നാണ് യേശുവിന്റെ മുഖം രൂപപ്പെടുത്തിയത്. വരയ്ക്കുമ്പോൾ യേശുവിന്റെ പ്രായം മാത്രമായിരുന്നില്ല വെല്ലുവിളി. കണ്ണുകളിൽ ആത്മജ്ഞാനത്തിന്റെയും കരുണയുടെയും ഭാവങ്ങൾ ജ്വലിക്കണം. ഒരു മിസ്റ്റിക് ഭാവത്തിനുവേണ്ടിയാണ് ഇരുണ്ട പശ്ചാത്തലത്തിൽ, മുഖത്തിന്റെ പകുതി ഭാഗത്ത് പ്രകാശം വീഴ്ത്തിയത്. അകലെയെങ്ങോ നിന്നെത്തുന്ന വെളിച്ചത്തിൽ, ഇരുളിൽ തെളിയുന്ന ഒരു മുഖം...."

**പ്രഭ പാലാ. ഫോൺ: 9947592019**

---

തത്തെ അനുകരിച്ചും അതിനോടു മത്സരിച്ചും ഭൗതികമായി വളരാനുള്ള വ്യഗ്രതയിൽ മാമോൻമതങ്ങൾ തന്നെയായി പരിണമിച്ചുകഴിഞ്ഞു. തന്മൂലം, പരസ്പരം പോരടിക്കുന്ന വിഭാഗീയസമുദായക്കൂട്ടങ്ങളായി മനുഷ്യരും മാറിക്കഴിഞ്ഞു. മതം എന്നതിന്റെ അർത്ഥം ദർശനം എന്നതിൽനിന്ന് സമുദായം എന്നും, മതപ്രവർത്തനത്തിനുണ്ടായിരുന്ന ആത്മീയപ്രബോധനം എന്ന അർത്ഥം സമുദായപ്രവർത്തനമെന്നും മാറിക്കഴിഞ്ഞു. ഈ അർത്ഥലോപത്തിന്റെ മൂർദ്ധന്യത്തിലാണ് ഇന്ന് കത്തോലിക്കാസഭ എന്നു പറയാനാകും. അതുകൊണ്ടാണ്,കത്തോലിക്കാസമുദായത്തിന്റെ അനിഷേധ്യനേതാക്കളാണു തങ്ങളെന്ന് സഭാമേലദ്ധ്യക്ഷന്മാർ സ്വയം കരുതുന്നതും, തങ്ങളുടെ നേതൃത്വം മതസംവിധാനത്തിലൂടെ ഒരു ഉളുപ്പുമില്ലാതെ സമുദായത്തിന്റെമേൽ അവർ അടിച്ചേല്പിക്കുന്നതും.

ഏതൊരു സമൂഹത്തിന്റെയും സുസ്ഥിതിക്ക്, ആദ്ധ്യാത്മിക - ധാർമ്മികപ്രബോധകർ എക്കാലവും മാർഗ്ഗദർശികളായി, ഗുരുക്കന്മാരായി ഉണ്ടാകേണ്ടതുണ്ട്. എങ്കിൽമാത്രമേ, മൂല്യോൽപാദനം നടക്കൂ. അപ്പോൾ മാത്രമേ മനുഷ്യർ സാംസ്കാരികമായി ഉയരൂ. സാമൂഹിക-രാഷ്ട്രീയപ്രവർത്തനങ്ങൾ നടക്കേണ്ടത് ഈ സാംസ്കാരികാടിത്തറയിലാണ്. അപ്പോൾ ആ പ്രവർത്തനങ്ങളും മൂല്യാധിഷ്ഠിതമാകും. സ്വാഭാവികമായും അവിടെ ഭൗതികമായ അഭ്യുന്നതിയും ഉണ്ടാകും. ഭൗതികമായ ഉയർച്ച ആഗ്രഹിക്കുന്നെങ്കിൽ, ആ തലത്തിൽക്കിടന്ന് അലമുറയിടാതെ, ആദ്യം അതിനാവശ്യമായ ആദ്ധ്യാത്മികാടിത്തറ പണിയൂ എന്നാണ് യേശു പഠിപ്പിക്കുന്നത്.

ഇനി ആലോചിക്കുക, യേശുവോ യേശുവിന്റെ അപ്പോസ്തലന്മാരോ ഇന്നത്തെ നമ്മുടെ മെത്രാന്മാരുടെ സാമൂഹിക-രാഷ്ട്രീയരംഗങ്ങളിലേക്കുള്ള ചാടിക്കയറ്റത്തെ അംഗീകരിക്കുമായിരുന്നോ? ജനങ്ങളെ ആത്മീയതയിലേക്കു നയിക്കുക എന്ന അവരിലർപ്പിതമായിരിക്കുന്ന മഹത്തായ കടമ നിർവ്വഹണത്തോടു വിശ്വസ്തത കാണിക്കാതെ അതിൽനിന്നു വ്യതിചലിക്കുകയും സമൂഹത്തി ന്റെമേൽ തങ്ങളുടെ ഭൗതികനേതൃത്വം മതപര മായി അടിച്ചേല്പിക്കുകയും ചെയ്യുന്നതിനെതിരെ യേശുവിന്റെയും അപ്പോസ്തലന്മാരുടെയും ശകാരം അവർ ഏറ്റുവാങ്ങേണ്ടിവരുമായിരു ന്നില്ലേ? സഭയെ മൈക്രോഫൈനാൻസിംഗിനും ബാങ്കു നടത്തിപ്പിനും ബിസിനസിനുംമറ്റുമുള്ള കേന്ദ്രങ്ങളാക്കുന്നതിനെതിരെ യേശു ചാട്ടവാർ വീശുമായിരുന്നില്ലേ.....?

യേശുവും അപ്പോസ്തലരും എതിർക്കുമായിരുന്ന കാര്യങ്ങളെ സഭാംഗങ്ങൾ പിന്തുണയ്ക്കുന്നതു ശരിയോ....?

**-എഡിറ്റർ**



# മാർ അങ്ങാടിയത്തിന്റെ ഇടയലേഖനം വിരോധാഭാസം

**ജോയി ഒറവണക്കളം (യു.എസ്.എ.)**

സത്യജ്വാല ക്നാനായ ശുദ്ധരക്തപ്രശ്നം - സ്പെഷ്യൽ പതിപ്പ്' (മെയ് - 2015) ശ്രദ്ധേയമായി. അതിൽത്തന്നെ ഡോ. ജയിംസ് കോട്ടൂർ എഴുതിയിരുന്ന 'ക്രൈസ്തവകുടുംബങ്ങളെ തകർക്കുന്ന ശുദ്ധരക്തമൃതിവൈറസ് വാണിഭക്കാർ' എന്ന ലേഖനം അതീവശ്രദ്ധ ആകർഷിക്കുന്നു. അതിൽക്കൊടുത്തിട്ടുള്ള, ബിഷപ് ജേക്കബ് അങ്ങാടിയത്തിന്റെ, 'ബഹുമാന്യ അച്ചന്മാരേ, ക്നാനായ വിശ്വാസികളേ' എന്നാരംഭിക്കുന്ന, കുടുംബങ്ങളെ ഭിന്നിപ്പിച്ചുകൊണ്ടിറക്കിയ കത്ത് ക്രിസ്തുവിശ്വാസികളായ ആരെയും ഞെട്ടിപ്പിക്കാൻപോന്നതാണ്. ഇതേ കാലയളവിൽത്തന്നെ, 2015 ഒക്ടോബറിൽ റോമിൽ തുടങ്ങുന്ന സിനഡിന്റെയും, ഈ വർഷം കത്തോലിക്കാസഭ മുഴുവനും 'കുടുംബവർഷ'മായി ആചരിക്കുന്നതിന്റെയും ഭാഗമായി, ഇതേ അങ്ങാടിയത്ത് മറ്റൊരു ഇടയലേഖനമിറക്കിയിരുന്നു. അതിൽ, 'ദൈവം മെനഞ്ഞെടുത്ത ഭൂമിയിലെ സ്വർഗ്ഗമാണു കുടുംബം' എന്നാണ ദ്ദേഹം എഴുതിയിരുന്നത്. എന്തൊരു വൈരുദ്ധ്യം!

കുടുംബത്തെക്കുറിച്ചും വിവാഹബന്ധത്തെക്കുറിച്ചും യേശു ഇപ്രകാരം പറയുന്നു: "സൃഷ്ടിയുടെ ആരംഭംമുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷൻ പിതാവിനേയും മാതാവിനേയും വിടുകയും, അവർ ഇരുവരും ഒരു ശരീരമായി തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (മർക്കോ. 10:6-9). യേശുവിന്റെ കല്പന ധിക്കരിച്ച് പൈശാചികപ്രേരണയാൽ മാർ അങ്ങാടിയത്ത് എഴുതിയ കത്ത് വ്യാപകമായ പ്രതിഷേധങ്ങൾ ഉയർത്തിയിട്ടും അസാധുവാക്കിയതായി ഒരറിവും ഇല്ല. കുടുംബങ്ങളെ ഭിന്നിപ്പിച്ചുകൊണ്ടുള്ള ടി കല്പന നിലനിൽക്കേ, കുടുംബവാർഷികാചരണം നടത്തുവാൻ ഇടയലേഖനമിറക്കി ഘോരഘോരം പ്രസംഗിക്കുന്നത് വിരോധാഭാസവും കാപട്യവും ആണെന്നുള്ള സത്യം വിശ്വാസികൾ അറിയുകതന്നെ വേണം.

'ദൈവം മെനഞ്ഞെടുത്ത ഭൂമിയിലെ സ്വർഗ്ഗമാണ് കുടുംബം' എന്നു വിശേഷിപ്പിച്ചുകൊണ്ടുള്ള ഇടയലേഖനത്തിൽത്തന്നെ, ഏദൻതോട്ടത്തിൽ ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യപൂർണ്ണമായ ജീവിതത്തെ നശിപ്പിച്ച പൈശാചിക ശക്തി നമ്മുടെ കുടുംബങ്ങളെയും ദൈവത്തിൽനിന്ന് അകറ്റാനായി സദാ പരിശ്രമിക്കുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ട്. ഈ പിശാചാവാം മാർ അങ്ങാടിയത്തിലൂടെ ഇന്ന് കുടുംബങ്ങളെ ശിഥിലീകരിക്കുന്നത്.

സഭയെന്ന നിലയിൽ ക്രിസ്തുവിന്റെ പ്രേഷിതദൗത്യം നടപ്പിലാക്കാൻ വിസമ്മതിക്കുന്ന യാഥാസ്ഥിതികർ നയിക്കുന്ന കത്തോലിക്കാരൂപതകൾ സഭയ്ക്കുള്ളിൽത്തന്നെ ഉണ്ട്. അതിലൊന്നായിരിക്കുന്നു, ചിക്കാഗോ സീറോ-മലബാർ രൂപതയും എന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു.

> **ദൈവജനത്തിന്റെ അജപാലകനെന്ന നിലയിൽ, ദൈവം തന്നിൽ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തെ പ്രവാചകധൈര്യത്തോടുകൂടി പരിപാലിക്കുക എന്നുള്ളതാണ് ഒരു മെത്രാന്റെ പ്രഥമവും പ്രധാനവുമായ കടമ.**

2015 സെപ്റ്റംബർ 22 മുതൽ 27 വരെ ഫിലാഡൽഫിയായിൽവച്ചു നടത്തപ്പെടുന്ന 8-ാമത് കുടുംബസമ്മേളനത്തിന്റെ മുഖ്യപ്രമേയം, "നമ്മുടെ ദൗത്യം, സ്നേഹത്തിന്റെ പൂർണ്ണതയിൽ ജീവിക്കുന്ന കുടുംബം" എന്നതാണ്. ഇടയലേഖനത്തിൽ പ്രത്യേകം ഊന്നൽകൊടുത്ത് ഈ സമ്മേളനത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, ചിക്കാഗോ സീറോ-മലബാർ രൂപതയിലെ സമുദായം വിട്ടു വിവാഹംകഴിച്ച ക്നാനായ കുടുംബങ്ങളെ സ്നേഹത്തിന്റെ പൂർണ്ണതയിൽ

# പാവം പാവം ഡോമിനിക് സാവിയോ



ജയിംസ് ഐസക് കുടമാളൂർ

**ഡോ**മിനിക് സാവിയോ വാച്ചാച്ചിറയിൽ ഞാൻ ഏറെ ആദരിക്കുന്ന ഒരു ലേഖകനാണ്. പണ്ഡിതരായ സുവിശേഷലേഖകരോടൊപ്പം അദ്ദേഹത്തിന്റെ രചനകളും നിലവാരം ഉള്ളതായിട്ടാണു ഞാൻ കണ്ടിട്ടുള്ളത്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, ക്നാനായ വംശീയതയെക്കുറിച്ചും സ്വത്വബോധത്തെക്കുറിച്ചും ശ്രീ.ഡോമിനിക് സാവിയോയുടെ അഭിപ്രായപ്രകടനങ്ങൾ ഒട്ടും സ്വീകാര്യമായി തോന്നുന്നില്ല. ഞാൻ ക്നാനായക്കാരെ ഭള്ളു പറയാൻ വേണ്ടിയാണു വിശുദ്ധ ഗ്രന്ഥം ഉദ്ധരിച്ചതെന്ന് അദ്ദേഹം പറഞ്ഞത് വലിയ അവിവേകംതന്നെ. പ്രൊഫ. ഇപ്പന്റെ 'രക്താർബുദം ബാധിച്ച രക്തശുദ്ധീവാദം' എന്ന ലേഖനം വളരെ അവസരോചിതം. ശ്രീ ഡോമിനിക് സാവിയോയുമായി അൽപം ദീർഘമായ സംവാദത്തിലേർപ്പെടാൻ ആഗ്രഹമുണ്ട്. പക്ഷേ, 'സത്യജ്വാല'യ്ക്കു വേറെ പ്രാധാന്യമേറിയ വിഷയങ്ങൾ ഉള്ളപ്പോൾ അതിനിപ്പോൾ തുനിയുന്നില്ല.

അൽപം വ്യക്തിപരമായ കാര്യങ്ങൾ കുറിക്കുന്നത്, ഞാൻ ക്നാനായക്കാരെ സ്നേഹിക്കുന്നു എന്നറിയിക്കാൻ വേണ്ടി മാത്രമാണ്.

എനിക്കു മൂന്നു വയസ്സുള്ളപ്പോഴാണു എന്റെ കുടുംബം കോട്ടയത്തു താമസം തുടങ്ങിയത്. അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവാണ് ഞാൻ ആദ്യമായി കാണുന്ന മെത്രാൻ. കോട്ടയത്തെ ക്രിസ്തുരാജ കത്തീഡ്രൽ വെഞ്ചരിപ്പുദിവസം പ്രസംഗിച്ച മാർ ജയിംസ് കാളാശ്ശേരിയാണു എന്റെ യഥാർത്ഥ മെത്രാൻ എന്ന് എന്റെ കുടുംബാംഗങ്ങൾ പറഞ്ഞു തന്നു. ഞാൻ വിശുദ്ധ കുർബ്ബാന സ്വീകരിച്ചത് ചൂളപ്പറമ്പിൽ പിതാവിന്റെ കരങ്ങളിൽ നിന്നാണ്. തുടർന്ന് അദ്ദേഹത്തെ കണ്ടു മോതിരം മുത്തി അനുഗ്രഹം വാങ്ങി. സൺഡേ സ്കൂളിൽ പഠിപ്പിച്ചിരുന്നത് അന്നത്തെ സെക്രട്ടറി ആയിരുന്ന ഫാ. തോമസ് തറയിലും തുടർന്നു ചെറുശ്ശേരിലച്ചനും. ക്നാനായക്കാരായ ഒട്ടേറെ നല്ല വൈദികരെയും കന്യാസ്ത്രീകളെയും ഞാൻ സ്നേഹപൂർവ്വം സ്മരിക്കുന്നു.

ഒരു അൾത്താര ബാലനായി കോട്ടയം കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാനയിൽ സഹായിച്ചിട്ടുണ്ട്. അക്കാലത്ത് എന്നോടൊപ്പം വിശുദ്ധ കുർബാനയിൽ അൾത്താര ശുശ്രൂഷിയായിരുന്ന രാജു മാക്കിൽ എന്റെ രണ്ടു വർഷം സീനിയർ ആയിരുന്നു. സമർത്ഥനായ രാജു മാക്കിൽ ഇന്ത്യൻ വിദേശകാര്യ വകുപ്പിൽ ഉദ്യോഗം സ്വീകരിച്ചു ജർമ്മനിയിൽ സേവനം ചെയ്യുമ്പോൾ ഒരു ജർമ്മൻ വനിതയെ വിവാഹം ചെയ്തു. മൂന്നുവർഷംമുമ്പ് ശ്രീ രാജു മാക്കിൽ പത്നീസമേതനായി കോട്ടയത്തു വന്നപ്പോൾ പഴയകാല സുഹൃത്തുക്കൾ ഒന്നിച്ചുകൂടുവാൻ അവസരം ഉണ്ടായി. അദ്ദേഹത്തിന്റെ ജർമ്മൻകാരി ഭാര്യയും തദവസരത്തിൽ ഉണ്ടായിരുന്നു. പഴയകാല അനുഭവങ്ങൾ പലതും പങ്കുവച്ചു.

ഇവിടെ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് ഇതാണ്: ശ്രീ രാജു മാക്കിൽ ക്നാനായക്കാരി അല്ലാത്ത ഒരു വനിതയെ വിവാഹം ചെയ്ത

---

ജീവിക്കുവാൻ എന്തുകൊണ്ട് അനുവദിക്കുന്നില്ല?

ദൈവജനത്തിന്റെ അജപാലകനെന്ന നിലയിൽ, ദൈവം തന്നിൽ ഭരമേല്പിച്ചിരിക്കുന്ന ദൈവജനത്തെ പ്രവാചകധൈര്യത്തോടുകൂടി പരിപാലിക്കുക എന്നുള്ളതാണ് ഒരു മെത്രാന്റെ പ്രഥമവും പ്രധാനവുമായ കടമ. പൗലോസ് ശ്ലീഹാ ഇങ്ങനെ എഴുതിയിരിക്കുന്നു: "വചനം പ്രസംഗിക്കുക, സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും. ജാഗരൂകതയോടെ വർത്തിക്കുക, മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക. ക്ഷമ, കൈവിടാതിരിക്കുകയും, പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക" (2 തിമോ: 4/2). അതിനു കഴിയുന്നില്ലെങ്കിൽ, അപഹാസ്യനാകാതെ പോപ്പ് ബെനഡിക്ട് 16-ാമന്റെ പാത സ്വീകരിക്കൂ എന്നാണ് ബിഷപ്പ് അങ്ങാടിയത്തിനോടു പറയാനുള്ളത്. ■

## കെ.സി.ആർ.എം. പ്രതിമാസപരിപാടി

# ചർച്ചാസമ്മേളനം: 'യേശുവും ക്രിസ്തുവും'

### 2015 ജൂൺ 27, ശനിയാഴ്ച 2 പി.എം. – ന് പാലാ ടോംസ് ചേമ്പർ ഹാളിൽ

അദ്ധ്യക്ഷൻ : **ശ്രീ കെ. ജോർജ് ജോസഫ്** (KCRM സംസ്ഥാന പ്രസിഡന്റ്)
വിഷയാവതാരകൻ : **ശ്രീ.എസ്.ജെ. അനന്ത്**
(ആത്മയോഗ് ജ്ഞാനസാധനാപ്രബോധകൻ, പരിശീലകൻ)
'യേശുവും ക്രിസ്തുവും'
– അനുചിന്തനങ്ങൾ : **പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം**
: **ശ്രീ ജോസാന്റണി**

ബഹുമാന്യരേ,

'യേശു', 'ക്രിസ്തു' എന്നീ നാമപദങ്ങൾ പര്യായപദങ്ങളെന്നപോലെ ഉപയോഗിക്കുന്നവരാണ് ഏറെയും. ലോകത്തിന് ആയിരക്കണക്കിനു സഭകളുണ്ടായിരിക്കുന്നതിനു കാരണംതന്നെ, ഈ രണ്ടു പദങ്ങൾ തമ്മിലുള്ള അർത്ഥവ്യത്യാസം മനസ്സിലാക്കാൻ മനുഷ്യർ പരിശ്രമിക്കാത്തതാണെന്നു പറയാം.

സ്വാതികനും ഒരു തികഞ്ഞ സത്യാന്വേഷിയുമായ എസ്.ജെ. അനന്ത് സാർ, താൻ കണ്ടെത്തിയ യേശുവിനെയും ക്രിസ്തുവിനെയും നമുക്കു പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുകയും ചെയ്യുന്നു. ഫാ.എസ്.കാപ്പന്റെ ശിഷ്യൻ പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റവും, നിത്യചൈതന്യയതിയുടെ ശിഷ്യൻ ശ്രീ ജോസാന്റണിയും തങ്ങളുടെ അനുബന്ധചിന്തകളും പങ്കുവയ്ക്കുന്നു. ഇതോടു ബന്ധപ്പെട്ട ചിന്തകൾ പങ്കുവയ്ക്കാൻ എല്ലാവർക്കും അവസരമുണ്ടായിരിക്കും.

ചർച്ചാസമ്മേളനത്തിനുപുറമേ, താഴെപ്പറയുന്ന കാര്യങ്ങൾകൂടി അന്നു നടത്തപ്പെടുന്നു:

**1. യുവാവായ യേശുവിന്റെ തേജോമയമായ ചിത്രം വിരചിച്ച പ്രശസ്ത ചിത്രകലാചാര്യൻ ശ്രീ പ്രഭ പാലാ–യെ കെ.സി.ആർ.എം. ആദരിക്കുന്നു.**

**2. കഴിഞ്ഞമാസം നടക്കാതെപോയ, 'KCRM രജതജൂബിലിയാഘോഷം എവിടെവച്ച്, എന്ന്, എങ്ങനെ?' എന്ന വിഷയത്തിൽ,** KCRM സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി **ശ്രീ റെജി ഞള്ളാനിയുടെ നേതൃത്വത്തിൽ കൂട്ടായ ആലോചന.**

ഈ പരിപാടികളിലെല്ലാം കെ.സി.ആർ.എം-ന്റെയും 'സത്യജ്വാല'യുടെയും അനുഭാവികളുടെ പരമാവധി സാന്നിദ്ധ്യം ആഗ്രഹിക്കുന്നു; എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുകയും ചെയ്യുന്നു.

സ്നേഹാദരങ്ങളോടെ,
**കെ.കെ. ജോസ് കണ്ടത്തിൽ** (കെ.സി.ആർ.എം. സംസ്ഥാന ജന.സെക്രട്ടറി)
ഫോൺ: 8547573730

---

തിന്റെപേരിൽ സമുദായത്തിൽനിന്നു ബഹിഷ്കൃതനായതായി അറിഞ്ഞിട്ടില്ല. ഇദ്ദേഹത്തെപ്പോലെ അമേരിക്കയിലും യൂറോപ്പിൽ പല ഭാഗങ്ങളിലും ക്നാനായ സമുദായത്തിൽപ്പെട്ട പലരും മറ്റു ജാതികളിൽപ്പെട്ടവരെ ജീവിത പങ്കാളികളാക്കിയിട്ടുണ്ട്. ഇവരെയെല്ലാം തിരഞ്ഞുപിടിച്ചു ക്നാനായസമൂഹത്തിൽനിന്നു പുറത്താക്കാൻ ഇന്നു പ്രത്യേക നടപടികൾ വല്ലതും സഭാകേന്ദ്രത്തിൽ ആലോചനയുണ്ടോ? അതോ ഈ നീക്കം കേരളത്തിൽ മാത്രമാണോ? സാധാരണക്കാരും പാവപ്പെട്ടവരുമായ ക്നാനായക്കാർക്കെതിരെ മാത്രമാണോ ശിക്ഷണനടപടി?

ക്രിസ്തുവീക്ഷണവുമായി പൊരുത്തപ്പെടാത്ത ജാതിചിന്തകൾ ഉണർത്തി സ്വന്തം സമുദായത്തെ ലോകത്തിനു മുമ്പിൽ പരിഹാസ്യപാത്രമാക്കുന്നതിൽനിന്നു ശ്രീ ഡോമിനിക് സാവിയോയും കൂട്ടരും വിരമിക്കണമെന്നും, കെ.സി. ആർ.എം. ഇപ്പോൾ നേതൃത്വംനൽകുന്ന നല്ല നീക്കങ്ങളുമായി സഹകരിക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ക്നാനായ സമുദായത്തോടുള്ള ആദരവുമാത്രമാണ് ഈ അഭ്യർത്ഥനയ്ക്കു നിദാനം. *ഫോൺ: 9847126316* ■



# ‘ശുദ്ധരക്തവാദം നിയമവിരുദ്ധം’

**– അഡ്വ. ഇന്ദുലേഖാ ജോസഫ്**

[2015 ഏപ്രിൽ 25–ന് KCNS ഉഴവൂരിൽ സംഘടിപ്പിച്ച കുടുംബസംഗമത്തിൽ, കെ.സി. ആർ.എം. ലീഗൽ അഡ്വൈസർ അഡ്വ. ഇന്ദുലേഖ നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം]

‘ക്നാനായകത്തോലിക്കാ സഭാനവീകരണസമിതി’യുടെ ഈ കുടുംബസംഗമത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതുതന്നെ വലിയ ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഔദ്യോഗികസഭ കുടുംബബന്ധങ്ങളെ ശിഥിലീകരിക്കാൻ ശ്രമിക്കുമ്പോൾ കുടുംബബന്ധങ്ങൾ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്ന അത്മായരുടെ ഈ സംരംഭം പ്രശംസാർഹമാണ്.

ഇതര സഭാസമൂഹത്തിൽപ്പെട്ട ആളുകളെ വിവാഹം കഴിച്ചു എന്ന ഒറ്റക്കാരണത്താൽ സ്വന്തം സഭയിൽനിന്നും പടിയടച്ച് പിണ്ഡംവച്ച ഒരു കൂട്ടം ആളുകളെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഇത്തരം സമീപനങ്ങൾ ക്രിസ്തുവിരുദ്ധമാണ്, ബൈബിൾ വിരുദ്ധമാണ്, നിയമവിരുദ്ധമാണ്. സർവ്വോപരി അക്ഷന്തവ്യമായ സാമൂഹിക തിന്മയുമാണ്.

ക്നാനായ ശുദ്ധരക്തവാദം എങ്ങനെ ബൈബിൾ വിരുദ്ധവും ക്രിസ്തുവിരുദ്ധവുമായിരിക്കുന്നു എന്നുള്ളതിനെക്കുറിച്ച് എനിക്കു മുമ്പ് ഇവിടെ സംസാരിച്ച പ്രാസംഗികർ വിശദമാക്കിക്കഴിഞ്ഞു. ഇനി, ശുദ്ധരക്തവാദം എങ്ങനെ നിയമവിരുദ്ധമാകുന്നു എന്ന്, ഒരു അഭിഭാഷക എന്ന നിലയിൽ സമർത്ഥിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഭരണഘടനയുടെ 16–ാം അനുച്ഛേദം അനുശാസിക്കുന്നത് ജാതി, മതം, വർണ്ണം, ജന്മസ്ഥലം, പ്രായം, ലിംഗം ആദിയായവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ല എന്നാണ്. അങ്ങനെ നോക്കുമ്പോൾ ശുദ്ധരക്തവാദം നിയമവിരുദ്ധമാണ്.

ശുദ്ധരക്തവാദത്തിനെതിരായി നേടിയെടുത്ത നിർണ്ണായകമായ വിധിയാണ് ബിജു ഉതുപ്പ് കേസിലുണ്ടായിട്ടുള്ളത്. പ്രസ്തുത വിധിയിൽ ക്നാനായ കത്തോലിക്കരുടെ ചരിത്രം, പാരമ്പര്യം മുതലായവ വിശദമായി പരിശോധിച്ച കോടതി ശുദ്ധരക്തവാദം ശുദ്ധ അസംബന്ധമാണ് എന്നു കണ്ടെത്തി. ഇന്ത്യൻ എവിഡൻസ് ആക്ടിലെ സെക്ഷൻ 13 പ്രകാരം, ഒരു ആചാരത്തിന്റെ വസ്തുതയെക്കുറിച്ചു തർക്കമുണ്ടായാൽ പ്രധാനമായും രണ്ടു കാര്യങ്ങൾ പരിഗണിക്കണം. ഒന്നാമതായി ആചാരത്തിന്റെ ഉത്ഭവം, അടിസ്ഥാനം, അതിനു ലഭിച്ച സാമൂഹിക അംഗീകാരം തുടങ്ങിയവ പരിശോധിക്കണം. രണ്ടാമതായി, ഇത്തരം ആചാരങ്ങൾ പ്രാവർത്തികമാക്കിയ സാഹചര്യങ്ങൾ അവലോകനം ചെയ്യുക എന്നതാണ്. ബിജു ഉതുപ്പുകേസിൽ ഇതു രണ്ടും നടക്കുകയും, ശുദ്ധരക്തവാദം കാലാകാലങ്ങളായി തുടർന്നുവന്ന ഒരു ആചാരമല്ലെന്നും അതിനു യാതൊരുവിധ താത്ത്വികാടിസ്ഥാനവുമില്ലെന്നും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ കോടതി കണ്ടെത്തുകയും ചെയ്തു. കോടതി വിധി അനുകൂലമായിരുന്നെങ്കിലും ബിഷപ്പ് അറസ്റ്റ് വരിക്കുന്ന അവസ്ഥ ഒഴിവാക്കാൻവേണ്ടി ആ വിധി നടപ്പിലാക്കിയില്ല.

ഇത്തരം സാഹചര്യങ്ങളിൽ നിയമപരമായ പരിരക്ഷയ്ക്കൊപ്പം നമുക്കു വേണ്ടത് ബോധവത്കരിക്കപ്പെട്ട ഒരു സമൂഹമാണ്. ബിഷപ്പ് കുറ്റംചെയ്താൽ അറസ്റ്റു വരിക്കണമെന്നു പറയുവാൻ ചങ്കൂറ്റമുള്ള ഒരു സമൂഹമാണ് നമുക്കു വേണ്ടത്. ഇത്തരം അനാചാരങ്ങൾക്കെതിരെ ജനങ്ങൾ സംഘടിക്കുകയും ശബ്ദമുയർത്തുകയുംവേണം. അവരിൽനിന്നുയരുന്ന ശബ്ദവീചികൾ മാധ്യമമാഫിയയുടെ ചെകിട് തുറപ്പിക്കണം; സഭാധികാരികളുടെ കണ്ണ് തുറപ്പിക്കണം.

അവസാനമായി പറയട്ടെ, അനീതിക്കെതിരെയുള്ള നിങ്ങളുടെ ഏതു പോരാട്ടത്തിലും നിങ്ങളോടൊപ്പം നിങ്ങളിലൊരാളായി ഞാനുണ്ടാകും; ഞാനുൾപ്പെടുന്ന കെ.സി.ആർ.എം. എന്ന പ്രസ്ഥാനവും ഉണ്ടാകും.

# ‘വിവാഹകാര്യങ്ങളിൽ രാജ്യത്ത് പൊതുനിയമം വേണം’ – സുപ്രീം കോടതി



**ന്യൂ**ഡൽഹി: വിവാഹ കാര്യങ്ങളിൽ രാജ്യത്തെ എല്ലാ സമുദായങ്ങൾക്കുമായി പൊതുനിയമം വേണമെന്നു സുപ്രീം കോടതി വാക്കാൽ പറഞ്ഞു. ഇക്കാര്യത്തിൽ നിലപാടു വ്യക്തമാക്കാൻ ജഡ്ജിമാരായ വിക്രംജിത് സെൻ, അഭയ് മനോഹർ സപ്രെ എന്നിവരുടെ ബെഞ്ച് കേന്ദ്ര സർക്കാരിനോടു നിർദേശിച്ചു.

ക്രൈസ്തവർക്കു ബാധകമായ ഇന്ത്യൻ വിവാഹമോചനനിയമത്തിലെ 10 എ(1) വ്യവസ്ഥ ചോദ്യംചെയ്ത് ആൽബർട്ട് ആന്റണി നൽകിയ ഹർജിയാണു കോടതി പരിഗണിച്ചത്. രണ്ടു വർഷമായി വേർപിരിഞ്ഞു കഴിയുന്നവർക്കു മാത്രമേ വിവാഹമോചനം നൽകുകയുള്ളൂ എന്ന വ്യവസ്ഥയാണു ഹർജിക്കാരൻ ചോദ്യം ചെയ്തത്.

സ്പെഷൽ മാര്യേജ് നിയമം, ഹിന്ദു വിവാഹ നിയമം, പാഴ്സി വിവാഹനിയമം തുടങ്ങിയവ ഒരു വർഷമായി പിരിഞ്ഞു കഴിയുന്നവർക്കു വിവാഹമോചനം അനുവദിക്കുന്നതാണ്. ക്രൈസ്തവർക്കു ബാധകമായ നിയമത്തിനു കേന്ദ്രംതന്നെ ഭേദഗതികൊണ്ടുവരേണ്ടതാണെന്നു കോടതി വാക്കാൽ പറഞ്ഞു. ഏതു മതത്തിലുള്ള വ്യക്തിക്കും ബാധകമാകുന്ന പൊതുനിയമം കൊണ്ടുവരാൻ സർക്കാർ മുൻകൈയെടുക്കണമെന്നും കോടതി പറഞ്ഞു.

ഇന്ത്യൻ വിവാഹമോചന നിയമത്തിലെ രണ്ടുവർഷ വ്യവസ്ഥ ഭരണഘടനാവിരുദ്ധമാണെന്നു കേരള, കർണാടക ഹൈക്കോടതികൾ നേരത്തേ നിലപാടെടുത്തിരുന്നു. ഇതു ചൂണ്ടിക്കാട്ടി ഈയിടെ ബോംബെ ഹൈക്കോടതി കാലാവധി ഒരുവർഷമാക്കി കുറച്ചു വിധി പ്രസ്താവിച്ചിരുന്നു. കേരള, കർണാടക ഹൈക്കോടതികളുടെ വിധികളെ കേന്ദ്ര സർക്കാർ ചോദ്യംചെയ്തിട്ടില്ലെന്നതും ബോംബെ ഹൈക്കോടതി ചൂണ്ടിക്കാട്ടിയിരുന്നു.

*–വിവാഹകാര്യത്തിൽ മാത്രമല്ല, മതാനുഷ്ഠാനങ്ങളൊഴികെയുള്ള എല്ലാ കാര്യങ്ങളിലും പൊതുനിയമംതന്നെയാണ് എല്ലാ രാജ്യങ്ങളിലും വേണ്ടത്. അല്ലെങ്കിലത് മതവിവേചനമാണ്. വിവാഹത്തോടും മരണത്തോടും ജനനത്തോടുമനുബന്ധിച്ച് മതാചാരങ്ങൾ നടത്താറുണ്ട് എന്നതിന്റെ പേരിൽ അതൊന്നും മതകാര്യങ്ങളാകുന്നില്ല; അതെല്ലാം തികച്ചും വ്യക്തിപരവും സാമൂഹികവുമായ കാര്യങ്ങളാണ്. ചടങ്ങുകളിലൂടെ അവയെ മതപരമായിക്കൂടി അംഗീകരിച്ചാശീർവദിക്കുന്നു എന്നുമാത്രം.*

*ഇന്ത്യൻ വിവാഹമോചനനിയമത്തിൽ ക്രൈസ്തവർക്കു ബാധകമാക്കിയിരുന്ന രണ്ടു വർഷവ്യവസ്ഥ ഭരണഘടനാവിരുദ്ധമാണെന്നു കണ്ടെത്തിയ സുപ്രീംകോടതി, വത്തിക്കാൻ രാഷ്ട്രത്തിന്റെ മതനിയമപ്രകാരം നടത്തിവരുന്ന ഇവിടുത്തെ ക്രൈസ്തവരുടെ മതസ്വത്തുഭരണം ഭരണഘടനാലംഘനമാണെന്ന് ഇനി എന്നാണാവോ കണ്ടെത്തുക!*


## വധുവിനെ ആവശ്യമുണ്ട്

**സുന്ദരനും സുമുഖനുമായ, 42 വയസ്സുള്ള, ഗവ. സർവ്വീസിൽ യു.ഡി. ക്ലർക്കായ യുവാവിന്, വിദ്യാഭ്യാസവും 35-നും 40-നും മദ്ധ്യേ പ്രായവുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നു വിവാഹാലോചനകൾ ക്ഷണിക്കുന്നു. സന്ന്യാസം ഉപേക്ഷിച്ചവരെയും ഉപേക്ഷിക്കാൻ താല്പര്യമുള്ളവരെയും പരിഗണിക്കും. സാമ്പത്തികം ബാധകമല്ല.**

**ഫോൺ: 9446608501**

# സർക്കാരിനെ താഴെയിറക്കുവാൻ ലക്ഷ്യമിട്ടാണ് 'ഇൻഫാം' രൂപീകരിച്ചത്.



**റെജി ഞള്ളാനി** (ഇൻഫാം, മുൻ ഇടുക്കിജില്ലാ സെക്രട്ടറി)

**ക**ത്തോലിക്കാസഭയുടെ നേതൃത്വത്തിൽ രൂപീകൃതമായ 'ഇൻഫാം' എന്ന കർഷക സംഘടന സുന്ദരമോഹന വാഗ്ദാനങ്ങളും വലിയ പ്രതീക്ഷകളും നൽകി കർഷകരെ വഞ്ചിക്കുകയായിരുന്നു. അന്നത്തെ ആന്റണി സർക്കാർ, സഭയുടെ സ്വത്തുക്കൾ സംബന്ധിച്ച കണക്കുകൾ ശേഖരിക്കുവാൻ ആഗ്രഹിച്ചിരുന്നു. അതിലുള്ള അപകടം മണത്തറിഞ്ഞ കത്തോലിക്കാസഭ സർക്കാരിനെ അപകീർത്തിപ്പെടുത്തുവാനും താഴെയിറക്കുവാനും 'ഇൻഫാം' രൂപീകരിക്കുകയായിരുന്നു. ഇക്കാര്യം സംഘടനയുടെ ചെയർമാൻ ഫാ. മാത്യു വടക്കേമുറി എന്നോട് നേരിട്ടു പറഞ്ഞിട്ടുണ്ട്. സഭാനേതൃത്വത്തിന് ജനങ്ങളിൽ മതിയായ വിശ്വാസമില്ലാതിരുന്നതിനാൽ, സംഘടനയുടെ ഓരോ യൂണിറ്റിന്റെയും രക്ഷാധികാരിയായി അതാതു പ്രദേശങ്ങളിലെ പള്ളിവികാരിമാരെയാണ് നിയമിച്ചിരുന്നത്.

കാർഷിക ഉല്പ്പന്നങ്ങളുടെ വിലയിടിവിനു കാരണം സർക്കാരിന്റെ പിടിപ്പുകേടാണെന്നു വരുത്തിത്തീർത്ത് ലക്ഷക്കണക്കിന് കർഷകരെ സംസ്ഥാനസർക്കാരിനെതിരെ തിരിച്ചുവിടുന്നതിൽ കത്തോലിക്കാസഭ വിജയിച്ചു എന്നു പറയാം. അംഗത്വ ഫീസായും മറ്റു സംഭാവനകളായും സജീവപ്രവർത്തകരിൽനിന്നു കടമായും വടക്കേമുറിയച്ചന്റെ നേതൃത്വത്തിൽ സഭ കോടികൾ തട്ടിയെടുത്തു. വടക്കേമുറിയച്ചൻ നിയന്ത്രിച്ചിരുന്ന എസ്.ഡി.എ. എന്ന സന്നദ്ധസംഘടന വഴിയും അച്ചൻ വൻതുക തട്ടിയെടുത്തു. നിരപരാധികളായ നിരവധിപേർ വഞ്ചിക്കപ്പെട്ടു.

കൂടാതെ, കർഷകരുടെ ഉല്പന്നങ്ങൾക്ക് നല്ല വില വാങ്ങിത്തരാമെന്നു പറഞ്ഞ് നാട്ടുകരിൽ നിന്നും കോടിക്കണക്കിനു രൂപ ഷെയറായി പിരിച്ചെടുത്ത് സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ, സഭയുടെ അനധികൃത സ്വത്തുക്കൾ സംബന്ധിച്ച അന്വേഷണത്തിൽനിന്നു സർക്കാർ പിൻമാറിയതോടെ കർഷകരെയും സ്ഥാപനങ്ങളെയും തെരുവിലെറിഞ്ഞ് പുരോഹിതർ വീണ്ടും പള്ളിമേടകളിലേക്കു ചേക്കേറുകയായിരുന്നു.

'ഇൻഫാമി'നെയും പുരോഹിതരെയും വിശ്വസിച്ച് തെരുവിലിറങ്ങിയ പാവപ്പെട്ട കർഷകർക്ക് ഒരു രൂപയുടെപോലും വിലവർദ്ധനവു ലഭിച്ചില്ലെന്നു മാത്രമല്ല, അവർക്ക് വൻ സാമ്പത്തിക നഷ്ടവും ഉണ്ടായി. ഇൻഫാമിന്റെ പേരിൽ വടക്കേമുറിയച്ചനെയും സഭയെയും വിശ്വസിച്ച് പല വിഭാഗങ്ങളിലായി പണം മുടക്കിയവർക്ക് ലക്ഷങ്ങൾ ഇന്നും കിട്ടാനുണ്ട്. കേന്ദ്രസർക്കാർ ഏകീകൃത സിവിൽകോഡ് കൊണ്ടുവരുമെന്ന ഭയവും, വിദേശത്തുനിന്നും സഭയ്ക്ക് സന്നദ്ധ സംഘടനകളുടെപേരിൽ എത്തിച്ചേരുന്ന പണത്തേക്കുറിച്ച് കേന്ദ്രസർക്കാർ അന്വേഷിക്കുമെന്ന ഭയവും ഉണ്ടാകുമ്പോഴാണ്, നൂനപക്ഷപീഡനമാരോപിച്ച് ഇന്ത്യയെ സ്വദേശത്തും വിദേശത്തും അപകീർത്തിപ്പെടുത്തുവാൻ സഭ ശ്രമിക്കാറുള്ളത്.

'ഇൻഫാ'മിന്റെ പേരിൽ നടന്നിട്ടുള്ള സാമ്പത്തികക്രമക്കേടുകളേക്കുറിച്ച സി.ബി.ഐ. പോലുള്ള ഏജൻസികളെക്കൊണ്ട് സർക്കാർ ഉടൻ അന്വേഷിപ്പിക്കണം. സഭയുടെ ചില ആജ്ഞാനുവർത്തികളെ ഉപയോഗിച്ച് നിഗൂഢ ലക്ഷ്യത്തോടെ 'ഇൻഫാ'മിനെ ഒരിക്കൽക്കൂടി രംഗത്തിറക്കി ജനങ്ങളെ വഞ്ചിക്കുവാൻ തയ്യാറെടുക്കുകയാണോ സഭ ഇപ്പോൾ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സഭ തുടങ്ങിവച്ച എല്ലാ സ്ഥാപനങ്ങളും വൻ സാമ്പത്തികവളർച്ച കൈവരിച്ചപ്പോൾ, അതേ സഭയുടെ കർഷക സംഘടനയായ 'ഇൻഫാം' കർഷകർക്കുവേണ്ടി തുടങ്ങിവച്ച ഒരു സ്ഥാപനവും ഇന്നു നിലനിൽക്കുന്നുപോലുമില്ല. തന്നെയുമല്ല, കർഷകർ വൻ സാമ്പത്തികക്കെണിയിലുമായി. ഇനിയും നമ്മൾ വഞ്ചിതരാകണമോ...? *ഫോൺ: 9447105070*

*-കർഷകജനതയെ വഞ്ചിച്ചുവെന്നു തെളിവുകൾസഹിതം ലേഖകൻ സമർത്ഥിച്ച അതേ 'ഇൻഫാമി'നെയും, മെത്രാന്മാരുടെ ഏറാൻമൂളി സംഘടനയെന്നു കാലംതെളിയിച്ച 'അഖില കേരള കത്തോലിക്കാകോൺഗ്രസി'(AKCC)*

നെയും പൊക്കിയെടുത്ത്, അവയുടെ സഹകരണത്തോടെ പാലാ രൂപതയുടേതായി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്ന കർഷകബാങ്കും കർഷകവഞ്ചനയിൽ കലാശിക്കുമോ എന്നു സംശയിക്കണം. കേരളസമൂഹം ബഹുമാനിക്കുന്ന ശ്രീ പി.സി. സിറിയക്കിനെയും ശ്രീ ടി.കെ. ജോസിനെയുംമറ്റും മുന്നിൽ നിർത്തി ഉദ്ഘാടനമഹാമഹം നടത്തിയത് കർഷകജനതയിൽ വിശ്വാസവും ഈ ബാങ്കിനെപ്പറ്റി മതിപ്പും ഉളവാക്കാനായിരിക്കണം. കേരളത്തിലെ നിരവധിയായ പരിസ്ഥിതിപ്രസ്ഥാനങ്ങളും ജൈവകൃഷിപ്രസ്ഥാനങ്ങളും പറയുകയും ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്തുപോരുന്ന മിക്കവാറും എല്ലാ ആശയങ്ങളും കടമെടുത്ത് മുദ്രാവാക്യങ്ങളാക്കിയും, അതെല്ലാം ഒറ്റ പേജ് ബഹുവർണ്ണ പത്രപ്പരസ്യങ്ങളാക്കി വിന്യസിച്ചും (മെയ് 23-ലെ പത്രങ്ങൾ), അതനുസരിച്ചുള്ള പദ്ധതികൾ പ്രഖ്യാപിച്ചും പാലാ മെത്രാനും സഹായമെത്രാനും വികാരിമാരും പൊടുന്നനെ കർഷകചാമ്പ്യന്മാരാകുകയാണ്!

'കർഷകരുടെ രക്ഷയ്ക്കും നിലനിൽപ്പിനും കർഷകർമാത്രം – അതിനാൽ സ്വയം സംഘടിച്ചു മുന്നേറുക' എന്നതാണ് പാലാ രൂപതാ കർഷക ബാങ്ക് മുന്നോട്ടുവച്ചിരിക്കുന്ന പ്രധാന മുദ്രാവാക്യം. പക്ഷേ, താഴോട്ടുവായിക്കുമ്പോൾ, ഓരോ ഇടവകയിൽനിന്നും തിരഞ്ഞെടുക്കുന്ന രണ്ടു കർഷകപ്രതിനിധികൾക്ക് ബാങ്കിന്റെ പ്രവർത്തനങ്ങളിൽ വികാരിമാരെ സഹായിക്കുക എന്നതിനപ്പുറം ഒരധികാരവുമില്ല എന്നു കാണാം. കാര്യങ്ങൾ ഉപദേശാധികാരം മാത്രമുള്ള ഇപ്പോഴത്തെ പള്ളിയോഗംപോലെതന്നെ! അതായത്, 'കർഷകരുടെ രക്ഷയ്ക്കും നിലനിൽപിനും വികാരിമാരും മെത്രാന്മാരുംമാത്രം – അതിനാൽ അവരുടെ പിന്നിൽ അണിചേരുക' എന്നതാണ് ഈ ബാങ്കിന്റെ പിന്നിലുള്ള രൂപതയുടെ ഗൂഢമുദ്രാവാക്യം എന്നു മനസ്സിലാക്കാം.

പക്ഷേ, രൂപതയുടെയും ഇടവകയുടെയും ആധികാരികസംവിധാനങ്ങൾ ഉപയോഗിച്ചും സർക്കുലറുകളിറക്കിയും വിശ്വാസിസമൂഹത്തിനുമേൽ ഈ കർഷകബാങ്ക് അടിച്ചേല്പിക്കുമെന്നു വേണം കരുതാൻ. അപ്പോൾ, മുമ്പ് ഇൻഫാം കർഷകരെ വഞ്ചിച്ച കാര്യങ്ങളും വിശ്വാസിസമൂഹത്തിന്റെ ഒരു പ്രശ്നവും ഏറ്റെടുത്തിട്ടില്ലാത്ത കത്തോലിക്കാ കോൺഗ്രസിന്റെ കെടുകാര്യസ്ഥതയും ഓരോ ഇടവകസമൂഹത്തിന്റെയും ഓർമ്മകളിൽ ഉണർന്നുയരാനിടയാകട്ടെ. സഭാമേലദ്ധ്യക്ഷന്മാരിലും പുരോഹിതരിലും അർപ്പിതമായിരിക്കുന്ന ആദ്ധ്യാത്മികപ്രബോധനം എന്ന കടമ നിർവ്വഹിക്കാതെ, കർഷകജനതയെ പിന്നിലണിനിരത്തി അവരുടെ നേതൃത്വം ഏകപക്ഷീയമായി ഏറ്റെടുത്ത് രാഷ്ട്രീയമായി ശക്തരാകാനുള്ള മെത്രാന്മാരുടെ ഈ ബൈബിൾവിരുദ്ധ നടപടിക്കെതിരെ നാവുയർത്താൻ സഭാസമൂഹത്തിനു ധൈര്യമുണ്ടാകട്ടെ!

*കർഷകജനതയെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാൻപോരുന്ന ഈ പള്ളിപ്പുരോഹിത ബാങ്കുപദ്ധതി, ആ നിലയിലും ബഹിഷ്ക്കരണം അർഹിക്കുന്നു.* ■

# ചങ്ങനാശ്ശേരിയിൽ ക്രൂശിതനു ചവറ്റുകുഴി!

**ജയിംസ് ഐസക് കുടമാളൂർ**




**ച**ങ്ങനാശ്ശേരി വെരൂർ സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ നിലവറയിൽ പഴയ കൊട്ട, കൊട്ടത്തേങ്ങാ, ഉപേക്ഷിക്കപ്പെട്ട ചപ്പുചവറുകൾ എന്നിവക്കൊപ്പം ക്രൂശിതരൂപവും സൂക്ഷിച്ചിരിക്കുന്നു!

ഒരിക്കൽ അൾത്താരയിൽ പൂജ്യമായി വണങ്ങപ്പെട്ടിരുന്ന ക്രൂശിതനായ ക്രിസ്തുവിനു കൽദായ തീവ്രവാദികൾ ഇന്നു നൽകിയിരിക്കുന്ന സ്ഥാനം കണ്ടു വേദനിച്ച ഒരു വിശ്വാസി മൊബൈൽ ഫോണിൽ പകർത്തിയ ചിത്രമാണിത്. പള്ളികളിൽനിന്നു ക്രൂശിതരൂപം ബഹിഷ്കരിച്ച് പകരം വാൽപൊക്കിനിന്ന് മുകളിലേക്ക് അഗ്നിഗോളങ്ങൾ തുപ്പുന്ന വ്യാളികൾ ഇരുവശത്തും നിൽക്കുന്ന മാർത്തോമ്മാ കുരിശാണ് ഇപ്പോൾ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇതാണു ചങ്ങനാശ്ശേരിയുടെ സ്വന്തം കുരിശ്. വടക്കേ ഇന്ത്യയിൽ ഇപ്രകാരം ഒരു കുരിശുരൂപം അവഹേളിക്കപ്പെട്ടാൽ ചങ്ങനാശ്ശേരിയിലെ തെരുവീഥികളിൽ പ്രതിഷേധജാഥ സംഘടിപ്പിക്കുന്നവർ ഈ സംഭവത്തെക്കുറിച്ച് എന്തുപറയുന്നു?

# ‘പണപ്പെട്ടി’ അൽമായരെ ഏല്പിക്കാൻ നിർദ്ദേശിച്ചുള്ള ഇടയലേഖനം വൈദികർ മുക്കി

(‘മറുനാടൻ മലയാളി’യിൽ വന്ന വാർത്താക്കുറിപ്പിൽനിന്ന്)

**കൊച്ചി:** വരാപ്പുഴ അതിരൂപതയുടെ കീഴിലെ പള്ളികളിലെയും സ്ഥാപനങ്ങളിലെയും സാമ്പത്തിക കാര്യങ്ങൾ കൈകാര്യംചെയ്യാൻ അൽമായരുടെ സാമ്പത്തികകാര്യസമിതി രൂപീകരിക്കണമെന്ന് അറിയിച്ചു കൊണ്ടുള്ള ഇടയലേഖനം വൈദികർ മുക്കി. 119 വർഷത്തിനുശേഷം ചേർന്ന അതിരൂപതാ സിനഡാണ് ചരിത്രപ്രാധാന്യമുള്ള ഈ തീരുമാനം കൈക്കൊണ്ടത്. ഈ തീരുമാനം അറിയിച്ചുകൊണ്ട് കഴിഞ്ഞ ഞായറാഴ്ച (ജൂൺ 7) പള്ളികളിൽ വായിക്കാനായി അയച്ച ഇടയലേഖനമാണ് വൈദികർ ഒഴിവാക്കിയത്. വരാപ്പുഴ അതിരൂപത കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായാണ് പള്ളികളിലെ സാമ്പത്തിക നിർവ്വഹണചുമതല അൽമായരെ ഏൽപിച്ചുകൊണ്ടുള്ള തീരുമാനം സിനഡ് കൈക്കൊണ്ടത്. എന്നാൽ തൊണ്ണൂറു ശതമാനം പള്ളികളിലും ഈ ഇടയലേഖനം വൈദികർ വായിച്ചില്ല. വായിച്ച പള്ളികളിലാകട്ടെ, ഇടവകാംഗങ്ങൾക്കു വ്യക്തമായി മനസ്സിലാകാത്ത രീതിയിൽ ഓടിച്ചു വായിക്കുകയായിരുന്നു.

ഓരോ ഇടവകയിലും വൈദഗ്ധ്യമുള്ള അൽമായരെ ഉൾപ്പെടുത്തി സാമ്പത്തികകാര്യസമിതി ഉണ്ടാക്കണമെന്നായിരുന്നു ഇടയലേഖനത്തിലെ നിർദ്ദേശം. ഇങ്ങനെ ഒരു സമിതി ഉണ്ടായാൽ വൈദികർക്ക് പള്ളികളിലെ സാമ്പത്തികകാര്യങ്ങളിലുള്ള നിയന്ത്രണം നഷ്ടപ്പെടുമെന്ന ഭയംമൂലം അവർ ഇടയലേഖനം വായിക്കാതെ ഒഴിവാക്കുകയായിരുന്നെന്നാണ് വിശ്വാസികൾ ആരോപിക്കുന്നത്....

*–‘സഭാസിനഡെ’ന്ന കള്ളപ്പേരിൽ നടത്തിപ്പോന്ന ‘മെത്രാൻസിനഡു’കൾക്കുപകരം, വൈദികരുടെയും സന്ന്യസ്തരുടെയും വിശ്വാസിസമൂഹത്തിന്റെയും കൂടി പ്രതിനിധികളെ പങ്കെടുപ്പിച്ച് വരാപ്പുഴ രൂപത അടുത്തയിടെ നടത്തിയ യഥാർത്ഥ സഭാസിനഡ് കേരളസഭയിൽ ഒരു വഴിത്തിരിവിനു നാന്ദി കുറിച്ചിരിക്കുന്നു എന്നത് ശുഭോദർക്കമാണ്. അതിന്റെ അലകൾ സീറോ-മലബാർ, സീറോ-മലങ്കര സഭകളിലേക്കുകൂടി പടരും എന്ന കാര്യത്തിൽ സംശയമില്ല. ഈ സാഹചര്യത്തിലാണ്, ഈ സിനഡെടുത്ത സുപ്രധാന തീരുമാനങ്ങളടങ്ങിയ ഇടയലേഖനം പള്ളികളിൽ വായിക്കാതിരുന്ന് അതിനെ അട്ടിമറിക്കാൻ കുറെ പുരോഹിതർ നടത്തിയ ശ്രമത്തെ വിലയിരുത്തേണ്ടത്.*

*‘മെത്രാൻസിനഡു’കളുടെ തീരുമാനങ്ങൾ വായിക്കാതിരിക്കാൻ വൈദികർക്കും, വായിച്ചാൽത്തന്നെ അനുസരിക്കാതിരിക്കാൻ വിശ്വാസിസമൂഹത്തിനു അവകാശമുണ്ട്. കാരണം, തീരുമാനമെടുക്കൽ പ്രക്രിയയിൽ അവർക്കു ഭാഗഭാഗിത്വമുണ്ടായിരുന്നില്ലല്ലോ. ഇവിടെ സ്ഥിതി വ്യത്യസ്തമാണ്. എല്ലാവിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ എടുക്കുന്ന, ‘സഭാസിനഡി’ന്റെ തീരുമാനങ്ങൾ സഭാതീരുമാനങ്ങൾതന്നെയാണ്. അവയെ ധിക്കരിക്കുകയെന്നാൽ സഭയെ ധിക്കരിക്കുകയെന്നാണ്.*

*സഭാനടത്തിപ്പിൽ സുതാര്യതയും ജനാധിപത്യവും പുനഃസ്ഥാപിക്കാനുള്ള നിർദ്ദേശങ്ങളോടെ ഇറക്കിയ ഇടയലേഖനം തങ്ങളുടെ സാമ്പത്തിക-അധികാര താല്പര്യങ്ങൾ സംരക്ഷിക്കുകയെന്ന സ്വാർത്ഥലക്ഷ്യത്തോടെ ധിക്കാരപൂർവ്വം വായിക്കാതിരുന്ന വൈദികർക്കെതിരെ നടപടി സ്വീകരിക്കാൻ രൂപതാമെത്രാനും അതിനു സമ്മർദ്ദംചെലുത്താനും പിന്തുണനൽകാനും വിശ്വാസിസമൂഹവും തയ്യാറാകേണ്ടിയിരിക്കുന്നു.*

## ഖേദപൂർവ്വം!

ശ്രീ ജോസഫ് കാലായിലിന്റെ ‘വിശുദ്ധബലിയിലെ ഭാഷയും പ്രയോഗങ്ങളും’ എന്ന ലേഖനത്തിന്റെ തുടർച്ച ഈ ലക്കത്തിൽ ചേർക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. പതിവുപോലെ, പല പ്രമുഖരചനകളും ഇപ്രാവശ്യവും, സ്ഥലപരിമിതിമൂലം, മാറ്റിവയ്ക്കേണ്ടിവന്നു എന്നും അറിയിക്കട്ടെ. – എഡിറ്റർ

# പഞ്ചതന്ത്രജ്ഞനായ പാപ്പായുടെ പാത പിന്തുടരുക

**ഇപ്പൻ**



**ജീ**വിതത്തിൽ ഒരു നല്ല വേദപാഠക്ലാസിലേ ഞാൻ ഇരുന്നിട്ടുള്ളൂ. പാലാ കോളേജിലെ ഇക്കണോമിക്സ് അദ്ധ്യാപകനായിരുന്ന പി.ജെ. ജയിംസ് സാറിന്റെ സഭാചരിത്രക്ലാസിൽ. എന്റെ അറിവു ശരിയാണെങ്കിൽ, വേദപാഠത്തിന് പാലാ രൂപതയിൽനിന്ന് റിക്കാർഡ് മാർക്കോടെ സ്കോളർഷിപ്പ് വാങ്ങിയ ആളാണദ്ദേഹം. അദ്ദേഹം ഇന്ന് സി.പി.ഐ. (എം.എൽ)-ന്റെ കേന്ദ്രകമ്മിറ്റി അംഗമാണ്. (ഹൈപ്പേഷ്യയെ വലിച്ചുകീറിയ സഭയുടെ ചരിത്രം പഠിക്കുന്നവർ നക്സലൈറ്റുകളാവാൻ സാധ്യതയുണ്ട്! മക്കളെ സ്നേഹമുള്ള മാതാപിതാക്കൾ ജാഗ്രതൈ!) ഈയിടെ അദ്ദേഹം ഫ്രാൻസീസ് മാർപാപ്പായെക്കുറിച്ചു ചില നല്ല കാര്യങ്ങൾ എന്നോടു പറഞ്ഞു. “അദ്ദേഹം കണ്ണിങ്ങ്-cunning- ആണ്. കണ്ണിങ്ങാണെന്നു പറഞ്ഞത് നല്ല അർത്ഥത്തിലാണുകേട്ടോ. ലാറ്റിനമേരിക്കയിലെ പട്ടാളഭരണകൂടത്തിനുകീഴിൽ അടങ്ങിയൊതുങ്ങിക്കഴിഞ്ഞു. അവിടെ പല മെത്രാന്മാരുടെയും കർദ്ദിനാളന്മാരുടെയും തലവെട്ടി. അദ്ദേഹംമാത്രം രക്ഷപ്പെട്ടു. അധികാരം കിട്ടി സുരക്ഷിതസ്ഥാനത്തെത്തിയപ്പോൾ തന്ത്രപൂർവ്വം ജൈത്രയാത്രയും ആരംഭിച്ചു. വലിയ കാര്യങ്ങളാണദ്ദേഹം ഇപ്പോൾ പറയുന്നതും ചെയ്യുന്നതും.”



ശ്രീ ജോർജ് മൂലേച്ചാലിലിന്റെ ‘കെ.സി.ആർ.എമ്മും സഭാനവീകരണവും’ എന്ന മുഖക്കുറിക്കു പ്രതികരണമെഴുതിത്തുടങ്ങിയപ്പോൾ എന്റെ മനോമുകുരത്തിൽ ആദ്യം തെളിഞ്ഞത് സിനഡിൽ കർദ്ദിനാളന്മാരുടെ ഇടയിൽക്കൂടി കള്ളപ്പുഞ്ചിരി പൊഴിച്ചുകൊണ്ടു സഞ്ചരിക്കുന്ന പഞ്ചതന്ത്രജ്ഞനായ പാപ്പായുടെ ചിത്രമാണ്. ദീർഘസ്പർശനശക്തിയുള്ള അതിമാനുഷമസ്തിഷ്കവും വിപ്ലവബോധംകൊണ്ടു തുടിക്കുന്ന ഇരട്ടച്ചങ്കും മനുഷ്യസ്നേഹസുധാപരിപൂർണ്ണമായ വാടാക്കരളും ഒത്തിണങ്ങിയ ഒരു പോപ്പുതന്നെ നവീകരണനായകനാവുക! ആഃ ചരിത്രം നവീകരണപ്രസ്ഥാനങ്ങളെ ഇതിനുമപ്പുറം വാരിക്കോരി അനുഗ്രഹിക്കാനുണ്ടോ? നായകനെ അനുസരിക്കാനുള്ള ബാദ്ധ്യത അനുയായികൾക്കുണ്ട്. ആ ബാധ്യത എഡിറ്റർ തൃപ്തികരമായി നിറവേറ്റുന്നുണ്ട്, മുഖക്കുറിയിൽ. രസകരമായ ഉപമകളിലൂടെയും ഉദാഹരണങ്ങളിലൂടെയും ആശയങ്ങൾ വിശദീകരിച്ചിരിക്കുന്നു. മദ്യലഹരിക്കടിപ്പെട്ടവനെയും ഭക്തിലഹരിക്കടിപ്പെട്ടവനെയും ഒരേ വണ്ടിക്കുകെട്ടി മാലോപമയുടെ മാലപ്പടക്കം പൊട്ടിക്കുന്നതുനോക്കുക. മുഖപ്രസംഗത്തിലെ വിശദീകരണങ്ങളും നിർദ്ദേശങ്ങളും പാപ്പായുടെ നയങ്ങൾക്കും തന്ത്രങ്ങൾക്കും വിരുദ്ധമല്ല. എങ്കിലും ആ മുഖപ്രസംഗത്തോട് നീതി പുലർത്തണമെങ്കിൽ, പ്രതികരണം തന്ത്രശാലിയായ പാപ്പായെ കുറച്ചുകൂടി അടുത്തുനിന്നു കാണുവാൻ വായനക്കാരെ പ്രേരിപ്പിക്കുന്നതാവണമെന്ന് എനിക്കു തോന്നി.

അധികാരമേറ്റ അന്നുമുതൽ മാധ്യമങ്ങളുടെ വെള്ളിവെളിച്ചത്തിലേക്കു നീങ്ങനിൽക്കുവാൻ അദ്ദേഹം ശ്രമിക്കുന്നതു കാണാം; ഒരു ന്യൂസ്മേക്കറാവാൻ തിടുക്കപ്പെടുന്നതുപോലെ. ഒന്നാമത്, ഇതു സ്വയരക്ഷയെ മുൻനിർത്തിയാണ്. ജോൺപോൾ ഒന്നാമന്റെ ഗതി വരരുതല്ലോ. അതോടൊപ്പം, തന്ത്രപൂർവ്വം എത്രയുംവേഗം താൻ പ്രതിനിധാനംചെയ്യുന്ന ആശയങ്ങൾ അദ്ദേഹം ലോകത്തിന്റെ മുമ്പിൽ എത്തിച്ചു. അഥവാ തന്റെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടാൽ തന്റെ രക്തം തന്റെ ആശയങ്ങളെ അനശ്വരമാക്കണമെന്ന് ആ ക്രാന്തദർശി കണക്കുകൂട്ടി. കത്തോലിക്കാമാഫിയായുടെ ബുദ്ധികേന്ദ്രം ഇനി ആ കഠോരകൃത്യത്തിനു തയ്യാറാവുകയില്ലെന്നാണെന്റെ അനുമാനം. അദ്ദേഹത്തിന്റെ ആത്മാവ് പോകുന്ന പോക്കിൽ കുഞ്ഞെക്കുട്ടിപ്പിള്ളക്കാര്യക്കാരെപ്പോലെ, കത്തോലിക്കാസഭയുടെ രണ്ടായിരം വർഷത്തെ സമ്പാദ്യമായ മലിനജലസേതു തകർത്തു

കൊണ്ടേ പോകൂ എന്ന് അവർക്കറിയാം (സി.വി. രാമൻപിള്ളയുടെ രാജ്യസ്നേഹിയായ ഈ കഥാപാത്രം യോഗബലംകൊണ്ട് കുണ്ഡലിനീശക്തിയെ മൂലാധാരത്തിൽനിന്നുണർത്തി മൂർദ്ധാവിലെത്തിച്ച് ആ ശക്തികൊണ്ട് ആലുവാപ്പുഴയിലെ അണക്കെട്ട് ഒറ്റയ്ക്കു തകർത്ത് ആലുവാ മണപ്പുറത്തു തമ്പടിച്ചിരുന്ന ടിപ്പുവിന്റെ സൈന്യത്തോടൊപ്പം ഒലിച്ചുപോയി.)

പാപ്പായെ പിന്തുടർന്നുതുടങ്ങിയ അന്നുമുതൽ പാപ്പാവാർത്തകൾ ഞാൻ പത്രങ്ങളിൽ പരതുവാൻ തുടങ്ങി. പാപ്പായോട് അധികം നീതി പുലർത്തിയത് മംഗളവും അനീതി ചെയ്തത് മനോരമയുമായിരുന്നു. ലോകത്തിലെ മുഖ്യധാരാമാധ്യമങ്ങൾ തന്നെയും തന്റെ ആശയങ്ങളെയും ക്രമേണ അവഗണിക്കുകയാണോ എന്ന് ആ തന്ത്രശാലിക്കു തോന്നിക്കാണണം. ഹരിതകേരളത്തെക്കുറിച്ചുള്ള ചർച്ച ബഹുജനങ്ങളെ ചാനലുകളുടെ മുമ്പിലെത്തിക്കില്ല. ആളുകൾ തടിച്ചുകൂടണമെങ്കിൽ സരിതകേരളം ചാക്യാർ കൂത്തുവേണം. പാപ്പാ ന്യൂ ജനറേഷൻ ചീട്ട് ഇറക്കി. പാണ്ഡിത്യ പിചിണ്ഡിലങ്ങളായ ചർച്ചാവിഷയങ്ങളൊക്കെ ഒരുവശത്തേക്കു മാറ്റിയിട്ട്, 'ഇച്ചീച്ചി' വിഷയങ്ങളെക്കുറിച്ച് ഒരു സിനഡ്! സ്വവർഗ്ഗരതി, ലിവിങ് ടുഗെദർ, വിവാഹം, ഗർഭം, ഗർഭച്ഛിദ്രം, വിവാഹമോചനം..... ലോകം ഇളകിമറിഞ്ഞു. സോഷ്യൽ മീഡിയാകളിലും മുഖ്യധാരാപത്രങ്ങളിലും ചർച്ചകൾ കത്തിത്തകർത്തു. ആനയെ അളുക്കിലടയ്ക്കാൻ പറ്റില്ലെന്ന് മനോരമയ്ക്കും മനസ്സിലായി. അവരിപ്പോൾ മംഗളത്തെയും കടത്തിവെട്ടി ഗോളടിച്ചുതുടങ്ങി. സിനഡിൽ പ്രമേയങ്ങളൊന്നും പാസായില്ലെങ്കിലും മൈക്ക് പാപ്പായുടെ കൈയിലായി. കുഞ്ഞുങ്ങൾ വിശന്നു കരയുമ്പോൾ, 'കണ്ണാ നിനക്കെങ്ങനെ കനകാഭരണങ്ങൾ അണിയാൻ കഴിയുന്നു' എന്നു പാടിയ ഭക്തമീരയുടെ വികാരപാരവശ്യത്തോടെ ആ മൈക്കിലൂടെ മനുഷ്യസ്നേഹിയായ ആ ന്യൂസ്മേക്കർ അരവയർ നിറയാതെ കീറ ഉറക്കപ്പായിൽക്കിടന്നു പിച്ചും പേയും പറയുന്ന കോടിക്കണക്കിനു കുഞ്ഞുമക്കൾക്കുവേണ്ടി കണ്ഠക്ഷോഭം കൂട്ടിക്കരയുന്നു. ഭോഗവും ഗർഭവും ച്ഛിദ്രവുമൊക്കെ അദ്ദേഹം മാധ്യമങ്ങൾക്കുവേണ്ടി ഇട്ട ചൂണ്ടയിൽ കോർത്ത ഇരകൾമാത്രം!

പാപ്പാവൃത്തത്തിനൊത്തില്ലെങ്കിൽ വൃത്തത്തെ പാപ്പായ്ക്കൊപ്പിക്കുക എന്ന നയമാണ് പാപ്പായുടെ കാര്യത്തിൽമാത്രം ഞാൻ സ്വീകരിക്കുക. പുരോഗമനക്കാരനായ പാപ്പാ ആയിരങ്ങളെ പുണ്യവാന്മാരാക്കുന്നതെന്തുകൊണ്ടെന്നു ചോദിച്ചവരോട്, അതു നിലവിലുള്ള പുണ്യവാളന്മാരുടെയുംകൂടി വിലയിടിക്കാനുള്ള പാപ്പായുടെ തന്ത്രമാണെന്നു ഞാൻ പറഞ്ഞു. ഈയിടെ പതിന്നാലായിരം പേരെ ഒന്നിച്ചാണ് പുണ്യവാന്മാരാക്കിയത്! കാര്യങ്ങൾ ഇങ്ങനെ പുരോഗമിച്ചാൽ പാപ്പാ റിട്ടയർ ചെയ്യുന്നതിനുമുമ്പ് എല്ലാ കത്തോലിക്കരും പുണ്യവാന്മാരായിരിക്കും. വിശ്വാസികൾ ആദിമസഭയിൽ വിശേഷിപ്പിക്കപ്പെട്ടിരുന്നത് 'വിശുദ്ധജനം' എന്നായിരുന്നല്ലോതാനും. പുരോഹിതബ്രഹ്മചര്യം ഉടനടി എന്തുകൊണ്ടു നിർത്തലാക്കുന്നില്ലെന്നു ചോദിച്ചവരോട്, ഇരുന്നിട്ടു കാലു നീട്ടുന്നവനാണദ്ദേഹമെന്നു ഞാൻ പറഞ്ഞു. ചിലർക്കറിയേണ്ടത് അറയ്ക്കൽ പിതാവിനെ എന്തുകൊണ്ട് ഉടനടി മഹറോൻ ചൊല്ലുന്നില്ലെന്നാണ്. ചോദ്യകർത്താക്കന്മാരെല്ലാം ഇങ്ങനെ അറക്കുന്നതിനുമുമ്പേ പിടയ്ക്കാൻ തുടങ്ങിയാലോ? യൂറോപ്പിലൊരു മെത്രാനെ മഹറോൻ ചൊല്ലിയാൽ അയാളുടെ കൂടെക്കൂടാൻ ആരും കാണില്ല. ഇവിടെ അമ്പതുശതമാനം മണ്ടന്മാർ മെത്രാന്മാരുടെ കൂടെക്കൂടാനും കാണും. അവർ പാപ്പാ യുക്തിവാദിയാണെന്നും നിരീശ്വരനാണെന്നും മാവോയിസ്റ്റാണെന്നുംവരെ പറഞ്ഞുപരത്തും. കേരളത്തിലെ മെത്രാന്മാർക്ക് അദ്ദേഹം അതുകൊണ്ട് ആയുർവ്വേദ ചികിത്സയാണ് കൊടുക്കുന്നത്. അതു കാലക്രമേണ അവരെ തളർത്തിക്കൊള്ളും.

ഒപ്പം, 'ഒരു കത്തോലിക്കാ ദൈവവമില്ല' എന്ന പ്രസ്താവനവഴി അലോപ്പതി മാർഗ്ഗത്തിൽ ഷോക്ക്ട്രീറ്റുമെന്റ് നടത്തി കത്തോലിക്കാ മാഫിയായുടെ മാത്രമല്ല, എല്ലാ സെമിറ്റിക് മതമാഫിയാകളുടെയും അസ്തിവാരം തകർക്കുകയും ചെയ്യുന്നു. എന്റെ ദൈവം മാത്രമാണു സത്യദൈവമെന്ന മൂഢവിശ്വാസത്തിൽനിന്നാണ് വർഗ്ഗീയതയുടെയും മതതീവ്രവാദത്തിന്റെയും ഉദയം. ആ ഒറ്റ പ്രസ്താവനവഴി അദ്ദേഹം ചാടിയത് ഒരു ഹനുമാൻ ചാട്ടമാണ്. ഹനുമാൻ ചാടിയത് അയോധ്യയിൽനിന്നു ലങ്കയിലേക്കാണെങ്കിൽ, പാപ്പാ ചാടിയത് വ്യാജ ആത്മീയതയുടെ ഊഷരഭൂമിയിൽനിന്ന് ആരോഗ്യകരമായ ആത്മീയതയുടെ നവശാദ്വലഭൂമിയിലേക്കാണ്. അവിടെനിന്നും മനുഷ്യകേന്ദ്രിതമായ ആത്മീയതയിലേക്ക് ദൂരം വളരെ കുറച്ചേയുള്ളൂ. അവിടെ എത്തിയാലോ? ആഃ അവിടമാണ് പാലും തേനും ഒഴുകുന്ന സാക്ഷാൽ കാനാൻ ദേശം!

എഡിറ്റർക്ക് ഇങ്ങനെയൊരു മുഖപ്രസംഗം കുറിക്കാൻ പ്രേരണയായത്, 'സത്യജ്വാല'യിൽ പ്രത്യക്ഷപ്പെട്ട 'കെ.സി.ആർ.എം. മാതാവി'നോടുള്ള പ്രാർത്ഥനയെക്കുറിച്ച് തകിടിയേൽ മാത്തുക്കുട്ടിച്ചായനും ജെയിംസ് ഐസക് കുടമാളൂർ സാറും എഴുതിയ വിയോജനക്കുറിപ്പുകളാണെന്നു തോന്നുന്നു. ഓശാനയിൽ പുലിക്കുന്നേൽ സാറിന്റേതുകഴിഞ്ഞാൽ ഞാൻ താല്പര്യത്തോടെ വായിച്ചിരുന്ന ലേഖനങ്ങളാണു ഈ രണ്ടുപേരുടെയും. പിന്മികളായ നമുക്കൊക്കെ അഹങ്കാരംകൊണ്ട് ലേശം പൊക്കക്കൂടുതൽ തോന്നുന്നുണ്ടെങ്കിൽ അത് ആ പൂർവ്വസൂരികളുടെ തോളിൽ കയറി നിൽക്കുന്നതുകൊണ്ടു മാത്രമാണ്. നവീകരണം ഒരു റിലേ ഓട്ടമാണ്. അവരൊക്കെ ത്യാഗനിർഭരമായ മാര

ത്തൺ ഓട്ടം കഴിഞ്ഞ് നമ്മെ ഏല്പിച്ച കമ്പാണു നമ്മുടെ കൈയിലിരിക്കുന്നതെന്ന കാര്യം നമ്മൾ ഒരിക്കലും വിസ്മരിക്കരുത്. നമ്മളതൊടിക്കുകയാണെന്നു തോന്നിയാൽ അവർക്ക് വായ് പൂട്ടി ഇരിക്കാനാവില്ല. കെ.സി. ആർ.എമ്മിന്റെ മാസയോഗങ്ങളിൽ പങ്കെടുക്കുന്നവരും 'സത്യജ്വാല' വായിക്കുന്നവരും ബുദ്ധിജീവികളും സ്വതന്ത്രചിന്തകരുമാണ്. വട്ടായിലച്ചന്മാരുടെ ധ്യാനങ്ങളും വചനോത്സവവും ഒക്കെ ചെകിടിച്ചിട്ടാണ് അവർ കെ.സി.ആർ.എമ്മിലെത്തി 'സത്യജ്വാല'യും കക്ഷത്തിലിടുക്കിക്കൊണ്ടുപോകുന്നത്. ഇവിടെ പന്തോം കൊളുത്തി പടയായയാലോ? ഉത്തരത്തിലിരിക്കുന്ന അന്ധവിശ്വാസികളായ കുഞ്ഞാടുകളെ പിടിക്കാനുള്ള ശ്രമം കക്ഷത്തിലിരിക്കുന്ന സ്വതന്ത്രചിന്തകരെ നഷ്ടപ്പെടുത്തിയെന്നിരിക്കും. അന്ധവിശ്വാസികളും ഭീരുക്കളുമായ പത്തുകോടി കുഞ്ഞാടുകളെക്കാൾ ശത്രുക്കൾ ഭയപ്പെടുന്നത് ഒരു 'പുലി'യെയാണ്. 16 അക്ഷൗഹിണി യാദവപ്പട വേണോ, തന്നെ വേണോ എന്നു ഭഗവാൻ അർജ്ജുനനോടും ദുര്യോധനനോടും ചോദിച്ചപ്പോൾ, അങ്ങയെ വേണം എന്നാണ് ബുദ്ധിമാനായ അർജ്ജുനൻ പറഞ്ഞത്. യോഗത്തിന്റെ തുടക്കത്തിലുള്ള മൗനപ്രാർത്ഥന കണിശ്ശമായും വേണം. ആവശ്യമുള്ള സന്ദർഭങ്ങളിൽ നമുക്കു കർത്താവു പഠിപ്പിച്ച പ്രാർത്ഥനയും ഉണ്ടല്ലോ. കെ.സി.ആർ.എം. യോഗങ്ങളും സത്യജ്വാലയും മുഖ്യമായും ചർച്ചകൾക്കും സംവാദങ്ങൾക്കുമുള്ള വേദിയായിരിക്കണം. അടുത്ത പ്രധാന സിനഡിനുള്ള വിഷയം നിർദ്ദേശിച്ചിട്ട് ഫ്രാൻസീസ് മാർപാപ്പാ പറഞ്ഞത് പ്രാർത്ഥിക്കാനല്ല, ഇടവകതലംതൊട്ട് മേപ്പടി വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനാണ്.

പുലിക്കുന്നേൽ സാറു പറഞ്ഞ ഒരനുഭവം കുറിച്ച് ഉപസംഹരിക്കാം. ഏതോ ഇടവകയിലൊരു ഭിന്നിപ്പ്. ഇടനിലക്കാരനായി സാറുചെന്നു. വാഗ്വാദം ഗോഗ്വാവിളിയിലെത്തി. അടി ഇപ്പോൾ പൊട്ടുമെന്ന മട്ടായി. സാറു ചാടി എഴുന്നേറ്റ് ഉച്ചത്തിൽ പറഞ്ഞു. 'നമുക്കു ബൈബിൾ വായിച്ചു പ്രാർത്ഥിച്ചശേഷം ചർച്ച തുടരാം.' മൊട്ടുസൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദതയായി. സാറ് ഉചിതമായ ഒരു സുവിശേഷഭാഗം വായിച്ചു. അതു വ്യാഖ്യാനിച്ചു. അതിന്റെ വെളിച്ചത്തിൽ ഒരു സ്വയം പ്രേരിതപ്രാർത്ഥന നടത്തി. പ്രശ്നവും പരിഹരിച്ചു. ഈ അനുഭവത്തിന്റെ ഗുണപാഠമെന്താണ്? പ്രാർത്ഥന വേണമെന്നാണോ? വേണ്ടെന്നാണോ? ഇതൊന്നുമല്ല. ബുദ്ധിമാന്മാർ കാലദേശാവസ്ഥാനുരൂപമായി പ്രവർത്തിക്കും, അത്രതന്നെ. മണ്ണയ്ക്കനാട്ടും കുരീപ്പുഴയിലും ആളിയ ഭക്തിജ്വാലയിൽ വെന്ത പരിപ്പ് കെ.സി.ആർ.എമ്മിന്റെ 'സത്യജ്വാല'യിൽ വേവില്ല.

*ഫോൺ: 9446561252* ■

# രക്തമാറ്റം സൃഷ്ടിച്ച പൊല്ലാപ്പ്!

**സി.കെ. പുന്നൻ**

**കു**റച്ചുനാൾമുമ്പ് പാലാക്കാരനായ ഒരു മുൻ അധ്യാപകൻ ഒരു വാഹനാപകടത്തിൽപെട്ടു. അദ്ദേഹത്തിന്റെ ഒത്തിരി രക്തം വാർന്നുപോയി. ഉടൻതന്നെ, അദ്ദേഹത്തെ കോട്ടയത്തുള്ള ഒരാശുപത്രിയിൽ പ്രവേശിപ്പിക്കുകയും, അവിടെ രക്തം കൊടുക്കുന്നതിനുള്ള ഏർപ്പാടു ചെയ്യുകയും ചെയ്തു. കുറച്ചുദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന് സൗഖ്യമായി.. ഈ വ്യക്തി ശാന്തശീലനും വീട്ടിലും നാട്ടിലും എല്ലാവരോടും വളരെ മാന്യമായി പെരുമാറുന്നവനുമായിരുന്നു. കുട്ടികളോടൊക്കെ ഒരു നല്ല അധ്യാപകനടുത്ത സമീപനമായിരുന്നു, അദ്ദേഹത്തിന്. അതിനാൽത്തന്നെ അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായിരുന്നു. ഇദ്ദേഹത്തിനുണ്ടായ അപകടമറിഞ്ഞ് നാട്ടിൽ വിഷമിക്കാത്തവരില്ലായിരുന്നു.

എന്നാൽ അദ്ദേഹം, ചികിത്സ കഴിഞ്ഞു തിരിച്ചെത്തിയത് വേറൊരാളെപ്പോലെയായിരുന്നു! സ്വഭാവത്തിന് അത്രമേൽ മാറ്റമാണു കാണപ്പെട്ടത്. അജ്ഞതയും അവിവേകവും അഹങ്കാരവും അഹംഭാവവും നിറഞ്ഞ വകതിരിവില്ലാത്ത ഒരാളുടെ ഭാവഹാവാദികൾ അദ്ദേഹം പ്രകടിപ്പിച്ചുതുടങ്ങി. മറ്റുള്ളവരെ, പ്രത്യേകിച്ച് ഭാര്യയെയും മക്കളെയും, പുച്ഛത്തോടെ കാണുകയും അതിനാൽത്തന്നെ കുടുംബത്തിൽ കലഹങ്ങൾ ഉടലെടുക്കുകയും ചെയ്തു.

സഹികെട്ട വീട്ടുകാർ, അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടറെ ചെന്നുകണ്ട് വിവരം പറഞ്ഞു. അല്പനേരം ചിന്തയിലാണ്ട ഡോക്ടർ മറ്റൊരു സംഭവം ഓർമ്മിച്ചെടുത്തു. കുറച്ചു മാസങ്ങൾക്കുമുമ്പ് മറ്റൊരു രോഗിക്ക് രക്തം നൽകേണ്ടിവന്ന കാര്യമായിരുന്നു, അത്. അന്നു രക്തം സ്വീകരിച്ചയാൾ അഹംഭാവിയും, മറ്റുള്ളവരൊക്കെ ഹീനരും അധഃകൃതരുമാണെന്നു പ്രചരിപ്പിക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു. പക്ഷേ, രക്തം മാറിയതിനുശേഷം അയാൾ ശാന്തശീലനും എല്ലാവരോടും സഹകരണത്തോടെ പെരുമാറുന്നവനുമായിത്തീർന്നു. വീട്ടുകാർക്ക് സന്തോഷമായെങ്കിലും ഇടവക വൈദികന് ഇദ്ദേഹത്തിനുണ്ടായ ഈ മാറ്റത്തെ ഉൾക്കൊള്ളാൻ

*(ശേഷം 34-ാം പേജിൽ)*

# സഭയിലേയ്ക്കു മടങ്ങിയേക്കുമെന്ന് ക്യൂബൻ നേതാവ് റൗൾ കാസ്ട്രോ



'അപ്രതീക്ഷിതമായി വത്തിക്കാനിലെത്തി ഫ്രാൻസീസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയ ക്യൂബൻ പ്രസിഡന്റ് റൗൾ കാസ്ട്രോ, ഫ്രാൻസീസ് മാർപാപ്പയെ അകമഴിഞ്ഞു ശ്ലാഘിച്ചുകൊണ്ടാണു മടങ്ങിയത്. പാപ്പയുടെ വ്യക്തിത്വത്തിൽ താൻ തികച്ചും ആകൃഷ്ടനാണെന്നും കത്തോലിക്കാസഭയിലേക്കു മടങ്ങുന്നതിനെക്കുറിച്ച് താൻ ആലോചിക്കുന്നുണ്ടെന്നും കാസ്ട്രോ പറഞ്ഞു....... ക്യൂബയിൽ കമ്മ്യൂണിസ്റ്റ്ഭരണം കൊണ്ടുവന്ന വിപ്ലവനേതാവ് ഫിദെൽ കാസ്ട്രോയുടെ സഹോദരൻകൂടിയാണ് റൗൾ കാസ്ട്രോ. ഏറെക്കാലം ക്യൂബയിൽ സഭയ്ക്കു പ്രവർത്തനസ്വാതന്ത്ര്യം നിഷേധിച്ചിരുന്നു..... ഫ്രാൻസീസ് മാർപ്പാപ്പ ക്യൂബ സന്ദർശിക്കുമ്പോൾ അദ്ദേഹമർപ്പിക്കുന്ന ദിവ്യബലികളിൽ പങ്കെടുക്കുമെന്ന് റൗൾ കാസ്ട്രോ അറിയിച്ചു. സംതൃപ്തിയോടെയായിരിക്കുമിത്. മാർപാപ്പയുടെ ജ്ഞാനവും ലാളിത്യവും മറ്റു നന്മകളുമാണ് നമ്മെ ആകർഷിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും അഭിപ്രായപ്രകടനങ്ങളുമെല്ലാം ഞാൻ വായിക്കുന്നുണ്ട്. ഈ നിലയ്ക്കാണ് അദ്ദേഹം തുടരുന്നതെങ്കിൽ പ്രാർത്ഥനയിലേക്കും പള്ളിയിലേക്കും ഞാൻ മടങ്ങിപ്പോകും. ഞാൻ തമാശ പറയുകയല്ല - കാസ്ട്രോ വിശദീകരിച്ചു' ('സത്യദീപ'ത്തിൽ നിന്നെടുത്തത്: ലക്കം 2015 മെയ് 14-20)

*-ഫ്രാൻസീസ് മാർപ്പാപ്പാ വാക്കിലും പെരുമാറ്റത്തിലും പ്രകാശിപ്പിക്കുന്ന 'ജ്ഞാനവും ലാളിത്യവും മറ്റു നന്മകളും' ഏതു കമ്മ്യൂണിസ്റ്റുകാരനെയും മാനസാന്തരപ്പെടുത്താൻ പോരുന്നതാണെന്ന റൗൾ കാസ്ട്രോയുടെ സാക്ഷ്യപ്പെടുത്തൽ എല്ലാ ക്രൈസ്തവമേലദ്ധ്യക്ഷന്മാരുടെയും കണ്ണുതുറപ്പിക്കേണ്ടതാണ്. വാസ്തവത്തിൽ, ഈ ജ്ഞാനവും ലാളിത്യവും മറ്റു നന്മകളും അവർക്കില്ലാതെ പോയതാണ് കമ്മ്യൂണിസവും സായുധവിപ്ലവപ്രസ്ഥാനങ്ങളുമൊക്കെ ജന്മമെടുക്കാൻതന്നെ കാരണം. സ്നേഹതാതനായ ദൈവത്തെ രാജാധിരാജനായ ചക്രവർത്തിയുടെ രൂപംകൊടുത്ത് അവതരിപ്പിച്ചതാണ്, നിരീശ്വരചിന്തയെ വളർത്തിയത്. 'എന്നെ വിശ്വസിച്ചംഗീകരിച്ചില്ലെങ്കിൽ നരകശിക്ഷ' എന്നു പറയുന്ന യേശുവിനെ അവതരിപ്പിച്ചതാണ് മനുഷ്യർ യേശുവിനെയും സഭയെയും തിരസ്കരിക്കാൻ കാരണമായത്.....*

*ഫ്രാൻസീസ് മാർപ്പാപ്പാ യഥാർത്ഥ യേശുവിനെ സ്വന്തം വാക്കുകളിലൂടെയും പെരുമാറ്റത്തിലൂടെയും വീണ്ടെടുത്തു പുനരവതരിപ്പിക്കുന്നു. ആ യേശുവിനെയും ആ യേശുവിന്റെ സഭയെയും ആർക്കു തിരസ്കരിക്കാനാകും? നമ്മുടെ മെത്രാന്മാർ ഇക്കാര്യത്തിൽ മാർപ്പാപ്പായെ അനുസരിക്കാനോ അനുകരിക്കാനോ തയ്യാറല്ല എന്നതാണ് ഇന്നിന്റെ പ്രശ്നം.* ■

# സഭയുടേത് അപ്പസ്തോലന്മാരുടെ ദൈവശാസ്ത്രവും ക്രിസ്റ്റോളജിയും

**റവ.ഡോ. സിപ്രിയൻ ഇല്ലിക്കമുറി OFM (Cap.)**

*കേരളകത്തോലിക്കാസഭയിൽ, വചനവ്യാഖ്യാതാവ്, ചിന്തകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ പരക്കെ ആദരിക്കപ്പെടുന്ന പ്രമുഖ കപ്പൂച്ചിൻ വൈദികനാണ് ബഹു.ഡോ. സിപ്രിയൻ ഇല്ലിക്കമുറി എന്ന് എല്ലാവർക്കും അറിയാം. 2015 മാർച്ചു ലക്കം സത്യജ്വാലയിൽ വന്ന 'മുഖക്കുറി' (ക്രിസ്റ്റോളജി എന്ന തടസ്സക്കല്ല്) വായിച്ച്, 'സത്യജ്വാല തുടർന്നയയ്ക്കേണ്ടതില്ല' എന്നെഴുതി അതിലെ ആശയത്തോട് അദ്ദേഹം എതിർപ്പു പ്രകടിപ്പിച്ചിരുന്നു. എങ്കിലും, എന്റെ അഭ്യർത്ഥന മാനിച്ച്, ആ മുഖക്കുറിയോട് ഇങ്ങനെയൊരു പ്രതികരണലേഖനമെഴുതിത്തരാൻ അദ്ദേഹം സന്മനസ്സുകാട്ടുകയായിരുന്നു. ഇത് 'സത്യജ്വാല' വലിയൊരു കാര്യമായി കാണുന്നു. കാരണം, സഭയിലെ അംഗീകൃതവൈദികർ പൊതുവെ, സ്വതന്ത്ര അത്മായപ്രസ്ഥാനങ്ങളെയും അവ നടത്തുന്ന മാധ്യമപ്രവർത്തനങ്ങളെയും അവയിലൂടെ അവതരിപ്പിക്കപ്പെടുന്ന വീക്ഷണങ്ങളെയും കണ്ടില്ലെന്നു നടിച്ച് അവഗണിക്കുകയാണല്ലോ പതിവ്. എന്നാലിവിടെ, താൻ ശരിയെന്നു വിശ്വസിക്കുന്ന സഭാദർശനത്തിന്റെ വെളിച്ചത്തിൽ, 'സത്യജ്വാല'യുടെ സമീപനത്തിലുണ്ടെന്ന് അദ്ദേഹത്തിനു തോന്നിയ തെറ്റ് സഹോദരബുദ്ധ്യാ ചൂണ്ടിക്കാണിച്ചു വിശദീകരിക്കുകയാണദ്ദേഹം. വീക്ഷണങ്ങൾ തിരുത്തപ്പെട്ടാലുമില്ലെങ്കിലും ഇത്തരം സർഗ്ഗസംവാദങ്ങൾ അതിൽത്തന്നെ മൂല്യവത്താണെന്ന് 'സത്യജ്വാല'കരുതുന്നു-എഡിറ്റർ*

പ്രിയപ്പെട്ട ജോർജ് സാർ,

അയച്ച എഴുത്തുകിട്ടി. നന്ദി പറയുന്നു. 'സത്യജ്വാല' മാസിക തുടർന്ന് അയയ്ക്കേണ്ടതില്ലെന്ന് എഴുതിയത്, അടുത്തിടയായി അതെടുക്കുന്ന ചില നിലപാടുകൾ ക്രൈസ്തവിശ്വാസവുമായി യോജിക്കുന്നവയല്ല എന്നു കണ്ടതുകൊണ്ടാണ്. യേശു മനുഷ്യനായി അവതരിച്ച ദൈവപുത്രനാണെന്നും, അവിടുത്തെ ജീവിതവും പ്രവർത്തനങ്ങളും പ്രഘോഷണവും പീഡാസഹനവും കുരിശുമരണവുമാകുന്ന ജീവിതബലിയും, അതിനു പിതാവിന്റെ പ്രത്യുത്തരമായ ഉയിർപ്പുംവഴി അവിടുന്നു നമുക്കു പാപമോചനവും രക്ഷയും നേടിത്തന്നുവെന്നും ക്രൈസ്തവരായ നാം വിശ്വസിക്കുന്നു. ഈ രക്ഷയിൽ വിശ്വാസവും പ്രത്യാശയുമർപ്പിക്കുമ്പോഴാണ് അവിടുത്തെ അനുഗമിച്ചുകൊണ്ട് അവിടുന്നു പഠിപ്പിച്ച സ്വർഗ്ഗരാജ്യത്തിന്റെ മൂല്യങ്ങളും ആദർശങ്ങളുമെല്ലാം ജീവിക്കുവാൻ നാം പ്രാപ്തരാകുന്നത്. യേശുവിന്റെ ദിവ്യത്വത്തിലും മരണോത്ഥാനങ്ങളിലും വിശ്വസിക്കാതെ, ഉൽകൃഷ്ടമായ ആശയങ്ങളും ഉദാത്തമായ പ്രബോധനങ്ങളുമൊക്കെ നൽകിയ ഒരു നല്ല മനുഷ്യനായിമാത്രം അവിടുത്തെ കരുതുന്നെങ്കിൽ, അതു ക്രൈസ്തവവിശ്വാസമാണെന്നു പറയുവാൻ സാധിക്കയില്ല. പൗലോസ് ശ്ലീഹാതന്നെ പറയുന്നുണ്ടല്ലോ, "ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചു എന്നു ഞങ്ങൾ സാക്ഷ്യപ്പെടുത്തി..... ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽത്തന്നെ വർത്തിക്കുന്നു" (1 കോറി 15: 15–17), എന്ന്.

യേശുവിന്റെ മരണത്തിലും ഉയിർപ്പിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണ് അപ്പസ്തോലന്മാരും ആദിമക്രൈസ്തവരും പലപ്പോഴും ഒരുമിച്ചു കൂടിയത്. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (അപ്പ. 2:42). അപ്പംമുറിക്കൽ ശുശ്രൂഷ അഥവാ വിശുദ്ധ കുർബാനയാചരണം, കൂട്ടായ്മ, പ്രാർത്ഥന, ഇതൊക്കെ യേശുവിന്റെ അപ്പസ്തോലന്മാർതന്നെ തുടങ്ങിയതാണ്, അല്ലാതെ അധികാരത്തിനുവേണ്ടി പുരോഹിതർ തുടങ്ങിയതല്ല. അപ്പസ്തോലന്മാരുടെ പ്രബോധനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, അപ്പസ്തോലന്മാർ ദൈവത്തെപ്പറ്റി യേശുവിൽനിന്നു പഠിച്ചറിഞ്ഞ് അനുഭവിച്ച കാര്യങ്ങളും, യേശു യഥാർത്ഥത്തിൽ ക്രിസ്തു അഥവാ മിശിഹായും രക്ഷകനുമാണെന്നുള്ള അവരുടെ ബോധ്യവും

വിശ്വാസവും അനുഭവവുമൊക്കെ പങ്കുവെച്ചുവെന്നാണല്ലോ. അങ്ങനെ അവർ പങ്കുവെച്ചത് അപ്പസ്തോലന്മാരുടെ ദൈവശാസ്ത്രവും ക്രിസ്റ്റോളജിയുമായിരുന്നു.

യേശു എന്ന ചരിത്രപുരുഷനായ വ്യക്തി ക്രിസ്തുവാണ്, രക്ഷകനാണ്, ദൈവപുത്രനാണ് എന്ന വിശ്വാസം ഏറ്റുപറയുന്നതാണ് ക്രിസ്റ്റോളജി. ഈ വിശ്വാസവും ഏറ്റുപറച്ചിലും ക്രൈസ്തവവിശ്വാസത്തിന്റെ അന്തഃസത്തയാണ്. യേശുവിനെ മഹാത്മഗാന്ധി, ശ്രീനാരായണഗുരു തുടങ്ങിയവരെപ്പോലെ ഒരു നല്ല മനുഷ്യനായിമാത്രം കാണുകയും അവിടുത്തെ രക്ഷാകരകർമ്മത്തെയും ദിവ്യത്വത്തെയും തിരസ്കരിക്കുകയും ചെയ്യുന്നത് ക്രൈസ്തവവിശ്വാസമല്ലതന്നെ. യേശുവിനെ ക്രിസ്തു (ഹെബ്രായഭാഷയിൽ, മിശിഹാ, രക്ഷകൻ) ആയി അംഗീകരിക്കുന്നവനാണല്ലോ ക്രൈസ്തവൻ.

യേശുവിനെ ദൈവപുത്രനും ദൈവവും ആരാധ്യനുമായി ക്രൈസ്തവർ പരിഗണിക്കുന്നത് കൗൺസിലുകളോ മനുഷ്യരോ അങ്ങനെ പ്രഖ്യാപിച്ചതുകൊണ്ടല്ല. അതു വിശുദ്ധ ലിഖിതങ്ങളുടെതന്നെ സാക്ഷ്യമാണ്: മത്താ. 3:17; 14:33; 17:5; 26:63-64; മർക്കോ. 1:1; 15:39; ലൂക്കാ. 1:35; യോഹ. 3:18; 10:36; 20:28; അപ്പ. 9:20; റോമാ 1:4; എഫേ. 4:13; ഹെബ്രാ. 4:14; 6:6; 10:29; 1 യോഹ. 4:15; വെളി. 2:18. ജീവിച്ചിരുന്നപ്പോൾ താൻ ദൈവപുത്രനാണെന്നോ ദൈവമാണെന്നോ ആരാധനയ്ക്ക് അർഹനാണെന്നോ യേശു ഒരിക്കലും പറഞ്ഞിട്ടില്ലെന്നതു ശരിതന്നെ. എന്നാൽ, മറ്റൊരുവിധത്തിലും ന്യായീകരിക്കാനാവാത്ത പല അവകാശവാദങ്ങളും അവിടുന്നു നടത്തിയിട്ടുണ്ട്. അവയെല്ലാം വെറും പൊങ്ങച്ചംപറച്ചിൽ ആയിരുന്നില്ലെങ്കിൽ, അവിടുന്നു ദൈവപുത്രൻ അഥവാ ദൈവം ആണെന്നു പറയാതെ വയ്യാ. യേശുവിന്റെ ക്രിസ്റ്റോളജിയായിട്ടാണ് ബൈബിൾ പണ്ഡിതന്മാർ ഈ അവകാശവാദങ്ങളെ കാണുന്നത്.

യേശു ആരാധനയ്ക്കു വിഷയമായതുകൊണ്ടാണ് ക്രൈസ്തവർ അവിടുത്തെ പ്രബോധനങ്ങളെയും മൂല്യങ്ങളെയുമെല്ലാം അവഗണിക്കുന്നതെന്നു പറയുന്നത് ചരിത്രപരമായും മനഃശാസ്ത്രപരമായും ശരിയല്ലതന്നെ. (യേശുവിനെ ആരാധനാവിഗ്രഹമാക്കിയെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും, ആത്യന്തികമായി അതു സൂചിപ്പിക്കുന്നത് യേശുവിനെ ആരാധനയ്ക്കു വിഷയമാക്കി എന്നാണല്ലോ.) യേശുവിനെ ആരാധ്യനായ രക്ഷകനായി, വഴിയും സത്യവും ജീവനുമായി, കണ്ടതുകൊണ്ടുതന്നെയാണ് ചരിത്രത്തിലുടനീളം പതിനായിരക്കണക്കിനു വിശ്വാസികൾ വീടും നാടും മാതാപിതാക്കളെയുമെന്നല്ല, തങ്ങളെത്തന്നെയും പരിത്യജിച്ച് അവശരെയും അഗതികളെയും ആലംബഹീനരെയുമൊക്കെ സേവിക്കാനായി ഇറങ്ങിത്തിരിച്ചതും, യേശു പ്രഘോഷിച്ച സ്വർഗ്ഗരാജ്യസ്ഥാപനത്തിനായി, നീതിയിലും സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടിക്കായി അത്യദ്ധ്വാനംചെയ്തു സ്വയം ചെലവഴിച്ചതും. ഫ്രാൻസീസ് അസ്സീസി, ഫാദർ ഡാമിയൻ, മദർ തെരേസാ തുടങ്ങിയ അനേകം വ്യക്തികളെ ഉദാഹരണമായി എടുത്തുകാട്ടുവാൻ സാധിക്കും. ഇതു വെറും മേനി പറച്ചിലല്ല, നൂറ്റാണ്ടുകളിലെ ചരിത്രസാക്ഷ്യങ്ങളിലൂടെ തെളിയിക്കാവുന്ന കാര്യമാണ്. ഇങ്ങനെയുള്ള സമർപ്പിതരുടെ സേവനങ്ങൾ അക്രൈസ്തവരായ ലോകനേതാക്കൾതന്നെ എടുത്തുപറഞ്ഞിട്ടുള്ള കാര്യമാണ്. സേവനത്തിനായി ഇങ്ങനെ ഇറങ്ങിത്തിരിച്ച സമർപ്പിതരും സന്യസ്തരുമൊക്കെയായ വ്യക്തികളിൽ കുറ്റങ്ങളും കുറവുകളുമൊക്കെ കണ്ടുപിടിക്കാൻ സാധിക്കുമെന്നതു ശരിയാണ്. മനുഷ്യരുൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലുമുണ്ട് കുറ്റങ്ങളും കുറവുകളും വീഴ്ചകളും പരാജയങ്ങളുമുള്ളവർ. അതിന് എല്ലാവരെയും പഴിചാരുന്നതും കല്ലെറിയുന്നതും ശരിയല്ലല്ലോ.

മറ്റു ജനങ്ങൾക്കിടയിലെന്നപോലെതന്നെ, ക്രൈസ്തവർ എന്നു വിളിക്കപ്പെടുന്നവർക്കിടയിലുണ്ട് സ്വാർത്ഥതയും സുഖലോലുപതയും അധികാരമോഹവും ദ്രവ്യാസക്തിയുമെല്ലാം. ഇങ്ങനെയുള്ള തിന്മകളാണ് അവരെ അക്രമത്തിനും അനീതികൾക്കും അഴിമതികൾക്കുമെല്ലാം പ്രേരിപ്പിക്കുന്നത്, അല്ലാതെ അവർ യേശുവിനെ ആരാധ്യനായി കരുതുകയും ആരാധനാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതുകൊണ്ട് അങ്ങനെ ആകുന്നതല്ല. ക്രൈസ്തവർ എന്ന പേരുണ്ടെങ്കിലും അവർ യേശുവിനെ യഥാർത്ഥത്തിൽ അറിയുകയോ ആരാധിക്കുകയോ ചെയ്യുന്നവരല്ല. ഇങ്ങനെയുള്ള ക്രൈസ്തവനാമധാരികളിൽ ചിലർ ബാഹ്യമോടിയിലും ആർഭാടങ്ങളിലും മാമോൻ പൂജയിലുമൊക്കെ അഭിരമിക്കുന്നവരും, പെരുന്നാളുകളെയും ആരാധനാനുഷ്ഠാനങ്ങളെയും ഭക്താഭ്യാസങ്ങളെയുമൊക്കെ തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു കരുവാക്കുവാൻ മടിയില്ലാത്തവരുമാണ്. അവരുടെ ധനമോഹം, ആഡംബരഭ്രമം തുടങ്ങിയ അനാശാസ്യപ്രവണതകൾ പെരുന്നാളുകളിലേക്കും ആരാധനാനുഷ്ഠാനങ്ങളിലേക്കും ഭക്താഭ്യാസങ്ങളിലേക്കുമെല്ലാം കടന്നുകൂടുമ്പോൾ, ചുമതലപ്പെട്ടവർ തീർച്ചയായും അതു തിരിച്ചറിയുകയും തിരുത്തുകയും വേണം. അല്ലാതെ ആരാധനാനുഷ്ഠാനങ്ങളും ഭക്താഭ്യാസങ്ങളുമൊന്നും വേണ്ടെന്നുവയ്ക്കുകയല്ല ചെയ്യേണ്ടത്. ആരാധ

നാനുഷ്ഠാനങ്ങളിലും ഭക്താഭ്യാസങ്ങളിലും പങ്കെടുക്കുന്നതുവഴി തങ്ങളുടെ അതിക്രമങ്ങളെയും അനീതികളെയും വെള്ളപൂശാമെന്നു വ്യാമോഹിക്കുന്ന ചിലരുണ്ടെന്ന കാര്യം നിഷേധിക്കുന്നില്ല. അത് ദൈവത്തെയും ആരാധനാനുഷ്ഠാനങ്ങളെയുംപറ്റി അവർക്കുള്ള കലശലായ അജ്ഞതയും തെറ്റിദ്ധാരണയുംമൂലമാണ്. അതിനുള്ള പരിഹാരമാർഗ്ഗം അവർക്കു ശരിയായ ബോധവത്കരണം നൽകുകയാണ്, അല്ലാതെ ആരാധനാനുഷ്ഠാനങ്ങളുടെ തിരസ്കരണമല്ല.

ക്രിസ്റ്റോളജി തിരസ്കരിക്കുന്നതുപോലെതന്നെ, ക്രൈസ്തവവിശ്വാസവുമായി ഒത്തുപോകാത്ത ഒരു കാര്യമാണ് ക്രൈസ്തവപൗരോഹിത്യത്തെയും കൂദാശകളെയും നിരാകരിക്കുന്നതും. പുരോഹിതൻ എന്ന വാക്കിനെ 'അധികാരി' 'അധികാരസ്ഥാനീയർ' എന്നൊക്കെ തെറ്റിദ്ധരിച്ചുകൊണ്ട് അതിനോടുള്ള അലർജികൊണ്ടാണെന്നു തോന്നുന്നു, പലരും പൗരോഹിത്യത്തിനെതിരെ പടവാളോങ്ങുന്നത്. മൂപ്പൻ എന്നർത്ഥമുള്ള 'പ്രെസ്ബിറ്റർ' (Presbyter) എന്ന വാക്കിൽനിന്നാണ് 'Priest' എന്ന പദം ഉത്ഭവിച്ചത്. മലയാളത്തിൽ പറ്റിയ മറ്റൊരു വാക്കില്ലാത്തതുകൊണ്ടാണ് പുരോഹിതൻ അഥവാ വൈദികൻ എന്ന്  അതിനെ തർജ്ജമ ചെയ്യുന്നത്. വചനം പ്രഘോഷിക്കുക, വിശുദ്ധ കുർബാനയാഘോഷിക്കുക, മറ്റു കൂദാശകൾ പരികർമ്മംചെയ്യുക, എന്നിവയാണ് പുരോഹിതന്റെ മുഖ്യ കടമകൾ. ഇവ ക്രിസ്തുവിന്റെ സഭയ്ക്ക് അത്യാവശ്യമായ കാര്യങ്ങളാണെന്നു വ്യക്തമാണല്ലോ. പൗരോഹിത്യവും കൂദാശകളുമില്ലാത്ത ഒരു സഭയ്ക്കുവേണ്ടി ചിലർ വാദിക്കുന്നത് ക്രൈസ്തവവിശ്വാസത്തെപ്പറ്റി വേണ്ടത്ര അവബോധമില്ലാത്തതുകൊണ്ടാണെന്നു പറയാതെ വയ്യ. മനുഷ്യർ ഉൾപ്പെടുന്ന എല്ലാ പ്രസ്ഥാനങ്ങളിലും സമൂഹങ്ങളിലുമെന്നപോലെ, പുരോഹിതർക്കിടയിലുമുണ്ടാകും കുറ്റങ്ങളും കുറവുകളുമുള്ളവർ. അവരും മനുഷ്യരാണല്ലോ.  പുരോഹിതർക്കുണ്ടാകുന്ന കുറ്റങ്ങളും വീഴ്ചകളും കാരണം പൗരോഹിത്യം തന്നെ വേണ്ടെന്നുവെച്ചാൽ, അതു കത്തോലിക്കാസഭയെത്തന്നെ ഇല്ലാതാക്കുകയാണ്. പൗരോഹിത്യംതന്നെ അനാവശ്യമാണെന്ന തരത്തിലുള്ള ചിന്തകളും പ്രവണതകളും 'സത്യജ്വാല'യിൽ ഇടം നേടുന്നുണ്ടല്ലോ.  ഇങ്ങനെയുള്ള പ്രവണതകളും ചിന്തകളും കേരളകത്തോലിക്കാസഭയുടെ നവീകരണത്തിനല്ല, നശീകരണത്തിനായിരിക്കയില്ലേ സഹായിക്കുക?

–സ്നേഹപൂർവ്വം,

**ഫാ. സിപ്രിയൻ ഇല്ലിക്കമുറി**

ഫോൺ: 0481 – 2597642

*–കത്തോലിക്കാസഭ നൂറ്റാണ്ടുകളായി പിന്തുടർന്നുപോരുന്ന വിശ്വാസവീക്ഷണങ്ങൾതന്നെയാണ്, വേണ്ടത്ര വിശദീകരണങ്ങളോടുകൂടി ബഹു. ഇല്ലിക്കമുറിയച്ചൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. തന്മൂലം, അതേ വിശ്വാസവീക്ഷണങ്ങളിൽ ജനിച്ചുവളർന്ന കെ.സി.ആർ.എം–ന്റെയും 'സത്യജ്വാല'യുടെയും സാരഥികളെയും പ്രവർത്തകരെയും സംബന്ധിച്ച് അതൊക്കെ പരിചിതങ്ങളുമാണ്.  സ്വതന്ത്രനിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ അവർ മാറി ചിന്തിച്ചുതുടങ്ങിയെന്നേയുള്ളൂ. ഉദാഹരണത്തിന്, ബഹു. ഇല്ലിക്കമുറിയച്ചന്റെ "ഈ രക്ഷയിൽ വിശ്വാസവും പ്രത്യാശയും അർപ്പിക്കുമ്പോഴാണ്, അവിടുത്തെ അനുഗമിച്ചുകൊണ്ട് അവിടുന്നു പഠിപ്പിച്ച സ്വർഗ്ഗരാജ്യത്തിന്റെ മൂല്യങ്ങളും ആദർശങ്ങളുമെല്ലാം ജീവിക്കുവാൻ നാം പ്രാപ്തരാകുന്നത്" എന്നവസാനിക്കുന്ന ആമുഖആശയമെടുക്കാം. ഞങ്ങളിലേറെപ്പേരുടെയും നിരീക്ഷണത്തിൽ, ബഹു. അച്ചൻ പറയുന്ന ഈ രക്ഷയിൽ വിശ്വാസവും പ്രത്യാശയും അർപ്പിക്കുന്നതിന്റെ പേരിൽ, യേശുവിനെ അനുഗമിക്കുവാനോ, അവിടുത്തെ സ്വർഗ്ഗരാജ്യമൂല്യങ്ങളും ആദർശങ്ങളും ഉൾക്കൊള്ളാനോ ആരും പ്രാപ്തരാകുന്നില്ലെന്നാണു കാണുന്നത്. മാത്രമല്ല, 'രക്ഷ' എന്ന സങ്കല്പം തന്നെ സ്വന്തം മരണാനന്തര സ്വർഗപ്രാപ്തിയെന്ന സ്വകാര്യസുഖമോഹമായി അവരിൽ പരിണമിക്കുകയാണ്. ജീവിതലക്ഷ്യം, തന്റെ സ്വന്തം ഇഹലോക-പരലോകജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നതിലേക്കു ചുരുങ്ങുകയാണ്. മനസ്സ് അപരനിലേക്കു വിടർത്താനുള്ള, പരാർത്ഥമാക്കാനുള്ള, കഴിവ് നഷ്ടപ്പെടുകയാണ്.*

*ആദ്ധ്യാത്മികത എന്ന വാക്കിനെ അതിൽ ചൂഴ്ന്നുനിൽക്കുന്ന ദൈവികപരിവേഷം മാറ്റി മൂർത്തമായി നിർദ്ധാരണം ചെയ്താൽ, അതിന്റെ അർത്ഥം പരാർത്ഥതാഭാവം എന്നാണെന്നു കാണാം. അതായത്, തന്നെപ്പോലെ തന്നെയാണ് മറ്റുള്ളവരും എന്ന സത്യബോധത്തിൽ, തന്നെപ്പോലെതന്നെ മറ്റുള്ളവരെയും സ്നേഹിച്ചു ജീവിക്കാനുതകുന്ന സാഹോദര്യഭാവം. 'സർവ്വർക്കും പിതാവായ ഏകദൈവം' എന്ന യേശുവിന്റെ ദൈവദർശനം മനുഷ്യനെ ഈ വിശ്വസ്നേഹത്തിലേക്കും, അങ്ങനെ ലോകത്തെ ദൈവരാജ്യത്തിലേക്കും നയിക്കാൻ പര്യാപ്തമാണ്. കാരണം, മനുഷ്യരെല്ലാം ഏകപിതാവിന്റെ മക്കളായതിനാൽ പരസ്പരം നേർ സഹോദരരാണെന്നുവരുന്നു; വിശ്വസാഹോദര്യബോധത്തിലേക്ക് മനുഷ്യരെല്ലാം ഉയരേണ്ടതുണ്ട് എന്നു വരുന്നു; സ്നേഹാധിഷ്ഠിതമായ ദൈവരാജ്യമൂല്യങ്ങൾ ആർജ്ജിക്കേണ്ടതുണ്ട് എന്നുവരുന്നു; സ്വന്തം ഇഹലോക-പര*

ലോക സുഖലക്ഷ്യങ്ങളിൽ മനുഷ്യനെ കെട്ടിയിടുന്ന സ്വകാര്യമാത്രപരമായ-ഭൗതികമായ-മനോഭാവങ്ങളെയും, 'ഞാനെന്ന ഭാവ' (ego)ത്തെത്തന്നെയും കൊഴിച്ചുകളഞ്ഞ് മാനസാന്തരപ്പെടേണ്ടതുണ്ട് എന്നുവരുന്നു.

ലോകമെങ്ങും പ്രസംഗിക്കപ്പെടണമെന്ന് യേശു കല്പിച്ചത്, ഈ മാനസാന്തരത്തിലേക്കു മനുഷ്യനെ നയിക്കുന്ന അവിടത്തെ ദൈവദർശനവും അതിന്റെ അടിസ്ഥാനത്തിലുള്ള ദൈവരാജ്യത്തിന്റെ സുവിശേഷവുമാണെന്നാണ് ഞങ്ങളിലേറെപ്പേരും ഇന്നു കരുതുന്നത്. അല്ലാതെ, താൻ മനുഷ്യനായി അവതരിച്ച ദൈവമാണ്, തന്നിൽ വിശ്വസിക്കുന്നവർ മാത്രമേ രക്ഷപ്പെടൂ എന്ന് എല്ലാവരെയും ബോധ്യപ്പെടുത്തി മാമോദീസാമുക്കാനായിരുന്നു എന്നു കരുതാനാവില്ല. മനുഷ്യരെ പള്ളിയിൽ പോകുന്നവരും കൂദാശാജീവിതം നയിക്കുന്നവരുമാക്കുക എന്നതായിരുന്നു അവിടത്തെ ലക്ഷ്യമെന്നും കരുതാനാവില്ല. മറ്റൊരു ദൈവനാമത്തിനു പകരം, യേശുക്രിസ്തു എന്ന പേര് അംഗീകരിക്കാൻ എല്ലാവരും തയ്യാറായാൽത്തന്നെ, മനുഷ്യമനസ്സുകളിൽ അതിന്റെപേരിൽ ഗുണപരമായി ഒരു മാറ്റവും, ഒരു മാനസാന്തരവും, സംഭവിക്കുന്നില്ല എന്ന് അല്പമൊന്നാലോചിച്ചാൽ ആർക്കും മനസ്സിലാക്കാനാവും. ദൈവാവതാരം എന്ന നിലയിൽ ആരെ ആരാധിച്ചാലും, ആരാധകർ ആ ആരാധനയിൽത്തന്നെ സായൂജ്യമനുഭവിച്ച്, തനിക്കു ദൈവപ്രീതി ലഭിച്ചു എന്നു വിചാരിക്കുകയേയുള്ളൂ; അവരുടെ ഉപദേശപ്രകാരം ജീവിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു നയിക്കപ്പെടുകയില്ല. മനഃശാസ്ത്രപരമായി അതിന്റെ ആവശ്യം വരുന്നില്ല എന്നതാണതിനു കാരണം. അല്ലാതെതന്നെ ദൈവപ്രീതി ലഭിച്ചുകഴിഞ്ഞ അനുഭൂതിയിലാണവർ. യേശുവിനെ ആരാധിക്കുന്നവർ, വഴിയും സത്യവും ജീവനുമായ യേശുക്രിസ്തുവഴി താൻ ദൈവവുമായി രമ്യപ്പെട്ടുവെന്നും തന്റെ ആത്മരക്ഷ ഉറപ്പായെന്നും ഇനിയൊന്നും ചെയ്യേണ്ടതില്ലെന്നുമുള്ള ചിന്തയിൽ മുന്നോട്ടുപോകുകയേയുള്ളൂ. യേശു പറഞ്ഞപ്രകാരം മറ്റുള്ളവരെ തന്നെപ്പോലെതന്നെ സ്നേഹിക്കുന്നതിനെക്കുറിച്ചോ, സഭയിലും സമൂഹത്തിലും നീതി നടപ്പാക്കേണ്ടതിനെക്കുറിച്ചോ ഒന്നും ഓർത്തു വിഷമിക്കുന്നവരല്ല പൊതുവേ സഭാവിശ്വാസികൾ എന്ന്, ചുറ്റുമൊന്നു കണ്ണോടിച്ചാൽ മതി, ആർക്കും മനസ്സിലാക്കാം. ഇതൊന്നും ചെയ്യാതെ തന്നെ അവർക്ക് മനഃസമാധാനം കിട്ടിക്കഴിഞ്ഞു എന്നതാണു പ്രശ്നം. കൂദാശാജീവിതത്തിലും തീർത്ഥാടനത്തിലുമൊക്കെ ദത്തശ്രദ്ധരായ മഹാഭൂരിപക്ഷവും സ്വാർത്ഥരും മനസലിവു കുറഞ്ഞവരും വെറുതെ ഒഴുക്കിനൊത്തൊഴുകുന്നവരുമാകുന്നത്, യേശുവിലും അവിടുത്തെ കേന്ദ്രീകരിച്ചുള്ള ആചാരാനുഷ്ഠാനങ്ങളിലുമുള്ള വിശ്വാസം തങ്ങളെ രക്ഷിക്കും എന്ന അന്ധമായ വിശ്വാസംമൂലമാണെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ.

സ്നേഹവും മറ്റ് ദൈവരാജ്യമൂല്യങ്ങളും ഹൃദയങ്ങളിൽ ഉല്പാദിപ്പിക്കാത്തതെന്തും വ്യാജ ആദ്ധ്യാത്മികതയല്ലാതെ മറ്റെന്താണ്? സ്വകാര്യസ്വർഗ്ഗമെന്ന സ്വാർത്ഥമോഹത്തിൽ ആറാടിച്ച് മനുഷ്യനിൽ സഹജമായിരിക്കുന്ന പരാർത്ഥതാഭാവത്തെ വറ്റിച്ചുകളയുന്നതെന്തും അന്തിമവിശകലനത്തിൽ ഭൗതികതയല്ലാതെ മറ്റെന്താണ്? അണുവിട തെറ്റാതെ കൂദാശാജീവിതം നയിക്കുന്നവരുടെ മനസ്സ് അയൽക്കാരന് ഒരു വഴി നൽകാൻ മടിക്കുന്നത്ര കല്ലിക്കുന്നെങ്കിൽ, ആ കൂദാശകൾക്ക് എന്ത് ആദ്ധ്യാത്മിക അർത്ഥമാണുള്ളത്? എല്ലാവരുംതന്നെ ക്രൈസ്തവരായിരുന്ന പാശ്ചാത്യരാണ്, തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ ആധിപത്യത്തിനുവേണ്ടി, ലോകത്തിലെ മറ്റു ജനതകളെയെല്ലാം അടിമകളാക്കി ചൂഷണം ചെയ്തത് എന്നതിൽനിന്നുതന്നെ അവരാചരിച്ചിരുന്ന, ഇന്നു നാം ആചരിക്കുന്ന, അനുഷ്ഠാനപ്രധാനമായ ക്രിസ്തുമതത്തിന് ആദ്ധ്യാത്മികമായ ഒരു ഉള്ളടക്കമല്ല ഉള്ളത് എന്നു തെളിയുന്നില്ലേ? വൃക്ഷത്തെ ഫലത്തിൽനിന്നാണല്ലോ വിലയിരുത്തേണ്ടത്. അങ്ങനെയെങ്കിൽ പരമ്പരാഗതമായി നാം തുടർന്നുപോരുന്ന ഇന്നത്തെ വിശ്വാസവും അനുഷ്ഠാനങ്ങളും മനുഷ്യനിൽ സൃഷ്ടിക്കുന്നത് ആദ്ധ്യാത്മിക വന്ധ്യതയാണെന്നു പറയേണ്ടിവരില്ലേ?

ഈ പറഞ്ഞതിന്റെയൊന്നും അർത്ഥം തീർച്ചയായും യേശു ആരാധ്യനല്ല എന്നല്ല; 'ഞാൻ പിതാവിലും പിതാവ് എന്നിലു'മാണ് എന്ന ദൈവാനുഭവത്തിൽ ജീവിച്ച യേശു നിശ്ചയമായും ദൈവമനുഷ്യൻതന്നെ. അതുകൊണ്ട് പ്രത്യേകിച്ചും, അവിടുന്ന് അവതരിപ്പിച്ച ദൈവദർശനത്തിലും അതിലൂന്നിയുള്ള സത്യപ്രബോധനങ്ങളിലും ക്രൈസ്തവർ വിശ്വസിക്കേണ്ടിയിരിക്കുന്നു. അവിടുത്തെ കല്പനകൾ ജീവിതത്തിൽ പാലിക്കേണ്ടിയിരിക്കുന്നു. 'നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ പാലിക്കും' എന്ന് യേശു പറഞ്ഞിരിക്കുന്നതിൽനിന്ന് അവിടുത്തോടുള്ള സ്നേഹവും ആരാധനയും പ്രകടിപ്പിക്കാൻ അവിടുത്തെ കല്പനകൾ പാലിക്കുന്നതിലൂടെ മാത്രമേ സാധിക്കൂ എന്നു വരുന്നു.

"ഇതത്രെ എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം," എന്നാണവിടുന്നു പറഞ്ഞിട്ടുള്ളത്. അല്ലാതെ, നിങ്ങൾ എന്നെ തിരിച്ചു സ്നേഹിക്കണമെന്നല്ല. ദൈവസ്നേഹം പ്രകടമാക്കേണ്ടത് മനുഷ്യസ്നേഹത്തിലൂടെയാണ്.

പരസ്നേഹത്തിന്റേതായ അവിടുത്തെ കല്പനകൾ പാലിക്കാൻ മനുഷ്യരെ പ്രാപ്തരാക്കുകയാണ് സഭ ചെയ്യേണ്ടത് എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നത്തെ ഊന്നൽ പ്രവൃത്തിയില്ലാത്ത ആരാധനയിലാണ്. യേശുവിന്റെ കാലത്തും ആരാധനാനുഷ്ഠാനങ്ങൾ കുറവല്ലായിരുന്നു. സ്നേഹപ്രചോദിതമല്ലാത്ത അത്തരം ആരാധനയെ യേശു അംഗീകരിച്ചതായി കാണുന്നില്ല. അവയ്ക്കു നേതൃത്വം നൽകിയിരുന്ന പുരോഹിതരെയും അവിടുന്ന് അംഗീകരിച്ചില്ല.

എന്റെ കത്തിൽ, "അധികാരഭരണവും ആചാരാനുഷ്ഠാനങ്ങളും കുറവായിരുന്നതും, വിശ്വാസികൾ പരസ്പര സ്നേഹത്തോടെ ഒരു സമൂഹമായി പുലർന്നിരുന്നതുമായ ആദിമസഭാചൈതന്യത്തിലേക്കു സഭ പോകേണ്ടതില്ല എന്നങ്ങു പറയുമോ? അങ്ങനെപോകുമ്പോൾ, പിന്നീടുണ്ടായ പല ക്രൈസ്തവസിദ്ധാന്തങ്ങളും സമ്പ്രദായങ്ങളും ആവശ്യമില്ലെന്നുകണ്ട് വേണ്ടെന്നു വയ്ക്കേണ്ടിവരില്ലേ?.... സഭ ഇന്നത്തെപ്പോലെ ആചാരാനുഷ്ഠാനനിഷ്ഠമായി തുടർന്നാൽ മതിയോ.............?" എന്നീ ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. അവയെയൊന്നും അങ്ങയുടെ പ്രതികരണത്തിൽ സ്പർശിച്ചിട്ടില്ല.

സഭ 'റോമൻ'ആയതിനുശേഷമുണ്ടായ പരിവർത്തനമായിരുന്നു, സഭയിലെ പൗരോഹിത്യവും ബലിയർപ്പണവും എന്നാണു മനസ്സിലാക്കാൻ കഴിയുന്നത്. അപ്പംമുറിക്കൽ ശുശ്രൂഷ യേശുവിന്റെ കല്പന പ്രകാരമുള്ള കൂട്ടായ്മാജീവിതത്തിന്റെ ആവിഷ്കാരമായിരുന്നു. ബലിസങ്കല്പമോ സത്താപരിണാമംപോലുള്ള ദൈവശാസ്ത്രമോ ഒന്നും അതിനെ ചൂഴ്ന്നുനിന്നിരുന്നില്ല. അതുകൊണ്ട്, അപ്പംമുറിക്കൽ ശുശ്രൂഷയെയും ഇന്നത്തെ വി.കുർബാനയർപ്പണത്തെയും പര്യായപദങ്ങൾപോലെ അങ്ങു കൈകാര്യം ചെയ്തത് ശരിയാണെന്നു തോന്നുന്നില്ല.

യേശു മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി സ്വയം ബലിയർപ്പിക്കുകയായിരുന്നു എന്ന സഭാനിലപാടും വ്യാഖ്യാനവും യേശുപോലും അംഗീകരിക്കുമെന്നു തോന്നുന്നില്ല. മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ, തോട്ടത്തിന്റെ ഉടമ അവസാനം തന്റെ പുത്രനെത്തന്നെ തോട്ടം സൂക്ഷിപ്പുകാരായിരുന്ന കുടിയാന്മാരുടെ അടുത്തേക്കയയ്ക്കുന്നതും അവർ ഉടമയുടെ പുത്രനെ കൊല്ലുന്നതും ഉദാഹരിക്കുന്ന യേശു, ദൈവത്തിന്റെ മുന്തിരിത്തോട്ടം സൂക്ഷിപ്പുകാരായി കരുതപ്പെടുന്ന പുരോഹിതന്മാരാൽ താൻ കൊല്ലപ്പെടുമെന്ന മുന്നറിവ് പങ്കുവയ്ക്കുകയായിരുന്നില്ലേ? തോട്ടമുടമ തോട്ടം സൂക്ഷിപ്പുകാരെ പുറത്താക്കിയതുപോലെ പുരോഹിതരെയും പുറത്താക്കുമെന്ന പ്രവചനമല്ലേ അവിടുന്ന് ആ ഉപമയിലൂടെ നൽകിയത്...? ഇനി, യേശു മനുഷ്യപാപങ്ങൾക്കു പരിഹാരബലി അർപ്പിക്കുകയായിരുന്നെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെ, "അവൻ ഒരിക്കൽ എന്നന്നേക്കുമായി ബലി അർപ്പിച്ചു" (എബ്രാ. 7:27) എന്നും, "ഇവയ്ക്കു മോചനമുള്ളിടത്ത് പിന്നെ പാപത്തിനു ബലിയേ ഇല്ല" (എബ്രാ. 10:18) എന്നുമുള്ള ബൈബിൾ വചനപ്രകാരം, യേശുവിനുശേഷം പിന്നെയെന്തിന് പുരോഹിതരും ബലിയർപ്പണവും?

യഥാർത്ഥത്തിൽ യേശുവിന്റെ ദൈവദർശനവും ദൈവരാജ്യത്തിന്റെ സുവിശേഷവും പ്രഘോഷിക്കാൻ വരം ലഭിച്ച ആദ്ധ്യാത്മികാചാര്യന്മാരെയാണ്, മൂപ്പന്മാരെ (Preybyters )യാണ്, സഭയ്ക്ക് എന്നും ആവശ്യമായിരിക്കുന്നത്. ദൈവം ആത്മാവാണെന്നും അവിടുത്തെ ആരാധിക്കേണ്ടത് മലകളിലോ മനുഷ്യനിർമ്മിത ദേവാലയങ്ങളിലോ അല്ല; മറിച്ച്, സത്യത്തിലും അരൂപിയിലുമാണ് എന്നും പ്രബോധിപ്പിക്കാൻ അവർക്കേ കഴിയൂ. മനുഷ്യനെ അർത്ഥശൂന്യവും കപടവുമായ അനുഷ്ഠാനങ്ങളിൽനിന്നു മോചിപ്പിച്ച്, സ്നേഹഭാവത്തിലേക്കും ആത്മജ്ഞാനത്തിലേക്കും ആത്മസാക്ഷാത്കാരത്തിലേക്കും പരസ്പരാനന്ദകരമായിരിക്കുന്ന കൂട്ടായ്മാജീവിതത്തിലേക്കും സ്വതന്ത്രരാക്കാൻ ആദ്ധ്യാത്മികാചാര്യന്മാർക്കേ കഴിയൂ. അപ്പോഴേ സഭ ഏവരും അംഗീകരിക്കുകയും ഏവരെയും ഉൾക്കൊള്ളുകയും ചെയ്യുന്ന സ്നേഹത്തിന്റെ മതമാകൂ. അപ്പോൾ മാത്രമേ 'കത്തോലിക്കാ' (Catholic) എന്ന പേരിന് ഈ സഭ അർഹമാകൂ.

KCRM-ഉം 'സത്യജ്വാല'യും പ്രത്യാശാപൂർവ്വം ശ്രമിക്കുന്നത്, അവർ ജനിച്ചുവളർന്ന സഭയെ കൂടുതൽ കൂടുതൽ കാതോലികമാക്കാനാണ്; സാർവ്വജനീനവും സാർവ്വത്രികവുമാക്കുവാനാണ്; അതിനായി ജനങ്ങളെ ഉണർത്തുവാനാണ്...

വിശ്വാസസംബന്ധമായി ഇങ്ങനെയൊരു ആശയസംവാദത്തിന് അവസരം നൽകിയ ആദരണീയനായ ഇല്ലിക്കമുറിയച്ചന് 'സത്യജ്വാല' നന്ദി അറിയിക്കുന്നു. ഇതിനു തുടർച്ചയുണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനായി ക്ഷണിക്കുകയും ചെയ്യുന്നു.- ഏറ്റം ആദരവോടെ,

**ജോർജ് മൂലേച്ചാലിൽ**
(എഡിറ്റർ)

# ഞാൻ അറിഞ്ഞ യേശുവും ക്രിസ്തുവും



**എസ്.ജെ.അനന്ത്**

*['ക്രിസ്റ്റോളജി എന്ന തടസ്സക്കല്ല്' (മുഖക്കുറി മാർച്ചുലക്കം) എന്ന ലേഖനത്തിന് ഒരു അനുരണനം - ലേഖകൻ]*

**ഞാ**ൻ അറിഞ്ഞ യേശു എന്നെപ്പോലെ തന്നെ മാതാപിതാക്കളിൽനിന്നു ജനിച്ച ഒരു മനുഷ്യൻ മാത്രം. അദ്ദേഹം പലപ്പോഴും പറയുമായിരുന്നത്രെ, 'ഞാൻ മനുഷ്യപുത്രൻ' എന്ന്. ഇവിടേക്കു ഓരോരുത്തരും വന്നുചേരുന്നത് ഓരോരോ ദൗത്യവുമായിട്ടാണ്. ആ ദൗത്യനിർവഹണത്തിനായി ലഭിക്കുന്ന രൂപവും ഭാവവും, എവിടെ, ആരിലൂടെ, എങ്ങനെ, എന്നു വന്നുചേരണമെന്നതു പ്രപഞ്ചനിയമ ത്തിനനുസൃതമാണെന്നാണ് എന്റെ തോന്നൽ.

പിറന്നുവീണ സാഹചര്യവും, വളർന്നുവന്ന സാഹചര്യവും, ഒരു സത്യാന്വേഷണത്വര യേശുവിൽ ഉളവാക്കി. ജന്മനാതന്നെ യേശു ബുദ്ധിമാൻ ആയിരുന്നു. ഏതൊരു സമൂഹത്തിൽ / സമുദായത്തിൽ /മതവിഭാഗത്തിൽ ജനിച്ചുവോ ആ മതത്തിന്റെ അഥവാ സമുദായത്തിന്റെ വിശ്വാസാചാരാനുഷ്ഠാനങ്ങളുമായി ഉള്ളിന്റെയുള്ളിൽ പൊരുത്തപ്പെടാൻ ബാല്യം മുതൽക്കേ യേശുവിനു കഴിഞ്ഞില്ല.

അങ്ങനെ അദ്ദേഹം ഒരു സത്യാന്വേഷിയായി. അന്നത്തെ അറിവിന്റെയും സാദ്ധ്യതകളുടെയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട്, കടന്നു ചെല്ലാവുന്ന ഇടങ്ങളെയും പണ്ഡിതന്മാരായ ആചാര്യന്മാരെയും കണ്ടെത്താൻ യേശു ശ്രമിച്ചിരിക്കും.

അങ്ങനെ ആത്മസാക്ഷാത്ക്കാരത്തിൽ അഭിഷിക്തനായ ക്രിസ്തു ആകാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ആ ക്രിസ്തുവിനെ ക്രിസ്തുമതാനുയായികൾക്കു മനസ്സിലായില്ല. അതിനാൽ ക്രിസ്തുതത്വങ്ങളെ അവതരിപ്പിക്കുന്നതിൽ ക്രിസ്ത്വാനുയായികൾ പരാജയപ്പെട്ടു. ക്രിസ്തുവിനെ അറിയുകയെന്നാൽ, ക്രിസ്ത്വാവബോധം (Christ conciousness) ആർജ്ജിക്കുക എന്നതാണ്.

**ക്രിസ്തു മനുഷ്യാവതാരമോ ദൈവാവ താരമോ?**

ഈ സൃഷ്ടി മുഴുവന്റെയും കേന്ദ്രസ്ഥാനമായ ആ മഹാശക്തിക്ക് മനുഷ്യരെ രക്ഷിക്കാൻ മനുഷ്യരൂപമെടുത്ത് ഭൂമിയിൽ വരേണ്ടതുണ്ടോ? തനിക്കു പറ്റിയ ഒരു മണ്ടത്തരത്തെ തിരുത്താൻ ദൈവം നിശ്ചയിച്ചതിന്റെ ഭാഗമോ ക്രിസ്ത്വാവതാരം? സൃഷ്ടി മുഴുവൻ ദൈവത്തിൽനിന്നാകയാൽ എല്ലാം ദൈവത്തിന്റെ അവതാരങ്ങളല്ലേ? ഓരോരോ അവതാരത്തിനും അതതിന്റേതായ അവതാരലക്ഷ്യമുണ്ട്, ദൗത്യമുണ്ട്. ക്രിസ്തുവും കൃഷ്ണനും ബുദ്ധനും ഞാനും നീയും ... എല്ലാം ഇവിടെ അവതാരങ്ങൾതന്നെ.

ക്രിസ്ത്യാനിയായി ജനിച്ചതുകൊണ്ട് ബൈബിളിലൂടെ യേശുവിനെ ഞാൻ അറിഞ്ഞു. എന്നാൽ ക്രിസ്തുവിനെ ക്രിസ്തുമതത്തിലൂടെ അറിയാൻ എനിക്കു കഴിഞ്ഞില്ല. ക്രിസ്തുമതം ക്രിസ്തുവിനെ തെറ്റായി അവതരിപ്പിച്ചു. ' ഞാൻ വഴിയും സത്യവും ജീവനുമാകുന്നു' എന്നു യേശു പറഞ്ഞെങ്കിൽ, അതിന്റെ സാരം മനസ്സിലാക്കാതെ ' രക്ഷ യേശുവിലൂടെ മാത്രം' എന്നു തെറ്റിദ്ധരിച്ച് മനുഷ്യരെ മുഴുവൻ ക്രിസ്ത്യാനികളാക്കുക എന്നതാണ് ക്രിസ്തുമത ദൗത്യം എന്നു തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു. യേശു പറഞ്ഞതിന്റെ പൊരുൾ അദ്വൈത സിദ്ധാന്തമാണെന്നു ക്രിസ്തുമതം മനസ്സിലാക്കിയില്ല. അങ്ങെങ്ങോ ഇരിക്കുന്ന ഒരു ദൈവം വേറെ, മനുഷ്യൻ വേറെ എന്ന ദ്വൈതാത്മീയതയെ ക്രിസ്തുമതം അവതരിപ്പിച്ചു. അത് എങ്ങനെ 'സദ് വാർത്ത' – 'സുവിശേഷം' – ആകും? അതു 'സു'വിശേഷമല്ല, 'ദുർ'വിശേഷമാണ്.

ക്രിസ്തുമത സുവിശേഷമനുസരിച്ച്, മനുഷ്യകുലത്തെ മുഴുവൻ തന്റെ ചേരിയിലാക്കാൻ ആഗ്രഹിച്ച ഒരു അധികാര മോഹിയായിരുന്നു ക്രിസ്തു. അതുകൊണ്ടാണല്ലോ എല്ലാ മനുഷ്യരെയും മതംമാറ്റി ക്രിസ്ത്യാനികളാക്കുക എന്നതാണു സുവിശേഷപ്രഘോഷണം എന്ന് ആദ്യകാല ക്രിസ്തുമതം വിശ്വസിച്ചത്. ഇന്നും അങ്ങനെ വിശ്വസിക്കുന്നവർ ഇല്ലാതില്ല.

യേശുക്രിസ്തുവിന്റെ ദൈവം മനുഷ്യകുലം മുഴുവന്റെയും ദൈവമായിരുന്നു. അതിനാൽ വേർതിരിവിന്റെ ഭിത്തികളെ തകർക്കാൻ വന്ന

ആളാണു ക്രിസ്തു. എല്ലാവരും ദൈവമക്കളെന്ന് അദ്ദേഹം കണ്ടു. പൗലോസ് ആചാര്യൻ ഇപ്രകാരം എഴുതി : വേർതിരിവുകളുടെ മതിലുകളെ അവൻ തകർത്ത് ഇരു കൂട്ടരേയും ഒന്നിപ്പിച്ചു. കൽപനകളുടെയും ചട്ടങ്ങളുടെയും ആധിപത്യം അവൻ അവസാനിപ്പിച്ചു. അകലത്തും അടുത്തും നിൽക്കുന്ന സകലർക്കും സമാധാനത്തിന്റെ തലോടൽ നൽകി അനുഗ്രഹിച്ചു (എഫേ.2:14-17).

ഗുരു ഒരിക്കൽ പറഞ്ഞു, പഴയതിനെ നശിപ്പിക്കാനല്ല; അതിലെ അപാകതകളെയും അപൂർണ്ണതകളെയും നീക്കി പൂർണ്ണമാക്കുക എന്നതാണ് തന്റെ ദൗത്യമെന്ന്. അതുപോലെ ഇന്നലെകളിൽ പറഞ്ഞുവച്ചവയുടെയും എഴുതിവച്ചവയുടെയും പോരായ്മകളെ നികത്തി ഇന്നിന്റെ നിറവിൽ നിന്നുകൊണ്ട് അവകളെ പൂർണ്ണമാക്കുക എന്നതാണ് ഇന്നിലെ നമ്മുടെ ദൗത്യം.

സ്വർഗ്ഗം എന്നത് എന്നിൽ എനിക്കുണ്ടാകേണ്ട ശാന്തിയുടെ, സന്തോഷത്തിന്റെ, സമാധാനത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ അവസ്ഥയാണെന്ന് യേശുക്രിസ്തു ആവർത്തിച്ചു പ്രഖ്യാപിച്ചു. അതിന്റെ ലബ്ധിക്ക് ദേവാലയങ്ങളിൽ പോകണമെന്നോ, പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടണമെന്നോ യേശു പഠിപ്പിച്ചില്ല. അദ്ദേഹം പറഞ്ഞു:

പരമമായതിനെ അറിയുക, പരമാനന്ദം നുകരുക; നീ നിന്നെ അറിയുക, നിന്നെ സ്നേഹിക്കുക; കൂടെയുള്ളവരെ അറിയുക, അവരെ സ്നേഹിക്കുക.

എല്ലാം എല്ലാവരുടേതുമാണെന്നു തിരിച്ചറിയുക.

ചൊല്ലിക്കൂട്ടലോ ചോദിച്ചു വാങ്ങലോ അല്ല പ്രാർത്ഥന, പരമാത്മാവുമായുള്ള ഒന്നുചേരലാണത്.

ഇവിടുള്ളതെല്ലാം നിന്റെ സന്തോഷത്തിനു വേണ്ടിയുള്ളതാണ്; നിന്റെ സന്തോഷം മറ്റുള്ളവർക്കു ദുഃഖഹേതുവാകരുത്.

എല്ലാം അറിയുന്ന ദൈവം, നിനക്കു വേണ്ടത് തക്ക സമയത്തു നിനക്കു നൽകും എന്ന് ഉറച്ചു വിശ്വസിക്കുക.

നിന്റെ ആത്മവിശ്വാസത്തെ നീ ഉജ്ജ്വലിപ്പിച്ചാൽ നിനക്കു സാധിക്കാത്തതായി ഇവിടെ യാതൊന്നുമില്ല എന്ന് ഉറപ്പിച്ചു പറഞ്ഞു, തെളിയിച്ചു തന്നു.

പാവപ്പെട്ടവരും പാപികളും ദൈവത്തിനു പ്രിയപ്പെട്ടവരാണെന്നു യേശുക്രിസ്തു പ്രഖ്യാപിച്ചു.

എല്ലാവരെയും ഒരുപോലെ സ്നേഹിച്ച് അവർക്കു സേവചെയ്യുന്നത് ഏറ്റവും വലിയ പുണ്യമെന്ന് അദ്ദേഹം ഉൽഘോഷിച്ചു.

എല്ലാവർക്കും പരമാത്മാവിലേക്കു കടന്നു ചെല്ലാനുള്ള പ്രവേശന കവാടമാണു തന്റെ കണ്ടെത്തലുകൾ എന്ന് ഉറക്കെ പറഞ്ഞു.

യേശുക്രിസ്തുവിന്റെ വീക്ഷണം എത്ര സുന്ദരമാണ്, ലളിതമാണ്!

അങ്ങനെ, ഈ ലോകത്തുള്ള ഒന്നിനെയും തള്ളിപ്പറയുന്ന/ തള്ളിക്കളയുന്ന ആളല്ല നമ്മുടെ പിതാവായ ദൈവം എന്നു പറഞ്ഞ യേശുക്രിസ്തുവിനെ ക്രിസ്തുമതം മനസ്സിലാക്കിയോ?

***ഫോൺ: 9495537822***

*(പ്രശസ്ത 'ആത്മയോഗ്ജ്ഞാനസാധനാ പ്രബോധകനും പരിശീലകനുമാണ് ലേഖകൻ-എഡിറ്റർ)*

## പള്ളിവികാരിയും സഹോദരനുംചേർന്ന് 30 ലക്ഷം തട്ടിയെന്നു പരാതി!

പാലാ രാമപുരത്തിനടുത്ത് നീറംന്താനം പള്ളി വികാരി ഫാ. എബ്രഹാം കുളമാക്കലും സഹോദരനുംചേർന്ന് 30 ലക്ഷത്തിലധികം രൂപ പാലാക്കാരൻ ജോർജ്ജിൽനിന്നും തട്ടിയെടുത്തെന്നു പരാതി. ഇതു സംബന്ധിച്ച് ലോക് അദാലത്തിൽ നൽകിയ പരാതിയിൽ PLP .358/15 എന്ന കേസിൽ ഫാ. എബ്രഹാം കുളമാക്കൽ ലോക് അദാലത്തിൽ ഹാജരാകണമെന്ന് ഉത്തരവായിരിക്കുന്നു. ഈ അച്ചന്റെ പേരിൽ ഗുരുതരമായ മറ്റു ചില ആരോപണങ്ങളും നിലനിൽക്കുന്നതായി അറിയുന്നു.

പാലാ രൂപതയുടെകീഴിൽ മറ്റൊരു പുരോഹിതനും സാമ്പത്തിക തട്ടിപ്പിന് നടപടി നേരിട്ടുവരികയാണ്. അടുത്തകാലത്തായി സാമ്പത്തിക- ലൈംഗിക-മാനുഷിക കുറ്റകൃത്യങ്ങൾ കത്തോലിക്കാപുരോഹിതർക്കിടയിൽ വൻതോതിൽ പെരുകിവരുന്നതായി കണക്കുകൾ കാണിക്കുന്നു. ഇത് മറ്റു ജനവിഭാഗങ്ങൾക്കിടയിൽ കത്തോലിക്കാവിശ്വാസികൾക്ക് വലിയ അപകീർത്തിക്ക് ഇടയാക്കിയിരിക്കുകയാണ്.

ഫാ. എബ്രഹാം കുളമാക്കലും സഹോദരനും ചേർന്ന് 30 ലക്ഷത്തിലധികം രൂപ തട്ടിയെടുത്ത സംഭവത്തെക്കുറിച്ച് സഭാതലത്തിലും വിശ്വാസിസമൂഹതലത്തിലും സംഘടനാതലത്തിലും ആവശ്യമായ അന്വേഷണം അടിയന്തിരമായി നടത്തേണ്ടതാണെന്ന് KCRM സംസ്ഥാനകമ്മിറ്റി ആവശ്യപ്പെടുന്നു. ■

പത്രാധിപർക്കുള്ള കത്ത്

# വൈൻ ഉല്പാദനം കൂട്ടാൻ അപേക്ഷയുമായി കത്തോലിക്കാസഭ!



**രാജഗോപാൽ വാകത്താനം**

സർ,

മെയ് ലക്കം 'സത്യജ്വാല' കിട്ടിയ ദിവസംതന്നെ 'ഇന്ത്യൻ എക്സ്പ്രസ്' പത്രത്തിൽ ഒരു വാർത്ത കണ്ടു. എറണാകുളം മേജർ ആർച്ചുബിഷപ്പ് ജോർജ് ആലഞ്ചേരി എക്സൈസ് ഡപ്യൂട്ടി കമ്മീഷണർക്കു നൽകിയിരിക്കുന്ന ഒരു അപേക്ഷയാണു വിഷയം. കഴിഞ്ഞ വർഷം 1250 ലിറ്റർ വീഞ്ഞാണ് സഭ ഉല്പാദിപ്പിച്ചതെങ്കിൽ അതിന്റെ ക്വോട്ട 5000 ആയി ഉയർത്തണമെന്നാണ് അപേക്ഷ. ഇത് എറണാകുളം - അങ്കമാലി രൂപതയ്ക്കു മാത്രമാകാം. എങ്കിൽ, കേരളത്തിലെ കത്തോലിക്കാസഭ മൊത്തത്തിൽ ഉല്പാദിപ്പിക്കുന്ന വീഞ്ഞ് എത്രയോ അധികമായിരിക്കും!

വീഞ്ഞ് മദ്യമല്ലെന്നും ആചാരത്തിന്റെ ഭാഗമാണെന്നും വാദിക്കാം. എല്ലാത്തിനുമുണ്ടല്ലോ ന്യായീകരണം. ഗോതമ്പപ്പം ക്രിസ്തുവിന്റെ ശരീരമാണെന്നു സങ്കല്പിക്കാമെങ്കിൽ, വെള്ളം രക്തമാണെന്നു സങ്കല്പിക്കുന്നതിലെന്താണ് കുഴപ്പം? അതു വീഞ്ഞുതന്നെയായിരിക്കണമെന്ന് എന്താണിത്ര നിർബന്ധം?

മദ്യത്തിനെതിരെ തെരുവിൽ ആദർശപ്രസംഗം നടത്തുന്നവരാണ് പുരോഹിതർ. പ്രത്യേകിച്ച് കത്തോലിക്കാപുരോഹിതർ. അവരുടെ വാടകക്കെട്ടിടങ്ങളിൽ ബാറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും, അവർ വൈൻപോലെയുള്ളവ ഉപയോഗിക്കുന്നുണ്ടെങ്കിലും, ജനത്തിനു മുന്നിൽ മദ്യവിരുദ്ധരാണ്. വീഞ്ഞുക്വോട്ട വർദ്ധിപ്പിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് സഭാവക്താവ് ഫാ. പോൾ തേലക്കാട്ടു പറഞ്ഞത്, ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്; ഓരോ രൂപതയിലും വീഞ്ഞുല്പാദനം നടക്കുന്നുണ്ടെന്നും, വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ പരിധി ഉയർത്തണമെന്നുമാണ്. ഒരുപക്ഷേ, ബാറുകൾ അടച്ച സാഹചര്യത്തിൽ 'ഭക്തി' വർദ്ധിക്കാനുണ്ടായ കാരണം ഈ വൈൻ ആയിരിക്കാം. എന്തായാലും സഭയ്ക്കു പറ്റിയ ഒരു വ്യവസായമാണ് വീഞ്ഞുവാറ്റൽ.

ഇതേ തേലക്കാടൻ കഴിഞ്ഞ ഒരു ചാനൽ ചർച്ചയിൽ പറഞ്ഞത് സന്ന്യസ്തർ ലളിതജീവിതം നയിക്കുക മാത്രമല്ല, ദാരിദ്ര്യം അനുഭവിക്കാൻകൂടി തയ്യാറാകണമെന്നാണ്. സഭ ബഹിഷ്കരിച്ചു പുറത്തുവന്ന കന്യാസ്ത്രീകൾ തങ്ങളുടെ ദുരിതങ്ങൾ വിശദീകരിച്ചപ്പോഴായിരുന്നു, തേലക്കാടന്റെ ഈ ന്യായീകരണം. ആണ്ടിൽ നാല് അടിവസ്ത്രമാണ് സഭ അനുവദിച്ചിരിക്കുന്നതെന്ന് കന്യാസ്ത്രീകൾ പറഞ്ഞപ്പോഴാണ് തേലക്കാടൻ 'ലളിതജീവിത'ത്തെപ്പറ്റി വാചാലനായത്. വീഞ്ഞിന്റെ കാര്യത്തിൽ ഈ 'ദാരിദ്ര്യം' അനുഭവിക്കാൻ സഭ തയ്യാറല്ല എന്നുണ്ടോ? ആർക്കുവേണ്ടി, ആരെ സേവിക്കുകയാണു സഭ എന്നിവർ വ്യക്തമാക്കുമോ?

ഫോൺ: 9447973962

*-കത്തോലിക്കാ പൗരോഹിത്യത്തിന്റെ ഓരോ നീക്കത്തെയും പൊതുസമൂഹം എങ്ങനെ നോക്കിക്കാണുന്നു എന്നതിന് ഉത്തമോദാഹരണമാണ്, ശ്രീ രാജഗോപാൽ വാകത്താനത്തിന്റെ ഈ കത്ത്. ഇതിലദ്ദേഹം ഉന്നയിച്ചിരിക്കുന്ന വിമർശന-വിലയിരുത്തലുകൾക്കും ചോദ്യങ്ങൾക്കും സഭാവക്താവ് ഫാ. തേലക്കാട്ടിനുൾപ്പെടെ ആർക്കെങ്കിലും ബുദ്ധിപരമായ സത്യസന്ധതയോടെ മറുപടി നൽകാൻ കഴിയുമോ? കഴിയുന്നില്ലെങ്കിൽ, അശാസ്ത്രീയവും അയുക്തികവും വ്യാജവുമായ അവകാശവാദങ്ങളുയർത്തിയും നിലപാടുകൾ സ്വീകരിച്ചും സീറോ-മലബാർ സഭാധികാരികൾ ഈ സമുദായത്തെ മറ്റു സമുദായങ്ങൾക്കുമുമ്പിൽ പരിഹാസപാത്രമാക്കുകയല്ലേ ചെയ്യുന്നത്, എന്നാലോചിക്കുക.*

*ബഹു. ലേഖകന്റെ, "ഒരു പക്ഷേ, ബാറുകൾ അടച്ച സാഹചര്യത്തിൽ 'ഭക്തി' വർദ്ധിക്കാനുണ്ടായ കാരണം ഈ വൈൻ ആയിരിക്കാം" എന്ന നിഗമനം മാത്രം ഇവിടെ തെറ്റിപ്പോയി എന്നു ചൂണ്ടിക്കാണിക്കട്ടെ. കാരണം, അങ്ങനെ 'ഭക്തി' വർദ്ധിക്കാൻ ഒരു തുള്ളി വൈൻ പോലും വിശ്വാസികൾക്കു കിട്ടുന്നില്ല. കന്യാസ്ത്രീകൾക്കും*

*വീഞ്ഞു കൊടുക്കാറില്ല. പിന്നെ, അവശേഷിക്കുന്നതു വൈദികരാണ്. വീഞ്ഞില്ലാത്തതുകൊണ്ട് അവരാരും കുർബാന ചൊല്ലാതിരുന്നതായി ഇന്നുവരെ കേട്ടിട്ടുമില്ല. അതായത്, അപേക്ഷ കൊടുക്കുന്ന ദിവസംവരെ 1250 ലിറ്റർ വീഞ്ഞ് ആവശ്യത്തിനു തികഞ്ഞിരുന്നു. ഇനി, ഉടൻതന്നെ അച്ചന്മാരുടെ എണ്ണം നാലിരട്ടിയായി വർദ്ധിപ്പിക്കുന്നെങ്കിൽ മാത്രമേ, നിലവിലുള്ള 1250 ലിറ്ററിനു പകരം 5000 ലിറ്റർ വീഞ്ഞ് സഭയിൽ ആവശ്യമായി വരൂ എന്നർത്ഥം.*

*അപ്പോൾ ഉല്പാദനം 4 ഇരട്ടിയായി വർദ്ധിപ്പിക്കാനുള്ള സഭയുടെ നീക്കത്തിന്റെ അർത്ഥമെന്തായിരിക്കാം? ബാറുകളെല്ലാം വൈൻ പാർലറുകളായിക്കൊണ്ടിരിക്കുന്ന, വൈനിന് വൻ ഡിമാന്റ് ഉണ്ടായിരിക്കുന്ന, സാഹചര്യമാവണം വർദ്ധിച്ച തോതിൽ വൈൻ ഉല്പാദിപ്പിക്കാൻ സഭാധികാരത്തെ പ്രേരിപ്പിക്കുന്നത് എന്നാരെങ്കിലും ചിന്തിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല.....*

*അങ്ങനെയാണു കാര്യങ്ങളുടെ കിടപ്പെങ്കിൽ, അതു സഭയ്ക്ക് - വിശ്വാസിസമൂഹത്തിന് - നാണക്കേടുണ്ടാക്കുന്ന കാര്യംതന്നെയാണ്. അതുകൊണ്ട്, സഭാധികാരികളുടെ ആവശ്യം അപ്പാടെ അംഗീകരിച്ച എക്സൈസ് വകുപ്പിന്റെ തീരുമാനം പുനഃപരിശോധിക്കാൻ വിശ്വാസികളുടെ ഭാഗത്തുനിന്ന് ആവശ്യമുയരേണ്ടിയിരിക്കുന്നു.* ■

# ഇന്ദുലേഖ
## കൊടുത്ത മാനനഷ്ടക്കേസിൽ പി. സി. ജോർജ്ജിനു സമൻസ് !

**പി.**സി.ജോർജ് എ.എൽ.എ-യ്ക്കെതിരെ കത്തോലിക്കാ മതപരിഷ്ക്കർത്രി അഡ്വ. ഇന്ദുലേഖാ ജോസഫ് കൊടുത്ത മാനനഷ്ടത്തിനുള്ള ക്രിമിനൽ കേസിൽ ഈരാട്ടുപേട്ട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് പ്രഥമദൃഷ്ട്യാ കേസുണ്ടെന്നു ബോധ്യപ്പെട്ട് സമൻസയച്ചു. പ്രതി കോടതിയിൽ 05-10-2015-നു ഹാജരാകണം.

'തമസോമ' എന്ന ഓൺലൈൻ മാസികയ്ക്കു കൊടുത്ത വിവാദ അഭിമുഖത്തിൽ ഇന്ദുലേഖയ്ക്കും കുടുംബത്തിനും മാനസികരോഗമാണെന്നും, രണ്ടു പൊട്ടിച്ചാൽ മാറുമെന്നും ,ഇന്ദുലേഖ അച്ചന്മാർക്കും സഭയ്ക്കുമെതിരെ പ്രവർത്തിക്കുന്ന കറുത്ത ദുർമന്ത്രവാദിനിയാണെന്നും ശ്രീ ജോർജ് ആരോപിച്ചിരുന്നു. ഓൺലൈൻ മാസികയുടെ എഡിറ്ററുൾപ്പെടെ രണ്ടു വാദിഭാഗം സാക്ഷികളുടെ മൊഴി കോടതി എടുത്തു. അഭിമുഖത്തിന്റെ ശബ്ദരേഖ തന്റെ പക്കലുണ്ടെന്ന് എഡിറ്റർ ബഹു. കോടതിയിൽ ബോധിപ്പിച്ചു. 08-16-2015-ൽ അഡ്വ. ഇന്ദുലേഖ നേരിട്ട് ഹാജരായി നടത്തിയ വാദത്തെത്തുടർന്നാണ് എതിർകക്ഷിക്കു സമൻസയയ്ക്കാൻ ഉത്തരവായത്.

മുഖ്യധാരാരാഷ്ട്രീയകക്ഷികൾ 'ചർച്ച് ആക്ട്' ഏറ്റെടുക്കാൻ വൈമുഖ്യം പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ, കത്തോലിക്കാ നവീകരണപ്രസ്ഥാനം അടുത്ത ഇലക്ഷനിൽ സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിക്കണമെന്ന് തന്റെ പിതാവ് സംഘടനയുടെ മുഖമാസികയായ 'സത്യജ്വാല'യിൽ ലേഖനമെഴുതിയതാണ് എതിർകക്ഷിയെ പ്രകോപിപ്പിച്ചതെന്ന് ഇന്ദുലേഖ വാദിച്ചു. പൂഞ്ഞാറിൽ ഇന്ദുലേഖ മത്സരിക്കാനുള്ള സാധ്യത എതിർകക്ഷി മുന്നിൽക്കണ്ട് മനഃപൂർവ്വമുള്ള തേജോവധമാണു നടത്തിയിരിക്കുന്നതെന്നും അവർ കോടതിയെ ബോധിപ്പിച്ചു. ■

## ശ്രീ ലൂക്കോസ് പാറേട്ടിന് നന്ദി!

**ശ്രീ ലൂക്കോസ് പാറേട്ട് (USA),** ഉഴവൂരിൽ ഏപ്രിൽ 25-നു നടന്ന ഫൊറോനാതല കുടുംബസംഗമത്തിൽ പങ്കെടുത്ത 500 കുടുംബങ്ങളുടെ വിലാസവും, അവർക്ക് ഒരു വർഷത്തേക്കു 'സത്യജ്വാല' അയച്ചുകൊടുക്കുവാനുള്ള വരിസംഖ്യയും അയച്ചുതന്നിരിക്കുന്നു എന്ന് 'സത്യജ്വാല'യുടെ വായനക്കാരെയും അഭ്യുദയകാംക്ഷികളെയും സന്തോഷപൂർവ്വം അറിയിക്കുന്നു.

'സത്യജ്വാല'ക്ക് ഇത്രയും വലിയൊരു പ്രോത്സാഹനം നൽകിയ ശ്രീ ലൂക്കോസ് പാറേട്ടിനെ KCRM-ന്റെയും 'സത്യജ്വാല'യുടെയും നന്ദിയും കടപ്പാടും അറിയിക്കുന്നു.

# സിസ്റ്റർ ടീന – മറ്റൊരു ജോവാൻ ഓഫ് ആർക്ക്



**കെ.ജോർജ് ജോസഫ്**

**ജോ**വാൻ ഓഫ് ആർക്ക് – ദുർമന്ത്രവാദിനിയെന്നു മുദ്രകുത്തി കത്തോലിക്കാസഭ ചുട്ടുകൊല്ലുകയും പിന്നീട് അതേ സഭതന്നെ സി. അൽഫോൻസയെപ്പോലെ വിശുദ്ധയാക്കുകയും ചെയ്ത ഫ്രാൻസിലെ ധീരവനിത! സാഹചര്യം വ്യത്യസ്തമാണെങ്കിലും തന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഏതാണ്ട് അതേ നിലവാരത്തിൽ അനീതിക്കും അക്രമത്തിനുമെതിരെ പോരാടുകയും മറ്റൊരു അഭയയാകാതെ അത്ഭുതകരമായി രക്ഷപെടുകയും ചെയ്ത സന്ന്യാസിനിയാണ് സിസ്റ്റർ ടീന സി.എം.സി. അവരും ഞാറയ്ക്കൽ പ്രശ്നവുമായുള്ള ബന്ധം വ്യക്തമാക്കുന്നതിനുമുൻപ് അവരെ ഒന്നു പരിചയപ്പെടുത്താം.

ചേടത്തിയും അനിയത്തിയും മഠത്തിൽ ചേരാൻ വാശിപിടിച്ച്, ആദ്യം അനിയത്തിയും പിന്നീട് ചേടത്തിയും ഒരേ സന്ന്യാസസഭയിൽ അംഗമായതിൽ അനിയത്തിയാണ് സിസ്റ്റർ ടീന. ജ്യേഷ്ഠസഹോദരിയാണ് സിസ്റ്റർ ആനി ജെയ്സ്. സന്ന്യാസിനിയായശേഷം കുട്ടികൾക്ക് കരിയർ ഗൈഡൻസും പരിശീലനവും നൽകുന്ന സെന്റ് മേരീസ് വൊക്കേഷണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയായിരുന്നു സി. ടീനയ്ക്ക്, 1988 മുതൽ. പിന്നീട് അതിന്റെ കീഴിൽത്തന്നെയുള്ള സെന്റ് മേരീസ് പ്രസിന്റെ ചുമതലകൂടി കിട്ടി. കൂടാതെ, സെന്റ് അഗസ്റ്റിൻസ് അനാഥാലയത്തിന്റെ ചാർജും; ഒപ്പം അതിന്റെതന്നെ കീഴിലുള്ള എസ്റ്റേറ്റിന്റെ ചുമതലയും. ചേച്ചിയാകട്ടെ, അവിടെത്തന്നെയുള്ള സെന്റ് മേരീസ് ഹൈസ്കൂളിലെ അധ്യാപിക. ഈ സ്കൂളിന്റെ ഭാഗംതന്നെയാണ് വൊക്കേഷണൽ ട്രെയിനിങ് ഇൻസ്റ്റിസ്റ്റ്യൂട്ട്...

അങ്ങനെയിരിക്കെ 1992–ൽ ഒരു സംഭവമുണ്ടായി. 17 വയസുകാരിയായ ഒരു ഹിന്ദുപെൺകുട്ടി വീട്ടിൽനിന്ന് ഒളിച്ചോടി എറണാകുളത്തെത്തി. അവിടെ വെച്ച് ഒരു മുസ്ലീം യുവാവുമായി പരിചയപ്പെടുകയും അവനും കൂട്ടുകാരനുംകൂടി തേവര കോളെജിലെ അധ്യാപകനായ ഫാ. പൂണോലി സി.എം.ഐ. വഴി കുട്ടിയെ സെന്റ് അഗസ്റ്റിൻസ് അനാഥാലയത്തിൽ എത്തിക്കുകയും ചെയ്തു. ദിവസങ്ങൾ കടന്നുപോകവേ, പെൺകുട്ടിക്ക് അസ്വസ്ഥത. ചുമതലക്കാരിയായ സിസ്റ്റർ ടീന കുട്ടിയോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. സംശയം നിശ്ചയമായി – കുട്ടി ഗർഭിണിയാണ്. ഉത്തരവാദി മുസ്ലീം യുവാവാണ്. കൂട്ടുകാരനെ കണ്ടെത്തി ഉത്തരവാദിയായ മുസ്ലീം യുവാവിനെ പിടികൂടി.അവനോട് ലോഹ്യത്തിൽ പറഞ്ഞുനോക്കി. പയ്യൻ വഴങ്ങുന്നില്ല. പെൺകുട്ടിയും കഴിഞ്ഞതൊക്കെ ഓർമ്മിപ്പിച്ചു. പയ്യൻ അടുക്കുന്നില്ല. ശബ്ദമുയർന്നു. നാട്ടുകാരറിഞ്ഞു. ആളുകൂടി. പോലീസെത്തി.സ്റ്റേഷനിലെത്തി. പോലീസ് പെൺകുട്ടിയുടെ അമ്മയെ വിളിച്ചുവരുത്തി. കാര്യം സാധിക്കാൻ മതം തടസ്സമായില്ലെങ്കിലും അന്യമതത്തിൽപ്പെട്ട പെൺകുട്ടിയെ സ്വീകരിക്കാൻ പയ്യൻ തയ്യാറായില്ലത്രെ! ഒടുവിൽ അമ്മയുടെകൂടെ പെൺകുട്ടിയെ പോലീസ് പറഞ്ഞുവിട്ടു! മുൻപരിചയത്താൽ അമ്മ വഴിതെറ്റാതെ ആശുപത്രിയിലെത്തി പ്രശ്നപരിഹാരം നടത്തി.

പിന്നീടാണു കഥയുടെ സസ്പെൻസ്... പെൺകുട്ടിക്ക് സിസ്റ്റർ. ടീനയെ മതി! പോലീസിതാ, പെൺകുട്ടിയുമായി വീണ്ടും അനാഥാലയത്തിൽ! അല്ലെങ്കിൽ അവൾ വണ്ടിയിൽനിന്നു ചാടി ചാവുമത്രെ! പക്ഷേ അവളെ അനാഥാലയത്തിലെടുക്കാൻ മറ്റു സിസ്റ്റേഴ്സ് സമ്മതിക്കുന്നില്ല. ഗത്യന്തരമില്ലാതെ ടീന അവളെ മദർ തെരേസാ കോൺവെന്റിൽ ഏൽപ്പിച്ചു. പിന്നീട് കോടതിയിൽനിന്നു കടലാസെത്തുകയും പെൺകുട്ടിയെ കോടതിയിലെത്തിക്കേണ്ട ചുമതല വന്നുകൂടുകയും ചെയ്തപ്പോഴാണു താനൊരു ഊരാക്കുടുക്കിലാണ് അകപ്പെട്ടിരിക്കുന്നതെന്ന് സിസ്റ്റർ ടീന തിരിച്ചറിഞ്ഞത്. പോലീസിന്റെ പക്ഷപാതവും നിരുത്തരവാദിത്വവും കേസിന്റെ നൂലാമാലയും സി. ടീനയെ ഒരു തീരുമാനത്തിലെത്തിച്ചു – നിയമം പഠിക്കണം. അങ്ങനെ 1998–ൽ 47–ാം മത്തെ വയസിൽ സിസ്റ്റർ ടീന നിയമപഠനത്തിനു ചേർന്നു.

2002–ൽ പാസായി പുറത്തു വന്നപ്പോഴാണ് അടുത്ത പാര! തിങ്കളാഴ്ച സന്നതെടുക്കുന്നതിനായി ഫീസടച്ച് ഒരുങ്ങിയിരുന്ന സിസ്റ്റർ ടീനയെ ശനിയാഴ്ച വൈകിട്ട് നാലുമണിക്ക് അതിൽനിന്നു വിലക്കിക്കൊണ്ട് ബാർ കൗൺസിൽ അറിയിപ്പുനൽകി. കാരണം, സന്ന്യാസം ഒരു തൊഴിലാണ്. ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ വക്കീൽ പ്രാക്ടീസ് ചെയ്യാൻ പാടില്ല. കേസായി.... ടീന കേസ് ജയിക്കുകതന്നെ ചെയ്തു. (ഈ വിധിവഴി 6 പുരോഹിതർകൂടി രക്ഷപെട്ടു. ഈ കേസിന്റെ ക്രെഡിറ്റ് അതിലെ തോമസ് പുതുശ്ശേരി എന്ന

മിടുക്കൻ പുരോഹിതൻ തട്ടിയെടുത്തു എന്നതു വിധിവൈപരീത്യം) 2006 മെയ് 26-നു പ്രാക്റ്റീസാരംഭിച്ചു.

അതേ വർഷമാണല്ലോ, ഞാറയ്ക്കലിൽ സഭയുടെ വിമോചകൻ ഫാ. ആന്റണി ചിറപ്പണത്തിന്റെ രണ്ടാം വരവും സംഘർഷങ്ങളും; ഒടുവിൽ ചിറപ്പണത്തെ ഇടവകക്കാർ ഓടിക്കുന്നതും! ഇതിനിടയിൽ ചേച്ചി സിസ്റ്റർ ആനി ജെയ്സ് റിട്ടയർ ചെയ്തു. അവരെ ഞാറയ്ക്കൽ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പ്രിൻസിപ്പലായി സി.എം.സി. സഭ നിയമിച്ചു. തുടർന്ന് അവതീർണനായ ഫാ. കരിയാറ്റിയാണല്ലോ, സംഘർഷം മഠത്തിനുള്ളിലെത്തിച്ചത്.

2009 ആഗസ്റ്റ് 25-ലെ കോൺവെന്റ് ആക്രമണത്തിൽ സിസ്റ്റർ റെയ്സിക്ക് ഗുരുതരമായി പരിക്കേറ്റ വിവരമറിഞ്ഞ് എറണാകുളം പ്രോവിൻസിന്റെ എഡ്യുക്കേഷൻ കൗൺസിലറായ സിസ്റ്റർ ലീനാപോൾ ആവശ്യപ്പെട്ടതനുസരിച്ച് സിസ്റ്റർ ടീന എറണാകുളം ജനറൽ ആശുപത്രിയിൽ എത്തി സി.റെയ്സിയോട് വിവരങ്ങൾ ചോദിച്ചു മനസിലാക്കി. തന്റെ നിയമപരിജ്ഞാനം ഉപയോഗപ്പെടുത്തി, സ്വന്തം സഹോദരിമാർക്കുവേണ്ടി പൊരുതാൻ ടീന നിശ്ചയിച്ചു. പക്ഷേ, അതൊരു വലിയ തെറ്റാണെന്നും തന്റെ ജീവിതവും ജീവനുംവരെ വിലയായി നൽകേണ്ടിവരുമെന്നും അവർ വഴിയേ അനുഭവിച്ചറിഞ്ഞു. കേസിൽനിന്നു പിന്മാറണം എന്നാവശ്യപ്പെട്ട് മദർ ജനറൽമുതൽ മെത്രാൻവരെ വെറുതെ പറയുക മാത്രമല്ല, ഭീഷണിപ്പെടുത്തുകതന്നെ ചെയ്തു..

അതേക്കുറിച്ച് ടീന പറയുന്നു: 'രാപകൽ സമ്മർദ്ദവും ഭീഷണിയും... മദർ ജനറൽ സിസ്റ്റർ എഡ്വേർഡുമായി ഒരു ദിവസം വൈകിട്ട് ആറര മണിക്കു തുടങ്ങിയ ചർച്ച അർദ്ധരാത്രിയും കഴിഞ്ഞ് വെളുപ്പിനു 3 മണിയായതോടെ എനിക്കു തലചുറ്റൽ വരുന്നു... ഛർദ്ദിക്കാൻ വരുന്നു... ഞാൻ ജനറാളമ്മയോടു പറഞ്ഞു, എന്റെയമ്മേ, എനിക്കു വയ്യ, ഞാൻ ഒരിത്തിരിനേരം കിടക്കട്ടെ... ദിവസങ്ങളോളം ഞാൻ ഉറക്കമില്ലാതെ കിടന്നിട്ടുണ്ട്... സഭാധികൃതർക്ക് ഒന്നേ പറയാനുള്ളു- ഞാറക്കൽ സിസ്റ്റേഴ്സിനോട് കേസിൽനിന്നു പിന്മാറാൻ പറയൂ.... സ്കൂൾ നമുക്കു വേണ്ട. അതു വിട്ടുകൊടുക്കാൻ പറയൂ. ടീന പറഞ്ഞാലേ അവർ കേൾക്കൂ... ടീനയ്ക്ക് വേണ്ടതെന്താന്നുവെച്ചാൽ ചോദിച്ചോ... മോൾക്കു ഞങ്ങൾ തരാം... ഡിസ്പൻസേഷൻ ഞാൻ പിൻവലിക്കാം....'

എന്നാൽ, സ്വന്തം സഹോദരങ്ങളെ വഞ്ചിക്കാൻ ടീന തയാറായില്ല - മനുഷ്യത്വം മരവിക്കുന്ന തുടർസംഭവങ്ങൾ പിന്നാലെ .....

*ഫോൺ: 9496313963*

# ഉച്ചഭാഷിണികൾ ആരാധനാലയങ്ങളുടെ പരിധിയിൽ നിർത്തണം

*[2015 ഏപ്രിൽ 30-ലെ മാതൃഭൂമി പത്രത്തിൽ* ***ടി.ജി. ബേബിക്കുട്ടി*** *എഴുതിയ വാർത്താക്കുറിപ്പിൽനിന്ന്]*

തിരുവനന്തപുരം: ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകുന്ന ശബ്ദമലിനീകരണത്തിന് കടിഞ്ഞാണിടാൻ സംസ്ഥാനത്ത് നിയമം വരുന്നു. ആരാധനാലയങ്ങളിൽനിന്നുള്ള ശബ്ദം അവയുടെ പരിധിയിൽ നിർത്തണമെന്നതടക്കമുള്ള കർശന നിർദ്ദേശങ്ങളോടെ നിയമത്തിന്റെ കരട് തയ്യാറാക്കാൻ പരിസ്ഥിതി വകുപ്പ് നടപടി തുടങ്ങി.... ഉച്ചഭാഷിണികൾ ആരാധനാലയങ്ങളുടെ പരിധിക്കുള്ളിൽ പ്രവർത്തിപ്പിക്കണമെന്ന കോടതിവിധി നടപ്പാക്കാൻ ആഭ്യന്തരവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മതപരമായ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും ഉച്ചഭാഷിണികൾ അനിയന്ത്രിതമായി ഉപയോഗിക്കുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതിയും ഹൈക്കോടതിയും നൽകിയിട്ടുള്ള ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് നിർദ്ദേശം... ഇതനുസരിച്ച് ആരാധനാലയങ്ങളിൽനിന്നുള്ള ശബ്ദം അവയുടെ കോമ്പൗണ്ടിനുള്ളിൽ നിർത്തേണ്ടതുണ്ട്.

*-ഈ വിധി വളിരെ ആശ്വാസകരംതന്നെ. ഇതു നടപ്പായാൽ, കുട്ടികൾക്കു രാവിലെ എണീറ്റിരുന്നു വല്ലതും പഠിക്കാമല്ലോ; അല്ലെങ്കിൽ സ്വസ്ഥമായിക്കിടന്ന് അല്പം കൂടി ഉറങ്ങാമല്ലോ; പള്ളിപ്പെരുന്നാൾ/ഉത്സവങ്ങളിൽ, രാപകൽ ഒന്നു ഫോൺ വിളിക്കാൻപോലും വയ്യാത്ത ശബ്ദകോലാഹലം ഒഴിവായിക്കിട്ടുമല്ലോ...*

*പക്ഷേ, ഈ വിധി നടപ്പായിക്കിട്ടുമോ? സംശയിക്കണം. പുരോഹിതരെയും ഭക്തരെയും ഭയന്ന്, ഈ നിയമം നടപ്പാക്കുന്നതിൽനിന്ന് ഉത്തരവാദപ്പെട്ടവർ മാറിനിൽക്കാനാണു സാധ്യത. അവർക്കു ധൈര്യം കിട്ടണമെങ്കിൽ, ഈ നിയമം ലംഘിക്കപ്പെടുന്നിടത്തെല്ലാം അതിനെതിരെ ശബ്ദിക്കാനും പരാതികൾ നൽകാനും ആളുകളുണ്ടാകണം.* ■

കെ.സി.ആർ.എം. കുടുംബസംഗമം

# ‘ഇഴഞ്ഞിട്ടാണെങ്കിലും മുമ്പോട്ടുതന്നെ നീങ്ങുക’



**-റവ.ഡോ. ജെയിംസ് ഗുരുദാസ് സി.എം.ഐ.**

*[2015 മെയ് 30 ശനിയാഴ്ച രാവിലെ 10-ന് കെ.സി.ആർ.എം. കുടുംബസംഗമവും കൺവെൻഷനും ഉദ്ഘാടനം ചെയ്തുകൊണ്ട് ‘സ്നേഹവാണി മതസൗഹാർദ്ദകേന്ദ്രം’ ഡയറക്ടർ റവ. ഡോ. ജയിംസ് ഗുരുദാസ് നടത്തിയ പ്രബോധനത്തിന്റെ സംഗ്രഹം]*

സ്വാഗതപ്രസംഗകൻ KCRM സെക്രട്ടറി ശ്രീ. കെ.കെ ജോസ്, പുരോഹിതരെയും മെത്രാന്മാരെയും ‘അച്ച’നെന്നും ‘പിതാ’വെന്നും വിളിക്കുന്നത് ബൈബിൾ വിരുദ്ധമാണെന്നും കത്തനാരെന്ന വാക്കാണ് സമുചിതമെന്നും പറയുകയുണ്ടായി. അതിനോടു വിയോജിച്ചുകൊണ്ട് കത്തനാരെന്ന വാക്ക് ഇന്നു മനസ്സിലാക്കപ്പെടുന്നത്, ദേവദാസിയെന്ന വാക്ക് തേവിടിശ്ശിയായി മാറി ദുരർഥകമായതുപോലെയാകയാൽ, അത്ര സമുചിതമല്ലെന്ന് വൈസ്പ്രസിഡന്റ് പ്രൊഫ. ഇപ്പനും പറഞ്ഞു. സംബോധനയിൽ വലിയ കാര്യമില്ലെന്നും ബഹുമാനാദരവുകളോടുകൂടിയാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാരെയും നിധീരിക്കൽ മാണിക്കത്തനാരെയുംമറ്റും നാം കത്തനാരെന്നു വിളിക്കുന്നതെന്നും, കത്തനാരെന്നു വിളിക്കപ്പെടണമെന്നാഗ്രഹിക്കുന്ന നരിവേലിൽ മത്തായി കത്തനാരെപ്പോലുള്ള വൈദികർ ഇന്നും നമ്മുടെ സമുദായത്തിലുണ്ടെന്നുമാണ് എനിക്കു പറയാനുള്ളത്. ഇപ്പോൾ വൈദികനെ അച്ചനെന്നും കന്യാസ്ത്രീയെ അമ്മയെന്നും മെത്രാനെ പിതാവെന്നും സ്നേഹാദരങ്ങളോടെ നമുക്കു വിളിക്കാനാവുന്നുണ്ടോ എന്നും, ഇപ്പോഴത്തെ പല അച്ചന്മാരും അമ്മമാരും പിതാക്കന്മാരും ആദരവോടെയുള്ള ആ വിളി അർഹിക്കുന്നുണ്ടോ എന്നുമാണ് നാം ആലോചിക്കേണ്ടത്.

ഇവിടെ എത്തിയിട്ടുള്ളവരുടെ എണ്ണം കുറവാണ് എന്നതിൽ ആരും ഖേദിക്കേണ്ടതില്ല. മഹത്തായ പ്രസ്ഥാനങ്ങളൊന്നും ആരംഭദശയിൽ ജനക്കൂട്ടത്തെ ആകർഷിച്ചിരുന്നില്ല എന്നും ഇവിടെ എത്തിയിട്ടുള്ളവരുടെ ആത്മാർഥതയും അർപ്പണബുദ്ധിയുംതന്നെ ഈ പ്രസ്ഥാനത്തെ വിജയത്തിലേക്കു നയിക്കും എന്നുമാണ് എനിക്കു പറയാനുള്ളത്. ‘സത്യജ്വാല’ മാസിക പ്രസിദ്ധീകരിക്കുന്നതും അതു പ്രചരിപ്പിക്കുന്നതുംതന്നെ ഒരു വലിയ സഭാനവീകരണപ്രവർത്തനമാണ്. ഈ മാസിക വീട്ടമ്മമാർ വായിക്കാൻ തയ്യാറായാൽ ഇവിടെ ഉണ്ടാകുന്ന മാറ്റം നമുക്ക് വിഭാവനംചെയ്യാൻ കഴിയുന്നതിലും വളരെ വിപുലമായിരിക്കും. ഇന്നിവിടെ നടക്കുന്ന, ‘കുടുംബനവീകരണത്തിനായുള്ള ഫ്രാൻസീസ് പാപ്പായുടെ പരിശ്രമങ്ങൾ’, ‘സഭാജീവിതവും കുടുംബിനികളും’, ‘വിശ്വാസവളർച്ച പുതിയ തലമുറയിൽ’ എന്നീ വിഷയാവതരണങ്ങൾ സഭാനവീകരണം സംബന്ധിച്ച് വളരെ പ്രസക്തമാണ് എന്ന കാര്യത്തിൽ സംശയമില്ല.

ഞാൻ ഒരു പ്രഭാഷകനല്ല, പ്രബോധകനാണ്. KCRM എന്ന പ്രസ്ഥാനത്തിന് എനിക്കു നല്കാനാവുന്ന സേവനം, നിങ്ങൾക്ക് ഈ പ്രസ്ഥാനത്തിന്റെ സ്വഭാവത്തെയും ലക്ഷ്യത്തെയും മാർഗത്തെയുംപറ്റിയുണ്ടായിരിക്കേണ്ട ബോധ്യങ്ങൾ കൂടുതൽ വ്യക്തമാക്കുകയും ദൃഢമാക്കുകയുമാണെന്ന് ഞാൻ കരുതുന്നു.

എന്താണ് ഈ പ്രസ്ഥാനം? കത്തോലിക്കാസഭയിൽ നിലവിലുള്ള അക്രൈസ്തവമായ അടിമത്തത്തിൽനിന്നു വിമോചനം നേടാനായുള്ള ഒരു വിമോചനപ്രസ്ഥാനമാണിത്. ദൈവമക്കൾക്കെല്ലാവർക്കും ദൈവം നല്കിയിട്ടുള്ള സ്വാതന്ത്ര്യമാണ് ഇതിന്റെ ലക്ഷ്യം. പൗലോസ്ശ്ലീഹാ എഴുതിയിരിക്കുന്നു: “സ്വാതന്ത്ര്യത്തിലേക്കാണു ക്രിസ്തു നമ്മെ മോചിപ്പിച്ചിരിക്കുന്നത്. അതിനാൽ ഉറച്ചു നില്ക്കുക. അടിമത്തത്തിന്റെ നുകത്തിനുകീഴിൽ വീണ്ടും നിങ്ങൾ അമരരുത്” (ഗലാ 5: 1). എന്നാൽ, ഓരോരുത്തനും തനിക്കു തോന്നുന്നതെന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമല്ല, ക്രൈസ്തവമായ സ്വാതന്ത്ര്യം എന്നു നാം അറിഞ്ഞിരിക്കണം. അതേപ്പറ്റി അദ്ദേഹം ഇങ്ങനെ പ്രബോധിപ്പിച്ചിരിക്കുന്നു: “സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണു നിങ്ങളെ വിളിച്ചിരിക്കുന്നത്; എന്നാൽ ജഡത്തിന്റെ അഭിലാഷങ്ങൾക്കുവേണ്ടി ആ സ്വാതന്ത്ര്യം ഉപയോഗിക്കരുത്. മറിച്ച്, സ്നേഹത്തിലൂടെ അന്യോന്യം ദാസരായി വർത്തിക്കുക. നിന്നെപ്പോലെ നിന്റെ



# സഭയെന്ന കുടുംബം നവീകരിച്ചാലേ ക്രൈസ്തവകുടുംബങ്ങൾ നവീകരിക്കപ്പെടൂ



ഫാ. ഡേവീസ് കാച്ചപ്പിള്ളി

*[കെ.സി.ആർ.എം. കുടുംബസംഗമത്തിന്റെ ഭാഗമായി നടന്ന കൺവെൻഷനിൽ, 'കുടുംബനവീകരണത്തിനായുള്ള മാർപാപ്പായുടെ പരിശ്രമങ്ങൾ' എന്ന വിഷയമവതരിപ്പിച്ചു നടത്തിയ പ്രഭാഷണത്തിന്റെ ചുരുക്കം]*

**സ്വ**യം ഒരു മാതൃകകാണിച്ചുതന്നുകൊണ്ടാണ് കുടുംബനവീകരണത്തിനായുള്ള ഫ്രാൻസീസ് മാർ പ്പാപ്പായുടെ പ്രവർത്തനങ്ങൾ തുടങ്ങിയത്. 'ഞാൻ ഒരു പാപി'യാണെന്ന കുമ്പസാരമായിരുന്നു ആ തുടക്കം. അത് സഭയിലെ പുരോഹിതശ്രേണിയിൽപ്പെട്ട ഓരോരുത്തരും അനുകരിക്കണമെന്നും അങ്ങനെ സഭയെ നവീകരിച്ചുകൊണ്ടേ ക്രൈസ്തവകുടുംബങ്ങളുടെ നവീകരണം സാധ്യമാവൂ എന്നുമാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഇക്കാര്യം അദ്ദേഹത്തിന്റെ പ്രസ്താവനകൾ ചേർത്തു വായിക്കുമ്പോൾ നമുക്കു മനസ്സിലാകും. അവയിൽ കുറെയെണ്ണം ഇവിടെ ഉദ്ധരിക്കാനായി ഞാൻ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ, ഇവിടെയിരിക്കുന്നവരിൽ ഭൂരിപക്ഷവും 'സത്യജ്വാല'യുടെ വായനക്കാരാണ് എന്നറിയാവുന്നതിനാൽ ഞാൻ ആ സാഹസത്തിനു മുതിരുന്നില്ല. എന്നാൽ, കേരളത്തിലെ മെത്രാന്മാരും വൈദികരും ഇപ്പോഴും ഫരിസേയമനോഭാവം തുടരുന്നവരാണ് എന്ന വസ്തുത ആവർത്തിച്ചു പറയേണ്ടതുണ്ട്. തങ്ങളാരും പാപികളല്ലെന്നും അല്മായർ മാത്രമാണ് പാപികളെന്നുമാണ് അവരുടെ നിലപാട്. സ്വാഗത

---

അയൽക്കാരനെ സ്നഹിക്കുക എന്ന ഒറ്റവചനത്തിൽ നിയമം മുഴുവൻ അടങ്ങുന്നു" (ഗലാ 5:13-14). റോമാക്കാർക്കുള്ള ലേഖനത്തിലെ 13: 8 -10 വാക്യങ്ങളിൽ, സ്നേഹം എല്ലാ നിയമങ്ങളുടെയും പൂർത്തീകരണമാകുന്നതെങ്ങനെയെന്നു വിശദമാക്കുന്നുണ്ട്. മനുഷ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിനും സ്നേഹത്തിനും പരമ പ്രാധാന്യമാണുള്ളത്. കുമാരനാശാൻ നിരവധി കവിതകളിൽ ഇതുതന്നെ എഴുതിയിട്ടുണ്ട്. എല്ലാവരും ആനന്ദം ആഗ്രഹിക്കുന്നവരാണെന്ന ബോധ്യത്തോടെ പരസ്പരം സ്നേഹിക്കുന്നതാണ് സ്വാതന്ത്ര്യത്തിലേക്കുള്ള ക്രൈസ്തവമായ മാർഗം. നമ്മുടെ സഭാധികാരികൾ ഇതൊന്നും ശ്രദ്ധിക്കാതിരിക്കുന്നതിനെ ലജ്ജാകരമെന്നേ വിശേഷിപ്പിക്കാനാവൂ.

സഭ പറഞ്ഞാൽ പകൽ രാത്രിയാണെന്നു താൻ സമ്മതിക്കുമെന്നു പറഞ്ഞ ഇഗ്നേഷ്യസ് ലയോളയെയല്ല, ആരു പറഞ്ഞാലും അന്ധമായി യാതൊന്നും വിശ്വസിക്കരുതെന്നു പറഞ്ഞ ശ്രീബുദ്ധനെയാണ് യഥാർഥ ക്രിസ്ത്യാനി അനുകരിക്കേണ്ടത്. കെ.സി.ആർ.എം. ഈ മാതൃകയാണു സ്വീകരിച്ചിരിക്കുന്നതെന്നു കാണുന്നതിൽ സന്തോഷമുണ്ട്. സഭയിലെ 99 ശതമാനം പേരും ഇഗ്നേഷ്യസ് ലയോളയുടെ വഴിയിലൂടെ കണ്ണുമടച്ചു നീങ്ങുന്നവരാണ്. അവരുടെ കണ്ണുതുറപ്പിക്കുക എന്നത് മഹത്തായ കാര്യമാണ്. ഈ ദിശയിലുള്ള നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഇന്നു തടസ്സങ്ങളേറെയുണ്ട്. മുന്നോട്ടു നീങ്ങുക എളുപ്പമല്ല. മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞു: "സ്വാതന്ത്ര്യത്തിലേക്ക് ഓടുക. ഓടാൻ കഴിയുന്നില്ലെങ്കിൽ നടക്കുക. നടക്കാനും കഴിയുന്നില്ലെങ്കിൽ ഇഴയുക; ഇഴഞ്ഞിട്ടാണെങ്കിലും മുമ്പോട്ടുതന്നെ നീങ്ങുക." നിങ്ങളോടും ഞാൻ അതുതന്നെ പറയുന്നു; ഇഴഞ്ഞിട്ടാണെങ്കിലും മുന്നോട്ടു തന്നെ പോകുക! നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകളർപ്പിച്ചുകൊണ്ട്, ഈ കുടുംബസംഗമവും കൺവെൻഷനും ഞാൻ ഉദ്ഘാടനം ചെയ്യുന്നു.

ഫോൺ; 9447567486 ■

പ്രസംഗകനും ഉദ്ഘാടകനും ചൂണ്ടിക്കാണിച്ചതു പോലെ അച്ചനെന്നോ പിതാവെന്നോ വിളിക്കപ്പെടാൻ യാതൊരു യോഗ്യതയുമില്ലാത്ത ഒരു പുരോഹിതവൃന്ദമാണ് ഇന്നു കേരളത്തിലുള്ളത്.

സി.എം.ഐ.സഭയുടെ സ്വന്തം സ്ഥലത്ത്, സ്വന്തം പള്ളിയിൽ, ഇടവകയായി പ്രവർത്തിച്ചിരുന്ന, ഞാൻ വികാരിയായിരുന്ന തലോർ ഇടവകയെ വിശ്വാസികളുടെയോ പൊതുയോഗത്തിന്റെയോ അംഗീകാരം നേടാതെ രൂപതവകയാക്കിക്കൊണ്ട് 5000-ലധികം വരുന്ന വിശ്വാസികളെ ഭിന്നിപ്പിച്ച തൃശൂർ രൂപതാമെത്രാൻ മാർപ്പാപ്പായുടെ വാക്കുകളെ ഒട്ടുംതന്നെ പരിഗണിക്കുന്നില്ല. കാലിത്തൊഴുത്തിൽ പിറന്ന യേശുവിന്റെ ജന്മദിനം ലോകറിക്കാർഡുണ്ടാക്കാനായി 'ബോൺ നത്താലെ' എന്ന പേരിൽ ആർഭാടപൂർവം ആഘോഷിച്ചയാളാണ് അദ്ദേഹം. ഇടവകാംഗത്തിന്റെ കുട്ടിക്ക് ആദ്യ കുർബാന കൊടുക്കണമെങ്കിൽ വൻതുക സംഭാവന നല്കണമെന്നാവശ്യപ്പെട്ട വികാരിക്ക് പിന്തുണ നല്കിയയാൾ. ഞാറയ്ക്കൽ സ്കൂൾ സ്വന്തമാക്കാൻ ശ്രമിച്ച മെത്രാനും മാർപ്പാപ്പായെ അനുസരിക്കാൻ തയ്യാറല്ല. ഇവരെല്ലാം കോടതിയിൽ വിശ്വാസികൾ കൊടുക്കുന്ന കേസുകളിൽ നിരന്തരം പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. ധനത്തോടും ആഡംബരത്തോടും പ്രശസ്തിയോടും അധികാരത്തോടും ആർത്തികാണിക്കുന്നവർക്ക് എങ്ങനെ ക്രിസ്തുവിന്റെയും ഫ്രാൻസീസ് മാർപ്പാപ്പായുടെയും മാതൃക അനുകരിക്കാനാവും? മെത്രാന്മാരും വൈദികരും നല്ല മാതൃകകളാകാതിരിക്കുന്നിടത്ത് കുടുംബങ്ങളിൽ എങ്ങനെ നവീകരണമുണ്ടാക്കാനാവും?

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമുൾക്കൊണ്ട് നമ്മുടെ മാർപ്പാപ്പാ ചെയ്തു കാണിച്ചുതരുന്ന മാതൃകകൾ ശ്രദ്ധേയമാണ്. ഒരു വിധവയ്ക്ക് അവിഹിതഗർഭത്തിൽ ജനിച്ച കുഞ്ഞിന് അവരുടെ ആഗ്രഹമനുസരിച്ച് മാമോദീസാ കൊടുക്കാൻ മാർപ്പാപ്പാ നേരിട്ട് കാണിച്ച സന്നദ്ധത ഏറ്റവും വലിയൊരു മാതൃകയാണ്. താൻ ഒരു പാപിയാണെന്ന് ഏറ്റുപറഞ്ഞ മാർപ്പാപ്പാ ഇവിടെ ചെയ്തത് പാപികൾക്ക് പാപം ചെയ്യുന്നവരെ കല്ലെറിയാൻ അർഹതയില്ല എന്ന ക്രിസ്തുവിന്റെ നിലപാട് ശരിവയ്ക്കുക കൂടിയാണ്. നമ്മുടെ സഭാധികാരികളിൽ ഈ മനഃസ്ഥിതിയുള്ള ആരെങ്കിലുമുണ്ടോ?

മാർപ്പാപ്പാ മാത്രമല്ല, സഭാനിയമങ്ങൾ വ്യക്തമാക്കിയിട്ടുള്ളതും വിശ്വാസികളുടെ കൂട്ടായ്മയാണ് സഭയെന്നും, അതിന്റെ തീരുമാനമേ വൈദികരും മെത്രാന്മാരും നടപ്പിലാക്കാൻ പാടുള്ളു എന്നുമാണ്. ഇതിനെ ലംഘിക്കുന്നത് മഹാപാപമാണ്. ആ മഹാപാപം ചെയ്തുകൊണ്ടിരിക്കുന്ന സഭാധികാരികളെ തിരുത്താൻ നാം ചെയ്തുകൊണ്ടിരിക്കുന്ന ഏതു ശ്രമവും ശ്ലാഘനീയമാണ്.

കെ.സി.ആർ.എം. ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, ആത്യന്തികമായി സഭയെന്ന മഹാകുടുംബത്തെ നവീകരിക്കാനുള്ള ഫ്രാൻസീസ് മാർപ്പാപ്പായുടെ പ്രവർത്തനങ്ങളോടു ചേർന്നു പോകുന്നവയാണ്. ഇവിടെയിരിക്കുന്നവർ ഓരോരുത്തരും കേരളത്തിലെ 99 ശതമാനം വൈദികരെയും മെത്രാന്മാരെയുംകാൾ സഭാനവീകരണത്തിൽ അർപ്പണബോധം ഉള്ളവരാണ്, എന്റെ വാക്കുകൾ മറ്റാരെയുംകാൾ ഉൾക്കൊള്ളുന്നവരാണ്. അതാണ് വലിയ ആൾക്കൂട്ടമൊന്നും ഉണ്ടാവില്ലെന്ന് അറിയാമായിരുന്നിട്ടും കോഴിക്കോട്ടുനിന്നും കഷ്ടപ്പെട്ട് ഇവിടെ വരാൻ എന്നെ പ്രേരിപ്പിച്ചത്.നിങ്ങൾ സഭയിൽ ചെയ്തുകൊണ്ടിരിക്കുന്നത് തീർച്ചയായും വലിയ കാര്യങ്ങളാണ്. അതിനെല്ലാം എന്റെ പിന്തുണ എന്നുമുണ്ടായിരിക്കും. യേശുവചനങ്ങളും ഫ്രാൻസീസ് മാർപാപ്പായുടെ വാക്കുകളും നമ്മുടെ വഴികളിൽ വെളിച്ചം വീശട്ടെ!

*ഫോൺ: 9497179433* ■

*(19-ാം പേജിൽനിന്നു തുടർച്ച...)*

കഴിഞ്ഞില്ല. അദ്ദേഹം അന്വേഷിച്ചപ്പോൾ, ഇയാൾക്ക് രക്തംകൊടുത്തത് വടവാതൂർ സെമിനാരിയിലെ കുറെ വൈദികവിദ്യാർത്ഥികളായിരുന്നു എന്നറിഞ്ഞു. ക്ഷുഭിതനായ വികാരി പിറ്റേ ഞായറാഴ്ച ഇദ്ദേഹം പള്ളിയിൽ വന്നപ്പോൾ കുർബാന കൊടുത്തില്ലെന്നു മാത്രമല്ല, ക്നാനായ രക്തശുദ്ധി നഷ്ടപ്പെട്ട ഇയാൾ മറ്റേതെങ്കിലും പള്ളിയിൽ പോകണമെന്ന് താക്കീതുചെയ്യുകയുംചെയ്തു. രോഗിയുടെ ബന്ധുവും ഡോക്ടറുടെ സുഹൃത്തുമായ ഒരു ക്നാനായ ഡോക്ടറിൽനിന്നാണ് അദ്ദേഹം അറിഞ്ഞത്.

ചിന്തയിൽ നിന്നുണർന്ന ഡോക്ടർ ബ്ലഡ് ബാങ്കിൽനിന്ന് മുൻപറഞ്ഞ അധ്യാപകനു രക്തം കൊടുത്തതാരാണെന്ന് അന്വേഷിച്ചു. അപ്പോഴാണ് കാര്യങ്ങളുടെ കിടപ്പ് അദ്ദേഹത്തിനു മനസ്സിലായത്. കോട്ടയം രൂപതയിലെ എസ്.എച്ച്. മൗണ്ടിലുള്ള സെമിനാരിയിലെ വൈദികവിദ്യാർത്ഥികളായിരുന്നുവത്രെ, അദ്ദേഹത്തിനു രക്തം നൽകിയത്.

ഡോക്ടർ രക്തമാറ്റംനടത്തിയ അധ്യാപകന്റെ വീട്ടുകാരെ തന്റെ നിസ്സഹായത അറിയിച്ചു. അതിനുശേഷം അവരോട് ഇങ്ങനെ ഉപദേശിച്ചു: "രക്തം സ്വീകരിക്കുന്നവരുടെ വീട്ടുകാർ അത് ആരുടേതാണെന്ന് അറിഞ്ഞിരിക്കണം; പ്രത്യേകിച്ച് കോട്ടയം ഭാഗത്തുള്ള ആശുപത്രികളെ ആശ്രയിക്കുമ്പോൾ".

*ഫോൺ: 9288046925* ■

*(36-ാം പേജിൽനിന്നു തുടർച്ച)*

ആമുഖത്തിൽ പരിചയപ്പെടുത്തിയ സുഭദ്ര യെപ്പോലെ ധീരയാണ് കുടുംബിനികൾക്കു ക്ലാസെടുക്കാൻ വന്ന ശ്രീമതി മേരി ജോൺ ടീച്ചർ. അവർ തന്റെ മൃതദേഹം മെഡിക്കൽ കോളേജിനു ദാനം ചെയ്ത് എഴുതിവച്ചി രിക്കുകയാണ്. മകൾക്കു സീതയെന്നു പേരിട്ടതി ന്റെപേരിൽ താൻ പഠിപ്പിച്ചിരുന്ന വിദ്യാലയത്തിൽ ആ കുട്ടിക്കു പ്രവേശനം നിഷേധിച്ച അനുഭവം അവർ അനുസ്മരിച്ചു. അവസാനം ഒരു ക്രിസ്ത്യൻ പേര് ഇടയ്ക്കു കയറ്റി അഡ്മിഷൻ കൊടുത്തു. ആ സീത ഇന്ന് അമേരിക്കയിലെ അസി സ്റ്റന്റ് അറ്റോർണി ജനറലാണ്. മേപ്പടി വിദ്യാലയത്തിലെ കന്യാസ്ത്രീകൾ ഇന്ന് മേരി ജോൺ ടീച്ചറിന്റെ പുറകേ നടക്കുകയാണ്, സീതയ്ക്കു പൂർവ്വവിദ്യാലയത്തിൽ സ്വീകരണം കൊടുക്കാൻ! തങ്ങളുടെ സ്കൂളുകളിൽ ഡൊ ണേഷൻ തന്നു പഠിച്ചാൽ അത്യുന്നത പദവി യിലെത്തുമെന്ന് അജ്ഞസമൂഹത്തെ തെറ്റിദ്ധരി പ്പിക്കാമല്ലോ? തന്നെ ഒരുപാടു കരിസ്മാറ്റിക് പേക്കൂത്തുകൾകൊണ്ടു പേടിപ്പിച്ച മാതൃവിദ്യാ ലയത്തെക്കുറിച്ച് ഓർക്കുമ്പോഴേ സീത, രാവ ണനെ കണ്ട സാക്ഷാൽ സീതയെപ്പോലെ, ഞെട്ടി വിറയ്ക്കുന്നു. സീത എങ്ങനെ അവിടെ പോകും?

അച്ചന്മാരെയും മെത്രാന്മാരെയും അന്ധമായി പിന്തുടരുന്ന രീതി സ്ത്രീകൾക്കു കൂടുതലുണ്ടെ ന്നും, അതു കുടുംബത്തിനു വലിയ ദോഷമുണ്ടാ ക്കുമെന്നും അവർ സ്ത്രീകളോടായി പറഞ്ഞു. അതുപോലെതന്നെ, കുടുംബത്തിൽ ഭാര്യയോ ടും കുട്ടികളോടും എങ്ങനെ പെരുമാറണമെന്ന് അവർ വിശദീകരിച്ചത് പുരുഷന്മാർക്കും പാഠമായി.

'ഒരു കത്തോലിക്കാ ദൈവമില്ല' എന്ന ഫ്രാൻ സീസ് മാർപാപ്പായുടെ കാഴ്ചപ്പാടിനോടു നീതിപുലർത്താൻ ഇപ്പൻ ഒരു ശിവസ്തുതി ആലപിച്ചു. റെജി ഞള്ളാനിയുടെ മകൾ അതുല്യാ റോസ് ഒരു ഇംഗ്ലീഷ് കവിത അതി മനോഹരമായി ആലപിച്ചു. ശ്രീ റെജി ഞള്ളാനി, സമയ പരിമിതിമൂലം, 'വിശ്വാ സവളർച്ച പുതിയ തലമുറയിൽ' എന്ന വിഷയം വളരെ ഹ്രസ്വമായാണ് അവതരി പ്പിച്ചത്. തുടർന്ന്, സംഘടനാപ്രവർത്ത നങ്ങളെക്കുറിച്ചുയർന്ന ചോദ്യങ്ങൾക്ക് മറുപടിയായി ഫാ.ജോർജ് കണിയാര ശ്ശേരിയുടെ 40 ലക്ഷത്തോളം രൂപാ കബളിപ്പിച്ചെടുത്ത വൈദികനെ തിരെയുള്ള നടപടികൾ KCRM-ന്റെയും KCRM-Priests and ExPriests - Nuns Association-ന്റെയും നേതൃത്വത്തിൽ ഉടൻ ആരംഭിക്കുമെന്നും,'KCRM- ക്നാനായ ഫ്രീഡം മൂവ്മെന്റി'ന്റെ ശാക്തീകരണപ്രവർത്തനത്തിനു തുടക്കം കുറിച്ചുകഴിഞ്ഞുവെന്നും അദ്ദേഹം അറിയിച്ചു.



*ഫാ.ഡേവിസ് കാച്ചപ്പിള്ളി,*



*റവ.ഡോ.ജെയിംസ് ഗുരുദാസ്,*



*മിസ്സിസ് മേരി ജോൺ*

മനുഷ്യനെ ആത്മദർശനത്തിലേക്കും ദൈവ ദർശനത്തിലേക്കും നയിക്കുന്ന ഒരു മനോസാ ധനയോടെ രാവിലെ 10-നായിരുന്നു കുടുംബ സംഗമത്തിന്റെ തുടക്കം. KCRM പ്രസിഡന്റ് ശ്രീ കെ.ജോർജ് ജോസഫിന്റെയും, പിന്നീടുണ്ടായ അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസി ഡന്റ് പ്രൊഫ. ഇപ്പന്റെയും അദ്ധ്യക്ഷതയിൽ നടന്ന പരിപാടിക്ക് ജന.സെക്രട്ടറി ശ്രീ കെ.കെ. ജോസ് സ്വാഗതവും, മുൻ പ്രസിഡന്റ് ശ്രീ മാത്യു എം. തറക്കുന്നേൽ കൃതജ്ഞതയും പറഞ്ഞു. 4 pm-ന് പരിപാടി കാപ്പിയോടെ സമാപിച്ചു.

'പെണ്ണുങ്ങളുടെ കൊറ' എന്ന 'വലിയ കൊറ'കൂടി ഇല്ലായിരുന്നെങ്കിൽ ഗംഭീരം എന്നു വിശേഷിപ്പിക്കാമായിരുന്ന ഒന്നായിരുന്നു, ഈ പരിപാടി.



Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-06-2015

June 2015
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2014-16
Licence No. KL/CR/KTM/WPP-10/2014-16
Licensed to Post Without Prepayment.

# 'പെണ്ണുങ്ങളില്ലാത്ത കൊറ വലിയ കൊറ'

**ഇപ്പൻ**

**സി.**വി.യുടെ 'മാർത്താണ്ഡവർമ്മ'യിലെ ചന്ത്രക്കാരൻ എന്ന കഥാപാത്രത്തെ അനുകരിച്ചുകൊണ്ടു പറയട്ടെ: 'പെണ്ണുങ്ങളില്ലാത്ത കൊറ വലിയ കൊറ'. ചന്ത്രക്കാറൻ പറഞ്ഞത് 'ആണുങ്ങളില്ലാത്ത കൊറ വലിയ കൊറ' എന്നായിരുന്നു. കെ.സി.ആർ.എമ്മിന്റെ കുടുംബസംഗമം കുടുംബിനീശുഷ്കമായിരുന്നു എന്ന തിക്തസത്യമാണ് ഈ ലേഖകനെക്കൊണ്ട് ഇങ്ങനെ പറയിച്ചത്.



ഒന്നോർത്താൽ മെത്രാന്മാരെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. 'കുഞ്ഞാടു'കളുടെ അജ്ഞതയും ഭീരുത്വവുംമാത്രമാണ് അവരുടെ അടിമത്തഹേതു. 'മാർത്താണ്ഡവർമ്മ'യിലെതന്നെ ഉജ്ജ്വല കഥാപാത്രമായ സുഭദ്രയുടെ ധീരതയും ബുദ്ധിശക്തിയുമുള്ള അമ്മമാർക്കേ പ്രതികരണശേഷിയുള്ള പുതിയ തലമുറയെ വാർത്തെടുക്കാനാവൂ.

സ്വന്തം പിതാവിന്റെ ചരമദിനത്തിൽപോലും ഭാഗഭാക്കാകാനുള്ള ആരോഗ്യാനുകൂല്യം തനിക്കുണ്ടായില്ലെന്നും, കെ.സി.ആർ.എം-ന്റെ കുടുംബസംഗമത്തിനു താൻ എത്തിയത് ഈ സംഘടനയും 'സത്യജ്വാല'യും ചരിത്രത്തിൽ സന്ദർഭോചിതമായും സഫലമായും ഇടപെടുന്നതുകണ്ടുള്ള സന്തോഷാതിരേകംകൊണ്ടാണെന്നും ഉദ്ഘാടകനായ ഗുരുദാസച്ചൻ പറഞ്ഞു. എന്തു തോന്നിയവാസവും ചെയ്യാനുള്ള ലൈസൻസായി സ്വാതന്ത്ര്യത്തെ തെറ്റിദ്ധരിക്കരുതെന്നും ലോകത്തിന്റെ



*കുമാരി അതുല്യാ റോസ് റെജി* ദീപം തെളിക്കുന്നു.

ആത്യന്തികമായ നന്മയെ ലാക്കാക്കി ചിന്തിക്കാനും സംസാരിക്കാനും എഴുതാനും പ്രവർത്തിക്കാനുമുള്ള അവകാശമാണതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അനന്തരതലമുറ സ്വതന്ത്രമാകണമെങ്കിൽ സ്വതന്ത്രമായ അന്തരീക്ഷം കുടുംബങ്ങളിൽ ഉണ്ടായിരിക്കണം. മനുഷ്യനെ അദൃശ്യങ്ങളായ നൂറായിരം ചങ്ങലകൾകൊണ്ടു ബന്ധിക്കുന്ന സംഘടിതമതങ്ങളിൽനിന്നുള്ള മോചനം നമ്മെ യേശുവിന്റെ ദൈവരാജ്യത്തെത്തിക്കും, അദ്ദേഹം പറഞ്ഞു. തുടർന്ന്, അദ്ദേഹം തന്റെ'തട്ടിൻപുറത്തെ ദൈവം' എന്ന ചിന്തോദ്ദീപകമായ സരസകവിത നാടകീയസുഭഗമായി അവതരിപ്പിച്ചു.

കുഞ്ഞാടുകളെ ചെന്നായ്ക്കളിൽനിന്നും രക്ഷിക്കേണ്ട വേലിയാണ് മെത്രാന്മാരും പുരോഹിതന്മാരുമെന്നും, എന്നാൽ ഇന്നു വേലിതന്നെ വിളവു തിന്നുന്ന ദുരവസ്ഥ സംജാതമായിരിക്കുന്നുവെന്നും കാച്ചപ്പിള്ളി അച്ചൻ പറഞ്ഞു. ഫ്രാൻസീസ് മാർപ്പാപ്പായുടെ മനോവാക്കർമ്മങ്ങളെ നിസ്തുലം പിന്തുടരുന്ന അച്ചൻ പാപ്പായെ പല തവണ ഉദ്ധരിച്ചു. വിമർശകരാണു സഭയെ സ്നേഹിക്കുന്നതെന്നും വിമർശകരെയാണ് സഭാമാതാവാവശ്യപ്പെടുന്നതെന്നുമുള്ള പാപ്പായുടെ പരാമർശം പങ്കുവെച്ചശേഷം, കെ.സി.ആർ.എമ്മും 'സത്യജ്വാല'യും ഈ ധർമ്മം പ്രശംസാർഹമാംവിധം നിർവ്വഹിക്കുന്നതുകൊണ്ടാണ് താൻ കടലുണ്ടിയിൽനിന്നും ഇത്ര ദൂരം യാത്രചെയ്ത് പാലായിലെത്തിയതെന്നദ്ദേഹം പറഞ്ഞു. രണ്ടാം വത്തിക്കാൻ കൗൺസിൽ അരമനകളുടെ ഉരപ്പുരകളിൽ പ്രവർത്തിക്കുന്ന അല്മായസംഘടനകളെയല്ല, കെ.സി.ആർ.എം.പോലുള്ള സ്വതന്ത്ര സംഘടനകളെയാണ് ശിപാർശ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

*(ശേഷം പേജ് 35-ൽ)*

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement' (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.